# നിങ്ങൾക്കും വലിയവനാകാം

റ്റി.എസ്.ബാലൻ



# നിങ്ങൾക്കും വലിയവനാകാം

## റ്റി.എസ്.ബാലൻ

**ഡിഫെൻഡറിൽ 2009 ഡിസംബർ 16 ലക്കം മുതൽ 2010 ആഗസ്റ്റ് 1 വരെ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ സമാഹാരമാണിത്. ഈ സമാഹാരവും റ്റി.എസ്.ബാലന്റെ മറ്റു പുസ്തകങ്ങളും www.tsbalan.com/books എന്ന ലിങ്കിൽ നിന്നു ഡൗൺലോഡ് ചെയ്യാവുന്നതാണ്.**

**Email: tsbalan@yahoo.com Phone: 9656432921 Website: www.tsbalan.com**

## ഡിഫെൻഡർ - 2009 ഡിസംബർ 16

നിങ്ങൾക്കും ആത്മീയലോകത്തു വലിയവനാകാം. ലോകമറിയുന്ന പ്രസംഗകനാകാം. പ്രവാചകനും രോഗശാന്തിക്കാരനുമാകാം. ഉലകം മുഴുവൻ ചുറ്റിയടിക്കാം. കൊട്ടാരം പോലുള്ള വീട്, ആഡംബര കാർ, കോടികളുടെ ബാങ്ക് ബാലൻസ് തുടങ്ങിയതൊക്കെ ഉണ്ടാക്കാം. പക്ഷേ ഒരു കണ്ടീഷൻ: നിങ്ങൾ ദൈവത്തെ മറക്കണം. അടവുകൾ പതിനെട്ടും പയറ്റാൻ തയ്യാറാകണം. എന്താ, ഒരുക്കമാണോ? ആണെങ്കിൽ ഇതാ സമൃദ്ധിയുടെ ഒരു ലോകം നിങ്ങൾക്കായി കാത്തിരിക്കുന്നു. തമാശ പറയുകയാണെന്നു ധരിക്കരുത്. സംഗതി സത്യമാണ്. ഏതു നിരക്ഷര കുക്ഷിക്കും ഇതൊക്കെ നേടാം.

കെ.സി.ജോൺ എങ്ങനെയാണ് ഐ.പി.സിയുടെ പ്രസിഡന്റു വരെ ആയത്? ആത്മീയതയുടെ കൂടുതലുകൊണ്ടാണോ? അല്ലെന്ന് ഏവർക്കും അറിയാമല്ലോ. സുരേഷ് ബാബു എന്ന വ്യഭിചാരി ലോകമറിയുന്ന രോഗശാന്തിവീരനായതെങ്ങനെ? കെ.എ.ഏബ്രഹാമും അനുജനും അത്യുഗ്രൻ പ്രസംഗകരായതെങ്ങനെ? എന്തിനേറെ, സാമച്ചനും തങ്കുവും മുല്ലക്കരയും ഇത്ര വളർന്നതെങ്ങനെ? ഇതൊക്കെ നിങ്ങൾക്കും സാധിക്കുന്ന കാര്യമാണ്. അതിനുള്ള മാർഗ്ഗങ്ങളാണു പഠിപ്പിക്കാൻ പോകുന്നത്.

നിരവധി ലക്കങ്ങൾ നീളുന്ന ഒരു ലേഖന പരമ്പരയാണിത്. അതുകൊണ്ടു പ്രാരംഭത്തിൽ തന്നെ ചില വസ്തുതകൾ വ്യക്തമാക്കുകയാണ്. വീണ്ടും ജനനം പ്രാപിച്ചവർക്കുവേണ്ടിയുള്ളതല്ല ഈ ലേഖന പരമ്പര. ദൈവവുമായി ഒരു ബന്ധവുമില്ലാത്തവർക്കു മാത്രമേ ഈ പരമ്പരയിൽ വിവരിക്കുന്ന മാർഗ്ഗങ്ങൾ ഉപയുക്തമാകൂ. പക്ഷേ ദൈവമക്കൾക്കും ഈ ലേഖനം പ്രയോജനം ചെയ്യും. കാരണം, സാത്താന്റെ ദാസൻമാർ എങ്ങനെയാണ് ആത്മീയതയുടെ മറവിൽ ജനവഞ്ചന നടത്തുന്നതെന്നു മനസ്സിലാക്കാൻ ഈ ലേഖനം സഹായകമാകും. അങ്ങനെ സാത്താന്യ തന്ത്രങ്ങളെ തിരിച്ചറിയാനും വ്യാജൻമാരിൽ നിന്നു രക്ഷപ്പെടാനും ഇതുമൂലം സാധിക്കും.

കത്തോലിക്കാ സഭയിലെ അച്ചനാകണമെങ്കിൽ ഒരു ദശാബ്ദത്തിലധികം കാലം സെമിനാരിയിൽ പഠിക്കണം. വിവാഹം, കുടുംബം തുടങ്ങിയതൊന്നുമില്ലാതെ ജീവിക്കണം. ഇതര ക്രൈസ്തവ സമുദായങ്ങളിലെ പുരോഹിതനാകുന്നതും ബുദ്ധിമുട്ടുള്ള കാര്യം തന്നെ. ബി.ഡി. ഡിഗ്രിയെങ്കിലുമില്ലാത്തവരെ ഇപ്പോൾ പുരോഹിതരാക്കാറില്ല. എന്നാൽ പെന്തക്കോസ്തിൽ ഇതൊന്നും വേണ്ട. പാന്റോ (മുണ്ടോ) ധരിച്ച് ഫുൾക്കൈ ഷർട്ടിട്ട് വേദപുസ്തകവുമെടുത്തിറങ്ങിയാൽ പാസ്റ്ററായി. സുഖമേ മായം.

നിങ്ങൾ ഏതെങ്കിലും ഒരു പെന്തക്കോസ്ത് സഭയിൽ അംഗമാകുകയാണ് ആദ്യം ചെയ്യേണ്ടത്. ഐ.പി.സി ആയാൽ ഏറെ നല്ലത്. ചെറിയ സഭകളിലുള്ളവർ എത്രയും വേഗം ഐ.പി.സിയിൽ അംഗമാകുക. ഏറ്റവും അധികം സഭകളുള്ളത് ഐ.പി.സിക്കാണ് എന്നതുതന്നെ കാരണം. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു എന്നു പറഞ്ഞാൽ സ്നാനപ്പെടാം. അതോടെ പ്രാദേശിക സഭയിൽ അംഗമാകും. ഏതാനും മാസം അടങ്ങിയിരുന്നു കാര്യങ്ങളൊക്കെ കണ്ടു പഠിക്കണം. അതു കഴിഞ്ഞു മാത്രമേ ശുശ്രൂഷയുമായി ഇറങ്ങാവൂ.

ശുശ്രൂഷക്ക് ഇറങ്ങുന്നവർക്കെല്ലാം പറയാൻ നല്ല ഒരു സാക്ഷ്യം വേണം. പെന്തക്കോസ്തിനെ എതിർത്തു നടന്നു, മദ്യത്തിനും മയക്കുമരുന്നിനും അടിമയായി ജീവിച്ചു, ഒടുവിൽ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു പരാജയപ്പെട്ടു, അപ്പോൾ കർത്താവു നേരിട്ടു പ്രത്യക്ഷനായി, തുടങ്ങി പറയാവുന്നത്ര കള്ളങ്ങൾ സാക്ഷ്യത്തിൽ ഉണ്ടായിരിക്കണം. കർത്താവിന്റെ വാക്കു കേട്ടു സ്നാനപ്പെട്ടതോടെ ബന്ധുമിത്രാദികൾ, മറ്റു സുവിശേഷ വിരോധികൾ തുടങ്ങിയവർ എതിർപ്പുമായി രംഗത്തുവന്നു. തുടർന്ന് അടി, ഇടി, വെടി, ചവിട്ട്, പട്ടിണി തുടങ്ങിയതൊക്കെ അനുഭവിച്ചു. കേൾക്കുന്നവരുടെ കരളലിയാൻ വേണ്ടതൊക്കെ സാക്ഷ്യത്തിലുണ്ടായിരിക്കണം.

കള്ളസാക്ഷ്യമുണ്ടാക്കുമ്പോൾ നസീല ബീവി, സുരേഷ് ബാബു തുടങ്ങിയവർക്കു പറ്റിയ അബദ്ധങ്ങൾ പറ്റാതിരിക്കാൻ ശ്രദ്ധിക്കണം. സാമാന്യ ബുദ്ധിക്കു നിരക്കാത്ത കാര്യങ്ങൾ വരെ നസീല ബീവി പറ

ഞ്ഞു. അവരുടെ സാക്ഷ്യം കള്ളസാക്ഷ്യമാണെന്നു സംശയമുദിക്കാൻ ഇതു കാരണമായി. സുരേഷിനു പറ്റിയതും ഇതൊക്കെത്തന്നെ. തമിഴ്നാട് സർക്കാർ നടത്തുന്ന എൻട്രൻസ് പരീക്ഷ പാസ്സായി മദ്രാസ്സ് ഐ.ഐ.റ്റിയിൽ അഡ്മിഷൻ നേടി എന്നു പറഞ്ഞതാണു സുരേഷിനു വിനയായത്. ഐ.ഐ.റ്റിയിൽ അഡ്മിഷൻ ലഭിക്കാൻ സംസ്ഥാന സർക്കാരുകൾ നടത്തുന്ന പ്രവേശന പരീക്ഷ എഴുതിയാൽ പോരാ ജെ.ഈ.ഈ എഴുതണം. സുരേഷിന് ഇതറിഞ്ഞുകൂടായിരുന്നു.

ആർക്കും പിടികൂടാനാവാത്ത കള്ളങ്ങൾ പറയുക എന്നത് എളുപ്പമാണ്. ഉദാഹരണത്തിനു സാമച്ചൻ പറയുന്ന കള്ളങ്ങൾ ശ്രദ്ധിക്കുക. ഷാർജയിലെ ഷേക്ക്, ശ്രീലങ്കൻ പ്രസിഡന്റ് തുടങ്ങിയവരൊക്കെ പ്രാധാന തീരുമാനങ്ങളെടുക്കുന്നത് സാമച്ചനോടു ചോദിച്ചിട്ടാണത്രേ. ഈ പറയുന്നതു കള്ളമാണെന്ന് എങ്ങനെ തെളിയിക്കും? ശ്രീലങ്കൻ പ്രസിഡന്റിനോടും ഷാർജയിലെ ഷേക്കിനോടും ചോദിക്കാൻ പറ്റുമോ? സാമച്ചൻ ഒരിക്കൽ മോറീസ് സെറില്ലോയോടു ഫോണിൽ സംസാരിക്കുകയായിരുന്നു. ഇടയ്ക്കു സംസാരം അന്യഭാഷയിലായി. എല്ലാം കഴിഞ്ഞപ്പോൾ മോറീസ് സെറില്ലോ പറഞ്ഞു: നിങ്ങൾ ഇപ്പോൾ സംസാരിച്ചത് എന്റെ മാതൃഭാഷയായ എബ്രായഭാഷയിലാണ്. ദൈവാത്മാവിൽ നിറഞ്ഞ് നിങ്ങൾ പ്രവചിക്കുകയായിരുന്നു. (എന്തതിശമേ....). ഈ അവകാശവാദം തെറ്റാണെന്ന് എങ്ങനെ തെളിയിക്കും? ഇത്തരം സാക്ഷ്യങ്ങളാണു പറയേണ്ടത്.

പാരമ്പര്യത്തിനു പെന്തക്കോസ്തിൽ നല്ല മാർക്കറ്റുണ്ട്. അതുകൊണ്ട് പാരമ്പര്യവും കുടുംബ മഹിമയും പറയാൻ മറക്കരുത്. ഏതെങ്കിലും ക്രൈസ്തവ സമുദായത്തിലെ അംഗമായിരുന്നു നിങ്ങളെങ്കിൽ തോമ്മാശ്ലീഹാ വരെ എത്തുന്ന  പാരമ്പര്യം പറയണം. നിരവധി അച്ചൻമാരും തിരുമേനിമാരും മറ്റും ഉള്ള കുടുംബമായിരുന്നു നിങ്ങളുടേത് എന്നു തട്ടിവിടണം. കുറെ അച്ചൻമാരുടെ പേരുകൾ സങ്കല്പിച്ചുണ്ടാക്കി നല്ല സ്പീഡിൽ പറയണം. പറയുന്നത് അച്ചൻമാരുടെ പേരാണെന്നല്ലാതെ ഒന്നും മനസ്സിലാകരുത്.

നിങ്ങൾ അച്ചനായിരുന്നു എന്നു പറയുന്നതും ഗുണം ചെയ്തേക്കാം. എവിടുന്നെങ്കിലും ഒരു കുപ്പായം സംഘടിപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ആ കുപ്പായവുമിട്ടു ഫോട്ടോ എടുക്കണം. പല പോസിലുള്ള ഫോട്ടോകൾ വേണം. ഈ ഫോട്ടോകൾ പൊന്നുപോലെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കുക. നിങ്ങൾ അച്ചനായിരുന്നു എന്നതിന്റെ വിലപ്പെട്ട രേഖയാണിത്. ഈ തന്ത്രം ഫലപ്രദമായി എങ്ങനെ വിനിയോഗിക്കണമെന്നറിയേണ്ടവർ ലാൽ കെ.തോമസിനോടു ചോദിച്ചാൽ മതി. പക്ഷേ ഒരു കാര്യം ശ്രദ്ധിക്കണം: അച്ചനായിരുന്നവർക്ക് കുർബ്ബാന ചൊല്ലാനും മറ്റുമുള്ള അറിവുണ്ടായിരിക്കണം. വലിയ ബുദ്ധിമുട്ടില്ലാതെ പരിഹരിക്കാവുന്ന പ്രശ്നമാണിത്. ഒരു കുർബ്ബാനക്രമം വാങ്ങുക. അതിലെ കുറെ ചൊ ല്ലും ചെലുത്തും മറ്റും മന:പാഠമാക്കുക. സാക്ഷ്യം പറയുന്നതിനിടയിൽ ഈ ചൊല്ലുകൾ അവസരോചിതമായി ചൊല്ലുക. ആരും സംശയിക്കുകയില്ല.

നിങ്ങൾ ഹൈന്ദവനായിരുന്നെങ്കിൽ സാക്ഷ്യം ഒന്നാംതരമാക്കാം. നിങ്ങൾ ഏതു ജാതിയിൽ പെട്ടവനായാലും നായരിൽ കുറഞ്ഞ ഒരു ജാതിയും പറയരുത്. ബ്രാഹ്മണനായിരുന്നു എന്നു പറയുന്നത് ഏറെ ഗുണം ചെയ്യും. ബ്രാഹ്മണനായിരുന്നു എന്നു തെളിയിക്കാൻ നാലഞ്ചു ശ്ലോകങ്ങൾ ചൊല്ലുന്നതും നല്ലതാണ്. പാപോഹം പാപകർമ്മോഹം, അസതോമാ സത്ഗമയാ, പരിത്രാണായ സാധൂനാം തുടങ്ങിയവ എളുപ്പം പഠിക്കാം. സ്വന്തമായി അമ്പലമുണ്ടാക്കി പൂജ ചെയ്തിരുന്നെന്നും പൂജാരിയായ തന്നെ നാട്ടുകാർ ദൈവത്തേപ്പോലെ കണ്ടിരുന്നെന്നും പറയാം. മറ്റുള്ളവരെ രക്ഷിക്കുന്ന തനിക്ക് സമാധാനമില്ലായിരുന്നു, ദൈവത്തെ തേടി നടന്നു, ആത്മഹത്യയ്ക്കു ശ്രമിച്ചു തുടങ്ങിയവയും പറയാം.

നിങ്ങൾ മുസ്ലീമായിരുന്നെങ്കിൽ അപ്പൻ മൗലവിയായിരുന്നു എന്നു വേണം പറയാൻ. ബാപ്പാ മക്കത്തു പോയ കഥ വിശദമായി പറയണം. ഖുറാനിൽ നിന്നു ചില വാക്യങ്ങളൊക്കെ അറബിയിൽത്തന്നെ മന:പാഠമാക്കണം. അവസരം കിട്ടുമ്പോൾ ഇവ ചൊല്ലി അർത്ഥം പറയണം. ഖുറാനിലുള്ള ഈസാ നബിയേക്കുറിച്ചും പറയണം. ഈസാ വെറും നബി മാത്രമല്ല ലോകരക്ഷകനാണെന്നും ദൈവമാണെന്നും മറ്റും കണ്ടെത്തിയ കഥ വിവരിക്കുകയും വേണം.

ഇങ്ങനെ നല്ല ഒരു സാക്ഷ്യം ഉണ്ടാക്കിക്കഴിഞ്ഞാൽ ആ സാക്ഷ്യം വള്ളിപുള്ളി തെറ്റാതെ പറയാൻ പഠിക്കണം. ഒരിടത്ത് ഒരു വിധത്തിലും മറ്റൊരിടത്ത് മറ്റൊരു വിധത്തിലും പറഞ്ഞാൽ പ്രശ്നമാകും. എവിടെ സാക്ഷ്യം പറഞ്ഞാലും ഒന്നുപോലെ പറയണം.  പറയുന്നതു കള്ളമാണെങ്കിലും അതിലും വേണം അല്പം സത്യസന്ധത. ഓരോ സ്ഥലത്തും ഓരോ വിധത്തിൽ സാക്ഷ്യം പറഞ്ഞതുമൂലം നസീലാ ബീവി വളരെയധികം ബുദ്ധിമുട്ടിയിട്ടുണ്ട്. അതുകൊണ്ട് തെറ്റുകൂടാതെ കള്ളം പറയാൻ പഠിക്കണം.

തെറ്റുകൂടാതെ കള്ളസാക്ഷ്യം പറയാൻ പഠിച്ചു കഴിഞ്ഞാൽ ശുശ്രൂഷയ്ക്കിറങ്ങാം. ക്ലീൻ ഷേവ് ചെയ്യുക. അല്ലെങ്കിൽ താടിയും മീശയും ഒന്നിച്ചു വളർത്തുക. താടി വടിച്ച് മീശയും വച്ചു നടന്നാൽ ന്യൂ ജനറേഷൻ സഭകൾക്കു വിരോധം തോന്നുകയില്ലെങ്കിലും പാരമ്പര്യവാദികൾക്ക് ഇഷ്ടമാകില്ല. മുണ്ട്, അല്ലെങ്കിൽ കറുത്ത പാന്റ്, ഫുൾക്കൈ ഷർട്ട് എന്നിവ മസ്റ്റ്. ഷർട്ട് വെള്ളയായാൽ ഏറെ നന്ന്. ജൂബ്ബയും സ്വീകാര്യം. ജൂബ്ബയ്ക്ക് ഇറക്കം എത്ര കൂടുന്നോ അത്രയും നല്ലത്. ജൂബ്ബയുടെ കൈയ്ക്കും പരമാവധി നീളമുണ്ടായിരിക്കണം. വിരലുകളുടെ അറ്റം മാത്രം പുറത്തു കാണുന്ന വിധത്തിലായാൽ ജോറാകും.

സാധാരണ ശുശ്രൂഷയ്ക്കു പോകുമ്പോൾ ധരിക്കേണ്ട വേഷങ്ങളേക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. പക്ഷേ ഫോട്ടോ എടുക്കുമ്പോൾ ഇതുപോരാ. കണ്ഠകൗപീനം കെട്ടി കോട്ടുമിട്ടുവേണം ഫോട്ടോ എടുക്കാൻ. ആരെങ്കിലും ഫോട്ടോ ചോദിച്ചാൽ കൗപീനം ധരിച്ച ഫോട്ടോ മാത്രമേ കൊടുക്കാവൂ.

സ്വന്ത ദേശത്തു സാക്ഷ്യം പറയാതിരിക്കാൻ ശ്രദ്ധിക്കണം. പറഞ്ഞാൽ സീക്രട്ട്സു മുഴുവൻ പുറത്താകും. അതുകൊണ്ട് മറ്റു ദേശങ്ങളിൽ ചെന്നു മാത്രമേ സാക്ഷ്യം പറയാവൂ. അതിനുള്ള വഴിയും പറഞ്ഞുതരാം. ദൂരെ എവിടെയെങ്കിലും കൺവൻഷൻ നടക്കുന്നതായി അറിഞ്ഞാൽ അല്പം നേരത്തെ സ്ഥലത്തെത്തുക. കൺവൻഷന്റെ ചുമതലയുള്ള പാസ്റ്ററുമായി പരിചയത്തിലാകുക. പാസ്റ്ററെ പറഞ്ഞു മയക്കി അല്പസമയം ചോദിച്ചു വാങ്ങുക. അഞ്ചു മിനിട്ടായാലും മതി. അങ്ങനെ ലഭിക്കുന്ന സമയം തക്കത്തിൽ വിനിയോഗിക്കുക. ഈ വിദ്യ ഫലപ്രദമായി വിനിയോഗിച്ചു വളർന്നുവന്ന ആളാണ് കെ.എ.ഏബ്രഹാം. ആ മാന്യദേഹത്തോടു ചോദിച്ചാൽ ഒരുപക്ഷേ ഈ തന്ത്രത്തിന്റെ വിശദാംശങ്ങൾ അറിയാൻ കഴിഞ്ഞേക്കും.

കൺവൻഷൻ ഇല്ലാത്ത സീസണിൽ സഭകൾ സന്ദർശിക്കാം. ദൂരെ എവിടെയെങ്കിലുമുള്ള ഒരു സഭയിൽ ഞായറാഴ്ച എത്തുക. പാസ്റ്ററുമായി പരിചയപ്പെട്ടു സാക്ഷ്യത്തിനുള്ള സമയം ചോദിച്ചു വാങ്ങുക. സഭായോഗമായതുകൊണ്ട് വിശേഷിച്ച് അനുവാദം കൂടാതെയും സാക്ഷ്യം പറയാം. പക്ഷേ മേശയ്ക്കരികിൽ ചെന്നുനിന്നുവേണം സാക്ഷ്യം പറയാൻ. വിശ്വാസികളുടെ ഇടയിൽ എഴുന്നേറ്റു നിന്നു സാക്ഷ്യം പറഞ്ഞാൽ വില കിട്ടില്ല.

സാക്ഷ്യം പറയുന്നതു കൺവൻഷനായാലും സഭായോഗത്തിനായാലും ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക: യോഗം കഴിഞ്ഞാലുടൻ സ്ഥലം വിടരുത്. ഓടിനടന്ന് എല്ലാവർക്കും കൈ കൊടുക്കുക. പേരും മറ്റും ചോദിച്ചു പരിചയപ്പെടുക. അക്കൂട്ടത്തിൽ അമേരിക്കക്കാരോ ഗൾഫുകാരോ മറ്റു പണക്കാരോ ഉണ്ടെങ്കിൽ പ്രത്യേകം പരിചയപ്പെടണം. നമ്പരും വിലാസവും മറ്റും ചോദിച്ചു മനസ്സിലാക്കണം. മറന്നു പോകാതിരിക്കാൻ എഴുതി വയ്ക്കണം. എല്ലാവർക്കും സ്വന്തം വിസിറ്റിംഗ് കാർഡ് കൊടുക്കണം. ഈ കൈ കൊടുപ്പുശുശ്രൂഷയ്ക്കിടയിൽ ചിലരൊക്കെ പണം തരും. "വേണ്ടാരുന്നല്ലോ" എന്നു പറഞ്ഞ് എല്ലാം വാങ്ങുക. പണം തരുന്ന വിഡ്ഢികളെ പ്രത്യേകം നോട്ടുചെയ്യുക. അവരിൽ നിന്നു ഭാവിയിലും പണം കിട്ടിയേക്കാം.

കൺവൻഷനാണെങ്കിൽ ആ രാത്രി അവിടെത്തന്നെ തങ്ങാൻ ശ്രമിക്കുക. പാസ്റ്ററുമായി മുൻകൂട്ടി പരിചയപ്പെട്ടിട്ടുള്ളതുകൊണ്ട് ശാപ്പാടും കിടക്കാനുള്ള സൗകര്യവും ലഭിക്കും. പിറ്റേന്നു തിരികെ പോരുമ്പോൾ ചെറിയതോതിലെങ്കിലും ഒരു കൈമടക്കും കിട്ടും. സഭായോഗത്തിലാണു സംബന്ധിച്ചതെങ്കിൽ പാഴ്സനേജിൽ നിന്നു ഭക്ഷണം കഴിച്ചശേഷമേ മടങ്ങാവൂ. ഭക്ഷണം കൂടാതെ ഒരു കൈമടക്കും കിട്ടാൻ ഇതു സഹായകമാകും. ഭക്ഷണം കഴിക്കുമ്പോൾ ഓരോ കറിയുടേയും രുചിയേക്കുറിച്ചു പറഞ്ഞു പുകഴ്ത്തണം. പാസ്റ്ററുടെ ഭാര്യയുടെ പ്രീതി നേടിയെടുക്കാൻ ഇതുമൂലം കഴിയും. ഉയർച്ചയുടെ ആദ്യപടവുകളേക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. ഇനി എന്തു ചെയ്യണമെന്ന് അടുത്ത ലക്കത്തിൽ പറയാം.

# ഡിഫെൻഡർ - 2010 ജനുവരി 1

വലിയവനാകാനുള്ള യജ്ഞത്തിൽ സാക്ഷ്യത്തിനു നൽകേണ്ട പ്രാധാന്യത്തേക്കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. മഹത്വത്തിലേക്കുള്ള വഴിയിലെ ആദ്യ നാഴികക്കല്ലാണു സാക്ഷ്യം. കരളലിയിക്കുന്ന ഒരു സാക്ഷ്യം കൈമുതലായാൽ ആദ്യ ഘട്ടം വിജയിച്ചു. അടുത്തതു പ്രസംഗമാണ്.

ദൈവവചനം പഠിച്ചവർക്കേ പ്രസംഗിക്കാൻ കഴിയൂ എന്നൊരു തെറ്റിദ്ധാരണയുണ്ട്. ആദ്യമായി ആ ധാരണ തിരുത്തുക. ദൈവവചനത്തിന്റെ ബാലപാഠങ്ങൾ പോലും പഠിക്കാതെ അന്തർദ്ദേശീയ സുവിശേഷകരായി വിലസുന്ന നൂറു കണക്കിനു പ്രസംഗകർ പെന്തക്കോസ്തിലുണ്ട്. എം.എ.വർഗീസ്, സുരേഷ് ബാബു, ഡാമിയൻ, തങ്കു, നോബിൾ പി. തോമസ്, പി.ആർ. ബേബി തുടങ്ങിയവർ നല്ല ഉദാഹരണം. ഇവരിൽ ഒരാളേപ്പോലെ ആകാൻ നിങ്ങൾക്കും കഴിയും.

പെന്തക്കോസ്തിലെ ഉണർവ്വു പ്രസംഗകനാകാൻ ആഗ്രഹിക്കുന്ന വ്യക്തി ബൈബിൾ കോളേജിന്റെ ഏഴയലത്തുകൂടിപ്പോലും പോകാതിരിക്കാൻ ശ്രദ്ധിക്കണം. അല്പമെങ്കിലും ദൈവവചനം പഠിച്ചാൽ അതിനനുസരിച്ചുള്ള കുറവ് ഉണർവ്വിലുണ്ടാകും. 'വെളിച്ചം ദു:ഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' എന്നതായിരിക്കണം മുദ്രാവാക്യം. അറിവിന്റെ വെളിച്ചത്തേക്കാൾ അജ്ഞതയുടെ ഇരുളിനെ സ്നേഹിക്കുക, ആഞ്ഞു പുണരുക. ഉണർവ്വിന്റെ വാതായനങ്ങൾ നിങ്ങൾക്കായി തുറക്കും.

ബൈബിൾ കോളേജിൽ പഠിക്കാതിരിക്കുക മാത്രമല്ല തരം കിട്ടുന്നിടത്തെല്ലാം ബൈബിൾ കോളേജുകളെ നിശിതമായി വിമർശിക്കുകയും വേണം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനു തടസ്സം നിൽക്കുന്ന ലോകജ്ഞാനമാണ് ബൈബിൾ കോളേജുകൾ നൽകുന്നതെന്നു പ്രഖ്യാപിക്കണം. ബൈബിൾ കോളേജിൽ പഠിച്ചാൽ ബി.ഡി കിട്ടും, പക്ഷേ തീയില്ലാതെ ബി.ഡി കൊണ്ട് എന്തു പ്രയോജനം? ഈ ചോദ്യം കേൾക്കുമ്പോൾ 'അല്ലേലൂയ്യാാാ' എന്നലറിക്കൊണ്ടു ചിരിക്കാൻ ഒട്ടേറെ പെണ്ണുങ്ങളും പെണ്ണുങ്ങളേക്കാൾ

തരംതാണ കുറെ ആണുങ്ങളും ഉണ്ടാകുമെന്ന് ഉറപ്പിച്ചുകൊള്ളുക. തന്റെ കൈവശം ബീഡിയില്ലെങ്കിലും തീയുണ്ട് എന്നുകൂടി പറയുമ്പോൾ ചിരി ഉച്ചത്തിലാകും. ഇത്രയും പറഞ്ഞിട്ട്, നിങ്ങൾ മുട്ടിൻമേൽ കോളേജിലിരുന്നു ദൈവവചനം പഠിച്ച കഥ വൈബ്രേഷൻ സഹിതം പറയുമ്പോൾ മിക്കവരും ആത്മാവിലാകും. പെന്തക്കോസ്തിലെ പ്രസംഗകനാകാൻ ബൈബിൾ പഠിക്കേണ്ട കാര്യമില്ല എന്നതിന് ഇതിനേക്കാൾ വലിയ തെളിവെന്തിന്?

പ്രസംഗകനാകാൻ തയ്യാറെടുക്കുന്നവർ പെന്തക്കോസ്തിനെ സംബന്ധിച്ചു ചില വസ്തുതകൾ കൂടി അറിഞ്ഞിരിക്കണം. ഭൂരിപക്ഷം പെന്തക്കോസ്തുകാരും കഴുതകളാണ് എന്നതാണ് അവയിൽ മുഖ്യം. പമ്പര വിഡ്ഢികളായ പെന്തക്കോസ്തുകാരെ കബളിപ്പിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. ഡിഫെൻഡർ അതിശയോക്തി പറയുകയാണെന്നു കരുതരുത്. സംശയമുള്ളവർ 2009ൽ എന്തൊക്കെയാണു നടന്നതെന്നു നോക്കൂ.

1. ശുദ്ധ വിവരക്കേടു പ്രസംഗിക്കുന്ന കെ.എ.ഏബ്രഹാം, കെ.എ.തോമസ് തുടങ്ങിയവർ ജനപ്രിയ പ്രസംഗകരായി വിലസി.

2. പ്രസംഗം എഴുതി വായിക്കുന്ന മുല്ലക്കര അമേരിക്കയിലെ പിണ്ണാക്കു കോൺഫ്രൻസിൽ പ്രസംഗിച്ചു. അത്ഭുത രോഗശാന്തി വരുത്തിയെന്നു പറഞ്ഞശേഷം മുല്ലക്കര മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിക്കു പണം ചോദിച്ചു, പെന്തക്കോസ്തുകാർ കൊടുത്തു.

3. കള്ളസാക്ഷ്യം പറഞ്ഞു നടന്ന് നസീല ബീവി ഏവരേയും വിഡ്ഢികളാക്കി. വിസ കിട്ടാതിരുന്നതുകൊണ്ടു മാത്രമാണ് അമേരിക്കൻ യാത്ര മുടങ്ങിയത്. വിസ കിട്ടിയിരുന്നെങ്കിൽ പിണ്ണാക്കു കോൺഫ്രൻസിൽ പ്രസംഗിക്കുമായിരുന്നു.

4. വ്യഭിചാരം തൊഴിലാക്കിയ സാമച്ചനും സുരേഷ് ബാബുവിനും അമേരിക്ക ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രോഗ്രാം കിട്ടി.

5. തങ്കു ഉൾപ്പെടെയുള്ള വ്യാജൻമാർ പെന്തക്കോസ്ത് നേതാക്കൻമാരുടെ അനുഗ്രഹത്തോടെ അഴിഞ്ഞാടി.

തീർന്നില്ല, പക്ഷേ സാമ്പിളിന് ഇത്രയും മതിയല്ലോ. പെന്തക്കോസ്തുകാർ ശുദ്ധ വിവരദോഷികളാണെന്നതിന് ഇതിൽപ്പരം എന്തു തെളിവാണു വേണ്ടത്? ഈ വിഡ്ഢികളെ കബളിപ്പിച്ച് വലിയവനാകാൻ നിങ്ങൾക്കും കഴിയും.

പെന്തക്കോസ്തിൽ ബുദ്ധിയുള്ളവർ ആരുമില്ലെന്നാണോ പറഞ്ഞുവരുന്നതെന്നു ചോദിച്ചേക്കാം. അല്ലേയല്ല. ബുദ്ധിയുള്ളവരും പെന്തക്കോസ്തിലുണ്ട്. പക്ഷേ അവരിൽ ഭൂരിപക്ഷവും നല്ലപിള്ളകളാണ്. സത്യം തുറന്നു പറഞ്ഞാൽ പലരും പിണങ്ങും. അതുകൊണ്ട് ഈ വിദ്വാൻമാർ മൗനം ഭൂഷണമാക്കും. തലയിൽ കയറിനിന്നു ഡാൻസ് കളിച്ചാലും വായ് തുറക്കുകയില്ല.

സഭാനേതാക്കൻമാരുടെ സ്ഥിതിയാണ് ഏറ്റവും ദയനീയം. ആത്മീയതയുടെ ആധിക്യം മൂലം നേതൃസ്ഥാനത്തെത്തിയവരല്ലല്ലോ പെന്തക്കോസ്തിന്റെ നേതൃത്വത്തിലുള്ളത്. പണം, വോട്ടുപിടിക്കാനുള്ള കഴിവ്, കുതന്ത്രങ്ങൾ പയറ്റാനുള്ള ചങ്കുറപ്പ് തുടങ്ങിയതൊക്കെയാണു പെന്തക്കോസ്ത് നേതാവാകാൻ വേണ്ട ഗുണഗണങ്ങൾ. സംശയമുള്ളവർ പ്രധാന പെന്തക്കോസ്ത് സഭകളുടെ തലപ്പത്തിരിക്കുന്നവരെയെല്ലാം വിലയിരുത്തൂ. ഉയർന്ന ആത്മീയ നിലവാരം പുലർത്തിയതുകൊണ്ടു നേതൃത്വത്തിൽ എത്തിയ ആരെങ്കിലും ഇപ്പോൾ പെന്തക്കോസ്ത് സഭകളുടെ തലപ്പത്തുണ്ടോ?

ആത്മീയ മൃതദേഹങ്ങളായ ഈ നേതാക്കൻമാരെ പിശാചിനുപോലും പേടിയില്ല. അതുകൊണ്ട് നിങ്ങളും പേടിക്കേണ്ടതില്ല. പക്ഷേ ഇവർ പിണങ്ങിയാൽ നിങ്ങളുടെ നിലനിൽപ്പു പരുങ്ങലിലാകും. അതുകൊണ്ട് ഒരു നേതാവിനേയും നിങ്ങൾ പിണക്കരുത്. നേതാക്കൻമാരെ പുകഴ്ത്താൻ ശ്രദ്ധിക്കുക. അവരേക്കുറിച്ചു നല്ലതുമാത്രം പറയുക. സമയം കിട്ടുമ്പോൾ നേതാക്കൻമാരെ നേരിൽ കാണുക. യാത്ര പറഞ്ഞു പിരിയാനായി കൈ കൊടുക്കുമ്പോൾ സ്തോത്രത്തോടൊപ്പം ഒരു സ്തോത്രക്കാഴ്ചയും കൈയ്യിൽ വച്ചുകൊടുക്കുക. ഒരു നേതാവും നാളിതുവരെ പണം വേണ്ട എന്നു പറഞ്ഞിട്ടില്ല. പണം തരുന്നവർക്കെതിരെ ഒരു വാക്കു പോലും പെന്തക്കോസ്ത് നേതാക്കൻമാർ പറയുകയുമില്ല.

പെന്തക്കോസ്ത് എന്ന വെള്ളരിക്കാപ്പട്ടണത്തിലെ പ്രസംഗകനാകാൻ തയ്യാറെടുക്കുന്ന വിരുതൻമാർ മനസ്സിലാക്കേണ്ട അടിസ്ഥാന സത്യങ്ങളാണ് ഇതുവരെ പറഞ്ഞത്. ഇനി ചില പ്രായോഗിക നിർദ്ദേശങ്ങൾ.

പ്രസംഗിക്കാൻ ഇറങ്ങുന്നതിനു മുൻപായി നിങ്ങൾ നാലോ അഞ്ചോ പ്രസംഗങ്ങളുണ്ടാക്കണം. ഏതു സ്റ്റേജിൽ കയറിയാലും ഇവയിലേതെങ്കിലും ഒരെണ്ണം തട്ടിവിട്ടാൽ ഓകേ. 'കർത്താവു തന്ന ഒരു ദൂത്' എന്ന മുഖവുരയോടെ വേണം പ്രസംഗിക്കാൻ. സ്റ്റേജിൽ എത്തിയശേഷം കർത്താവു നൽകിയതാണ് ഈ പ്രസംഗം എന്നു പൊതുജനം ധരിച്ചുകൊള്ളും.

പ്രസംഗവിഷയം തിരഞ്ഞെടുക്കുമ്പോഴും ചിലതൊക്കെ ശ്രദ്ധിക്കാനുണ്ട്. പരമാവധി ബഹളം വയ്ക്കാൻ സഹായകമായ വാക്യങ്ങൾ വേണം കുറിവാക്യമായി ഉപയോഗിക്കാൻ. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല എന്ന വാക്യം ഒന്നാംതരമാണ്. ഒരു ബാധയും നിന്റെ കൂടാരത്തോട് അടുക്കുകയില്ല എന്നു പറഞ്ഞാലും ജനം ഇളകും. മൂന്നു ദിവസം തുടർച്ചയായി പ്രസംഗിക്കേണ്ട സാഹചര്യമാണുള്ളതെങ്കിൽ 'യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ' എന്നതാകാം

പ്രസംഗവിഷയം. ഒന്നാമത്തെ ദിവസം യേശു എങ്ങനെയാണ് 'ഇന്നലെ' അനന്യനായിരുന്നത് എന്നു പറയണം. രണ്ടാം ദിവസം 'ഇന്ന്' എന്നതും അവസാന ദിവസം 'എന്നെന്നേക്കും' എന്നതും പ്രസംഗിക്കാം. ഇതൊന്നും വിശദീകരിക്കാൻ നിങ്ങൾക്ക് അറിയില്ല എന്നതാണു പ്രശ്നമെങ്കിൽ അതിനുള്ള പരിഹാരവും പറയാം.

ഇന്നലെ എന്ന വിഷയം പ്രസംഗിക്കുമ്പോൾ നോഹയെ പെട്ടകത്തിലാക്കി രക്ഷിച്ചത്, യിസ്രായേൽ ജനത്തെ വിടുവിച്ചത്, ചെങ്കടൽ വിഭജിച്ചത്, മന്ന കൊടുത്തത് തുടങ്ങി പഴയനിയമത്തിലെ എണ്ണമറ്റ അത്ഭുതങ്ങളിൽ ചിലത് സാഹചര്യമനുസരിച്ചു പറയുക. സുവിശേഷങ്ങളിൽ കാണുന്ന അത്ഭുതങ്ങൾ വിവരിക്കുന്നതിലും തെറ്റില്ല. അങ്ങനെ യേശു ക്രിസ്തു എങ്ങനെയാണ് 'ഇന്നലെ' അനന്യനായിരുന്നതെന്നു വിശദീകരിക്കാം.

ഇന്ന് എന്ന വിഷയവും വലിയ ബുദ്ധിമുട്ടു കൂടാതെ പ്രസംഗിക്കാം. ബൈബിളിലെ, വിശേഷിച്ചും പുതിയനിയമത്തിലെ, അത്ഭുതങ്ങൾ വിവരിക്കുകയും ഇക്കാലത്തു നടന്ന അത്ഭുതങ്ങൾ പറയുകയും ചെയ്യുക. ഡൽഹിയിൽ അങ്ങനെ നടന്നു, ദുബായിൽ ഇങ്ങനെ നടന്നു, കൊറിയയിൽ അങ്ങനേയും ഇങ്ങനേയും നടന്നു എന്നൊക്കെ പറഞ്ഞാൽ മതി. കാലില്ലാത്തവനു കാല് കിളിർത്തുവന്നു, ഗർഭപാത്രം ഇല്ലാത്ത സ്ത്രീ പ്രസവിച്ചു, ആകാശത്തുനിന്ന് അരിയും പച്ചക്കറിയും പൊഴിഞ്ഞുവീണു തുടങ്ങി നിങ്ങളുടെ ഭാവനയ്ക്കൊത്ത് എന്തും പറയാം. എല്ലാവരും ചേർന്നു ഹാലേലൂയ്യാ പറഞ്ഞുകൊള്ളും. ഈ പറയുന്നതൊക്കെ കള്ളമാണെന്ന് ആരും പറയുകയില്ലെന്നു തീർച്ച.

എന്നെന്നേക്കും എന്ന ഭാഗം പ്രസംഗിക്കുമ്പോൾ ഉണർവ്വ് അങ്ങേയറ്റത്തെത്തും. കർത്താവിന്റെ മടങ്ങിവരവ്, എതിർക്രിസ്തുവിന്റെ ഭരണം, സഹസ്രാബ്ദം തുടങ്ങിയതൊക്കയാകട്ടെ പ്രസംഗവിഷയം. ഇതൊന്നും പറയാനുള്ള അറിവു നിങ്ങൾക്കില്ല എന്നതാണു പ്രശ്നമെങ്കിൽ അതും വളരെ എളുപ്പം പരിഹരിക്കാം. ഇന്നു ലോകത്തു കാണുന്ന സംഭവങ്ങളേക്കുറിച്ചെല്ലാം പറയുക. അതൊക്കെ കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങളാണെന്നും പ്രഖ്യാപിക്കുക. യുദ്ധം, ക്ഷാമം, ഭൂകമ്പം, സുനാമി, വാഹന അപകടം, കോപ്പർ ഹേഗൻ, തടിയെന്റവിള നസീർ, ബരാക് ഒബാമ തുടങ്ങി എന്തും പറയാം. ആരും എതിർക്കുകയില്ല. ഭാവികാല ശാസ്ത്രത്തേക്കുറിച്ച് ഒട്ടും അറിവില്ലാത്തവർ എതിർ ക്രിസ്തുവിന്റെ ഭരണം, സഹസ്രാബ്ദം, അന്ത്യന്യായവിധി തുടങ്ങിയ വിഷയങ്ങളിലേക്കു കടക്കാതിരിക്കുകയാണു ബുദ്ധി.

ഉണർവ്വു പ്രസംഗകനാകാൻ ആഗ്രഹിക്കുന്നവർക്കു പ്രസംഗ വിഷയം എന്നൊന്നു വേണമെന്നില്ല. പക്ഷേ ജനത്തെ ഇളക്കാൻ പറ്റിയ വാക്യങ്ങൾ കൂടിയേ കഴിയൂ. ഈ വാക്യങ്ങൾ മാലപ്പടക്കം പോലെ പൊട്ടിച്ചാൽ ഉണർവ്വുണ്ടാകും. ഈ വിദ്യ ഫലപ്രദമായി പ്രയോഗിച്ചു വിജയിച്ച വീരനാണ് സുരേഷ് ബാബു.

പെന്തക്കോസ്ത് പ്രസംഗങ്ങളിൽ വൈബ്രേഷനുള്ള സ്ഥാനം അദ്വിതീയമാണ്. എന്താണു വൈബ്രോഷൻ എന്നു പിടി കിട്ടിയില്ലെങ്കിൽ വിശദീകരിക്കാം. സംഗീതത്തിലെ സംഗതി പോലുള്ള ഒരു സാധനമാണിത്. സംഗതിയില്ലാത്ത സംഗീതം വിരസമായിരിക്കും. അതുപോലെ വൈബ്രോഷനില്ലാത്ത പ്രസംഗം പരമ ബോറായിരിക്കും. വേണ്ടാത്തിടത്തു കയറി സംഗതി ഇട്ടാൽ സംഗീതം കുളമാകും. അതുപോലെ അസ്ഥാനത്തു വൈബ്രേഷൻ കൊണ്ടുവന്നാൽ വിപരീത ഫലമാണുണ്ടാകുക.

എവിടെയൊക്കെയാണ് വൈബ്രേഷൻ യോജിക്കുക? ഭക്തിയുടെ സഹയാത്രികനാണു വൈബ്രേഷൻ. അതുകൊണ്ടു ഭക്തി കൊണ്ടുവരേണ്ടിടത്തു മാത്രം വൈബ്രേഷൻ കൊണ്ടുവരുക. 'കർത്താവ്' എന്നു പറയുന്നിടത്തെല്ലാം വൈബ്രേഷനാകാം. ദൈവം, യേശു, പരിശുദ്ധാത്മാവ്, കുഞ്ഞാട്, കാൽവറി, കുരിശ് തുടങ്ങി ഭക്തിയുമായി ബന്ധപ്പെട്ടതിനെല്ലാം വൈബ്രേഷൻ യോജിക്കും. പക്ഷേ അഭക്തിയുടെ പ്രതീകമായ വാക്കുകളിൽ അല്പം പോലും വൈബ്രേഷൻ പാടില്ല. ഉദാഹരണത്തിനു 'സാത്താൻ' എന്നതു വൈബ്രേഷൻ സഹിതം പറഞ്ഞാൽ എങ്ങനെയിരിക്കും?

ഉണർവ്വും അതിഖരവുമായുള്ള ബന്ധം ഉണർവ്വു പ്രസംഗകരെല്ലാം മനസ്സിലാക്കിയിരിക്കണം. ക, ച, ട, ത, പ എന്നിവയാണ് ഖരം. ഖ, ഛ, ഠ, ഥ, ഫ എന്നിവ അതിഖരം. ഖരം വരുന്നിടത്തെല്ലാം അതിഖരം ഉപയോഗിക്കുക. ഉദാഹരണത്തിന്, കർത്താവ് എന്നല്ല ഖർഥാവ് എന്നു വേണം ഉണർവ്വു പ്രസംഗകൻ പറയാൻ. വചനത്തെ വഛനമാക്കുക. അതുപോലെ ഗ, ജ, ഡ, ദ, ബ എന്നീ മൃദുക്കൾ ഘ, ഝ, ഢ, ധ, ഭ എന്നീ ഘോഷമാക്കുക. അപ്പോൾ ജീവിതം ഝീവിഥമാകും. കഴിയുന്നത്ര സ്ഥലങ്ങളിൽ കൂട്ടക്ഷരവും ഉപയോഗിക്കുക. നാം സാധാരണയായി ഉപയോഗിക്കുന്ന വാക്കുകൾ ഇങ്ങനെ മാറ്റുമ്പോൾ എങ്ങനെയിരിക്കുമെന്നു നോക്കൂ. യേശ്ശു, ഖർഥാവ്, ധൈവം, ഫരിശ്ശുദ്ധാത്മാവ്, ആഖാശ്ശം, ഭൂമ്മി, വഛനം, അന്നുഗ്രഹം, വിട്ടുഥൽ, സ്സാത്താൻ, ഫിചാശ്ശ് ...... സകല വാക്കുകളും ഇങ്ങനെയാക്കണമെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. സാഹചര്യമനസ്സരിച്ചുവേണം ഇത്തരം പ്രയോഗങ്ങൾ നടത്താൻ. ഇതുതന്നെ മൂന്നു തരത്തിൽ ചെയ്യാം. വൈബ്രേഷൻ മാത്രമായി പ്രയോഗിക്കുക, കട്ടിയായ വാക്കുകൾ ഉപയോഗിക്കുക, വൈബ്രേഷൻ സഹിതം മേല്പടി വാക്കുകൾ ഉപയോഗിക്കുക. "ഖർഥാാാവ് നിന്നെ ഇഥാാാ സ്സൗഖ്യമാാാാൻ ഫോകുന്നൂൂൂ....." എന്നു പറയുമ്പോൾ സകലരും ആത്മാവിലാകും. വൈബ്രേഷനും ഇരട്ടിപ്പും മറ്റും ഉണർവ്വുണ്ടാക്കാൻ എങ്ങനെ ഫല

പ്രദമായി ഉപയോഗിക്കാം എന്നു നേരിൽ കണ്ടു മനസ്സിലാക്കാൻ ആഗ്രഹമുള്ളവർ കെ.സി.ജോണിന്റെ പ്രസംഗം കേട്ടാൽ മതി. നൂറ്റൊന്നാവർത്തിച്ച വിഷയങ്ങൾ ഉപയോഗിച്ച് ഈ മനുഷ്യൻ ജനത്തെ ഇളക്കുന്നതു കാണുമ്പോൾ പെന്തക്കോസ്തുകാരുടെ വിവരക്കേടിൽ ആരും സഹതപിച്ചുപോകും.

ഉണർവ്വു പ്രസംഗകർ ആകാൻ ആഗ്രഹിക്കുന്നവർ മറ്റ് ഉണർവ്വു പ്രസംഗകരുടെ പ്രസംഗം കേട്ട് തന്ത്രങ്ങൾ പഠിക്കണം. വാക്യങ്ങൾ കാണാപ്പാഠം പഠിച്ച് ജനവഞ്ചന നടത്താൻ ആഗ്രഹിക്കുന്നവർക്ക് സുരേഷ് ബാബുവിനെ കണ്ടു പഠിക്കാം. കെ.സി.ജോണിന്റെ പ്രസംഗം ശ്രദ്ധിച്ചു കേട്ടാലും ഒട്ടേറെ വിദ്യകൾ പഠിക്കാം. മൈക്ക് സ്റ്റാന്റിൽ വച്ച് പ്രസംഗിക്കുന്ന പരിപാടി പൂർണ്ണമായും ഒഴിവാക്കണം. കോഡ്‌ലസ്സ് മൈക്കുമായി സ്റ്റേജിൽ ഓടിനടന്നുവേണം പ്രസംഗിക്കാൻ ഓട്ടത്തിന്റെ സ്പീഡ് കൂടുന്നതനുസരിച്ച് ഉണർവ്വും കൂടും. ഈ വിദ്യ ഏറ്റവും ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ള വിദ്വാനാണ് കെ.എ.ഏബ്രഹാം. ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിൽ അവറാൻ ഈ വിധത്തിൽ ഉണർവ്വുണ്ടാക്കുന്ന ദൃശ്യങ്ങൾ നേരിൽ കാണാവുന്നതാണ്. (www.youtube.com/tsbalan) ഭൂരിപക്ഷം ഉണർവ്വുപ്രസംഗകരുടേയും മാസ്റ്റർ പീസ് സ്റ്റേജിലൂടെയുള്ള ഓട്ടമാണെന്ന വസ്തുത മറച്ചു വച്ചിട്ടു കാര്യമില്ല.

ഉണർവ്വു പ്രസംഗകർ ആകാൻ ആഗ്രഹിക്കുന്നവർ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിഷയങ്ങളാണ് ഈ ലക്കത്തിൽ വിശദീകരിച്ചത്. ഇതുവരെ പറഞ്ഞതു കൂടാതെ മറ്റു പലതും പഠിക്കേണ്ടതുണ്ട്. ഭാഷ, പ്രാസം, പാട്ട്, പ്രവചനം, രോഗശാന്തി, പേരുവിളിക്കൽ തുടങ്ങി നിരവധി അഭ്യാസങ്ങളുണ്ട്. അവയേക്കുറിച്ചുകൂടി പഠിക്കാതെ ഉണർവ്വുപ്രസംഗകനാകാൻ പറ്റില്ല. അത്തരം കാര്യങ്ങൾ അടുത്ത ലക്കത്തിൽ പറയാം.

# ഡിഫെൻഡർ - 2010 ജനുവരി 16

ദൈവവചനത്തിന്റെ ആദ്യാക്ഷരങ്ങൾ പോലും അറിയാത്തവർ, ശുദ്ധ വിവരദോഷികൾ തുടങ്ങിയവർ ഉലകമറിയുന്ന പ്രസംഗകരായി വിലസുന്നതു കാണുമ്പോൾ നിങ്ങൾക്ക് അത്ഭുതം തോന്നാറില്ലേ? ഇവർ ഇതൊക്കെ എങ്ങനെ സാധിക്കുന്നു എന്നാകും നിങ്ങളുടെ സംശയം. മുൻലക്കങ്ങളിൽ പറഞ്ഞു കഴിഞ്ഞ ഒരു മഹാസത്യം വീണ്ടും പറയട്ടെ: പെന്തക്കോസ്ത് എന്നത് ഒരു വെള്ളരിക്കാപ്പട്ടണമാണ്. ഇവിടെ ഏതു വിവരദോഷിക്കും വിലസാം, കയ്യടിവാങ്ങാം, ജനപ്രിയനാകാം. ചില തന്ത്രങ്ങളൊക്കെ അറിഞ്ഞിരുന്നാൽ മതി. കള്ളസാക്ഷ്യം പറഞ്ഞു വലിയവനാകുന്നതെങ്ങനെ എന്ന രഹസ്യം പറഞ്ഞുകഴിഞ്ഞു. പ്രസംഗത്തിലൂടെ മഹാനാകുന്ന വിദ്യയാണ് കഴിഞ്ഞ ലക്കത്തിൽ വിവരിച്ചത്. ഈ ലക്കത്തിലും അതുതന്നെ തുടരുന്നു.

പ്രാസപ്രയോഗത്തിനു പെന്തക്കോസ്തിലുള്ള സ്ഥാനമെന്തെന്നു പ്രസംഗകർ അറിഞ്ഞിരിക്കണം. പെന്തക്കോസ്തുകാരനല്ലാത്ത തിരുവട്ടാർ കൃഷ്ണൻകുട്ടി മുതൽ വിഡ്ഢിക്കോസ്തുകാരനായ കെ.എ. ഏബ്രഹാം വരെയുള്ളവർ പ്രാസപ്രയോഗത്തിലൂടെ വലിയവരായവരാണ്.

മൂന്നു പതിറ്റാണ്ടോളം മുൻപു പോൾ ഗോപാലകൃഷ്ണൻ ഈ വിദ്യ പ്രയോഗിച്ചിരുന്നു. 'അ'കാരത്തിലായിരുന്നു ഈ ആശാന്റെ അഭ്യാസം. "അത്യുന്നതങ്ങളിൽ അധിവസിക്കുന്ന അരുമനാഥൻ ആഗതനായാൽ..." എന്നു തുടങ്ങുന്ന ആ തോന്ന്യാസധോരണി 'അ' എന്ന അക്ഷരത്തിൽ ആരംഭിക്കുന്ന സകല മലയാള വാക്കുകളും പറഞ്ഞശേഷമേ അവസാനിച്ചിരുന്നുള്ളൂ. 'ഹോ!, പോൾ ഗോപാലകൃഷ്ണന്റെ പാണ്ഡിത്യമേ!!!' എന്നു സകല വിവരദോഷികളും അത്ഭുതത്തോടെ പറഞ്ഞുപോകുന്ന പ്രയോഗമായിരുന്നു അത്. ആറാം ക്ലാസ്സിൽ തോറ്റശേഷം കൊച്ചറയെന്ന കുഗ്രാമത്തിൽ ബീഡി തെറുപ്പുമായി നടന്ന ഒരുത്തനു മലയാള ഭാഷയിൽ എത്രത്തോളം പാണ്ഡിത്യം ഉണ്ടാകുമോ അത്രയും പാണ്ഡിത്യം മാത്രമാണു ഗോപാലകൃഷ്ണന് അന്നും ഇന്നും ഉള്ളത്. പക്ഷേ എങ്ങനെയാണു ഗോപാലകൃഷ്ണൻ ഒറ്റശ്വാസത്തിൽ മലയാളത്തിലെ സകല 'അ'കളും പറഞ്ഞത്? വിശദീകരിയാം:

ഏത് അക്ഷരമാണു പ്രാസപ്രയോഗത്തിനായി ഉപയോഗിക്കുന്നത് എന്ന് ആദ്യമായി നിശ്ചയിക്കുക. ഉദാഹരണത്തിന് 'അ' തന്നെ ആകട്ടെ. ഗോപാലകൃഷ്ണൻ തുടങ്ങിയിടത്തുതന്നെ നമുക്കും തുടങ്ങാം. കർത്താവിന്റെ മടങ്ങിവരവാണു വിഷയം. അപ്രതീക്ഷിതമായി കർത്താവു മടങ്ങിവന്നാൽ എന്താണു കാണുക? "അത്യുന്നതങ്ങളിൽ അധിവസിക്കുന്ന അരുമനാഥൻ ആഗതനായാൽ അവനീതലത്തിൽ അലഞ്ഞുനടക്കുന്ന അലസൻമാരും ആലംബഹീനരും അബലകളും അന്തമില്ലാത്ത ആകാശത്തിന്റെ അടിയിൽ അലമുറയിട്ടു കരയേണ്ടതായിവരില്ലേ? അമേരിക്കയിലെ അമ്മാമ്മ അലക്കിത്തേച്ച് അലമാരയിൽ അടുക്കി വച്ചിരിക്കുന്ന ആഡംബര അംഗവസ്ത്രങ്ങൾ അവിടെവച്ചിട്ട് അംബരത്തിലേക്കുയരുമോ? അയലത്തെ അംഗനയുമൊത്ത് അമ്പലപ്പുഴയിൽ പോയി ആറാടാൻ അവസരം നോക്കിയിരിക്കുന്ന അവറാച്ചന് അരുമനാഥന്റെ ആഗമനം അംഗീകരിക്കാൻ ആവതുണ്ടോ? അളിയനും ആങ്ങളയും അമ്മായിയും അനന്തിരവനും ആടിപ്പോകില്ലേ? ആലുവായിൽ അലുവാക്കച്ചവടം ചെയ്യുന്ന അന്തപ്പൻ അന്ധാളിക്കില്ലേ......"

വീട്ടിലിരുന്ന് ഇങ്ങനെ എഴുതണം. എത്രത്തോളം നീട്ടാമോ അത്രയും നന്ന്. 'അ'യുടെ സ്റ്റോക്ക് തീർന്നു കഴിയുമ്പോൾ നിർത്തുക. വാക്കുകളുടെ അർത്ഥവും മറ്റും നോക്കേണ്ടതില്ല. ആരംഭത്തിലെ അക്ഷരം

'അ' ആണോ എന്നു മാത്രം നോക്കുക. എഴുതിക്കഴിഞ്ഞ് രണ്ടോ മൂന്നോ വട്ടം വായിച്ചു കുറവുകൾ തീർക്കുക. സംഗതി ജോറായി എന്നു ബോദ്ധ്യമായാൽ ശരിക്കു ശ്വാസം വിടുക. കൈയ്യും കാലും ഒക്കെ നിവർത്തുകയും മടക്കുകയും മറ്റും ചെയ്ത് ഉഷാറാവുക. നിങ്ങളുടെ ജീവിതത്തെത്തന്നെ മാറ്റി മറിക്കാൻ പോകുന്ന അത്യുഗ്രൻ ഒരു വിദ്യ നിങ്ങൾ അഭ്യസിക്കാൻ തുടങ്ങുകയാണ്. പ്രാസപ്രയോഗത്തിലൂടെ പ്രശസ്തരായ സകല പ്രസംഗകരേയും മനസ്സിൽ ധ്യാനിച്ചുകൊണ്ടു തുടങ്ങുക.

എന്താണു ചെയ്യേണ്ടതെന്നു പറഞ്ഞില്ല, അല്ലേ? പറയാം: നിങ്ങൾ പടച്ചുവച്ചിരിക്കുന്ന ആകാരാദി ലേഹ്യം അകത്താക്കുക, അതായത് മന:പ്പാഠമാക്കുക. ഏതാനും മണിക്കൂറുകൾ പരിശ്രമിച്ചാൽ ഈ സാധനം മന:പാഠമാക്കാവുന്നതേയുള്ളൂ.

ഇത്തരത്തിലുള്ള ഒരെണ്ണം മാത്രം മന:പാഠമാക്കിയതുകൊണ്ടു പ്രയോജനമില്ല. എത്രയധികം സാധനം സ്റ്റോക്കുണ്ടോ അത്രയും നന്ന്. നൂറെണ്ണം കൈവശമുണ്ടായാൽ ഒന്നാംതരം പ്രസംഗകനാകാം.

ഓരോന്നിനും ഓരോ വിഷയം ഉണ്ടായിരിക്കണം. പ്രസംഗത്തിൽ പ്രയോഗിക്കാൻ പറ്റിയ വിഷയങ്ങളാണു തെരഞ്ഞെടുക്കേണ്ടത്. ഇപ്പോൾ പഠിച്ചത് കർത്താവിന്റെ മടങ്ങിവരവുമായി ബന്ധപ്പെട്ടു പ്രയോഗിക്കാൻ പറ്റിയ സാധനമാണ്. ഏതു പ്രസംഗത്തിനിടയിലും കർത്താവിന്റെ മടങ്ങിവരവിനേക്കുറിച്ചു പറയാം. അപ്പോൾ ഈ വാചകം പ്രയോഗിക്കാം. ഇത്തരത്തിലുള്ള കുറെ വിഷയങ്ങൾ ഇതാ:

കർത്താവിന്റെ ജനനം, സ്നാനം, ക്രൂശീകരണം, ന്യായവിധി, ആദാം, ആദ്യപാപം, ഹാനോക്ക്, നോഹ, ബാബേൽ, അബ്രഹാം, യാക്കോബ്, ശൗൽ, ദാവീദ്, ശലോമോൻ, പത്രോസ്, പൗലോസ്, യോഹന്നാൻ, മാനസാന്തരം, സ്നാനം, അഭിഷേകം, തുടങ്ങിയ ആത്മീയ വിഷയങ്ങൾ തീർച്ചയായും ഉണ്ടായിരിക്കണം. യുദ്ധം, ക്ഷാമം, ഭൂകമ്പം, സുനാമി, തീവ്രവാദം, സാമ്പത്തിക മാന്ദ്യം, ബുർജ് ഖലീഫ, തടിയന്റവിള നസീർ, കാരണവർ വധം തുടങ്ങിയ ആനുകാലിക വിഷയങ്ങളും വിട്ടുകളയരുത്. ശാസ്ത്രം, ചരിത്രം, പുരാവസ്തു ഗവേഷണം, എൻഡോസൾഫാൻ തുടങ്ങി പൊതുജനത്തിന് രസിക്കുന്ന എന്തു വിഷയവും സ്വീകാര്യം.

ഈ വിഷയങ്ങളൊക്കെ ആധാരമാക്കി പ്രാസപ്രയോഗങ്ങൾ എഴുതി കാണാപ്പാഠം പഠിക്കണം. പ്രാസപ്രയോഗത്തിലൂടെ ഉയരങ്ങൾ കീഴടക്കിയവരെ മനസാ സ്മരിക്കുക മാത്രമല്ല, അവരുടെ പ്രസംഗങ്ങൾ കേട്ടു പഠിക്കുകയും വേണം. കെ.എ.ഏബ്രഹാമിന്റെ പ്രസംഗങ്ങൾ ഈ രംഗത്തെ ക്ലാസിക്കുകളാണ്. ചില മൊഴിമുത്തുകൾ ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിലുണ്ട്.
(വിശദ വിവരങ്ങൾക്ക്: www.youtube.com/tsbalan)

പ്രസംഗിക്കാൻ പോകുന്നതു ബൈബിളിൽ നിന്നാകയാൽ ബൈബിളിനേക്കുറിച്ച് ഒരു വാചകമടി അവറാൻ ആരംഭത്തിൽ നടത്തുക പതിവാണ്. പ്രാസമല്ല സ്പീഡാണ് ഇവിടെ പ്രധാനം. ഇതാ സാമ്പിൾ: "ആയിരത്തി ഒരുന്നൂറ്റി എൺപത്തൊമ്പത് അദ്ധ്യായം, മുപ്പത്തോരായിരത്തി ഒരുന്നൂറ്റി എഴുപത്തി മൂന്നു വാക്യം, പത്തുലക്ഷത്തി പതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റേഴു വാക്കുകൾ, മുപ്പത്തഞ്ചു ലക്ഷത്തി പതിനായിരത്തി നാനൂറ്റി എൺപത്തിനാല് അക്ഷരങ്ങൾ അടങ്ങിയ ഈ സത്യവേദപുസ്തകം ചുമക്കുവാൻ ഒരു ഭാഗ്യം ലഭിച്ചത് ജീവിതത്തിൽ അസുലഭമാണ്, പ്രേയ്സ് ദലോഡ്.... ഈ പുസ്തകത്തേക്കുറിച്ച് ഇങ്ങനെ പറയുന്നു, നിങ്ങൾ ഈ പുസ്തകം ചുമന്നാൽ നിങ്ങൾക്കിതു ചുമക്കുവാൻപോലും ആരോഗ്യമില്ലാത്തപ്പോൾ ഇതു നിങ്ങളെ ചുമക്കും, ഹാലേലൂയ്യാ.... ".

വിവരക്കേടാണെങ്കിലും കേൾക്കാൻ രസമുണ്ട്. ബൈബിളിലെ അദ്ധ്യായങ്ങളും വാക്യങ്ങളും മനുഷ്യനിർമ്മിതമാണ്. അവ ദൈവവചനത്തിന്റെ ഭാഗമല്ല. എങ്കിലും ബൈബിളിൽ ഇപ്പോൾ അദ്ധ്യായങ്ങളും വാക്യങ്ങളും ഉള്ളതുകൊണ്ട് അവയേക്കുറിച്ചു പറയാം. പക്ഷേ വാക്കുകളും അക്ഷരങ്ങളും എണ്ണി പറയുമ്പോൾ ഒരു പ്രശ്നമുണ്ടാകുന്നു. ഏതു ബൈബിളിലെ കാര്യമാണ് ഇയാൾ പറയുന്നത്? സത്യവേദപുസ്തകം എന്ന് എടുത്തു പറയുന്നു. ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച മലയാളം ബൈബിളിന്റെ പേരാണു സത്യവേദ പുസ്തകം എന്നത്. പത്തുലക്ഷത്തി പതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റേഴു വാക്കുകൾ, മുപ്പത്തഞ്ചു ലക്ഷത്തി പതിനായിരത്തി നാനൂറ്റി എൺപത്തിനാല് അക്ഷരങ്ങൾ എന്നിങ്ങനെയാണു സത്യവേദപുസ്തകത്തിൽ ഉള്ളതെന്ന് ഇയാൾ എങ്ങനെ കണ്ടു പിടിച്ചു? മലയാളത്തിൽ മറ്റു ചില തർജ്ജമകൾകൂടി ഉണ്ടല്ലോ. അവയിലെ കണക്ക് ഏതായാലും ഇതായിരിക്കയില്ല. മറ്റു ഭാഷകളിലുള്ള കണക്കു പറയേണ്ടതുമില്ല. യഥാർത്ഥ ബൈബിൾ എന്നത് എബ്രായ പഴയനിയമവും ഗ്രീക്ക് പുതിയനിയമവുമാണ്. അവയിൽ പത്തു ലക്ഷത്തി പതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റേഴു വാക്കുകളും മുപ്പത്തഞ്ചു ലക്ഷത്തി പതിനായിരത്തി നാനൂറ്റി എൺപത്തി നാല് അക്ഷരങ്ങളുമാണോ ഉള്ളത്? ഇതൊന്നും അവറാനു പ്രശ്നമല്ല. പെന്തക്കോസ്തിലെ കഴുതകൾ ഇതൊക്കെ കേട്ട് ഹാലേലൂയ്യാ പറയുമെന്ന് അവറാനറിയാം.

സത്യവേദപുസ്തകം ചുമക്കുന്നതു ഭാഗ്യമാണെന്ന് ബൈബിളിൽ പറയുന്നുണ്ടോ? വേദപുസ്തകം ചുമക്കുക എന്നൊരു ആശയമെങ്കിലും ബൈബിളിലുണ്ടോ? ഉണ്ടെങ്കിൽ എവിടെ? "നിങ്ങൾ ഈ പുസ്തകം ചുമന്നാൽ നിങ്ങൾക്കിതു ചുമക്കുവാൻപോലും ആരോഗ്യമില്ലാത്തപ്പോൾ ഇതു നിങ്ങളെ ചുമക്കും" എന്ന് ആരാണാവോ പറഞ്ഞത്? ഇത്തരം ചപ്പടാച്ചികൾ കേട്ട് ആത്മാവിലാകാൻ ആയിരങ്ങളുണ്ടെന്നതു ശരിതന്നെ.

പക്ഷേ കൺവൻഷൻ സ്റ്റേജിൽ കയറിനിന്ന് ഈ വിവരക്കേടുകൾ എഴുന്നെള്ളിക്കുമ്പോൾ ദൈവനാമം ദുഷിക്കയാണു ചെയ്യുന്നത്.

ഭൂരിപക്ഷം പ്രസംഗങ്ങളിലും അവറാൻ എന്തെങ്കിലും സാഹചര്യമുണ്ടാക്കി പൗലോസിനേക്കുറിച്ചു പറയും. എല്ലായിടത്തും പറയുന്നത് ഒന്നുതന്നെ:

"ആരാണു പൗലോസ്? തർസോസിലെ കോടീശ്വരൻ, കപ്പൽ വ്യാപാരിയുടെ മകൻ, എപ്പിക്ക്യൂറിയനിസം, സ്റ്റോയിസിസം, പ്ലാറ്റോണിസം, സിനിസിസം, സോഫിസം, എന്നുവേണ്ട, ലോകത്തിലെ സകല ഇസങ്ങളും അരച്ചു കലക്കി കുടിച്ചവൻ. അഥനഗോസസിന്റേയും പെഥഗോറസിന്റേയും പാദപീഠത്തിലിരുന്നു ദോഷിക ദാർശനിക തത്ത്വശാസ്ത്രം പഠിച്ചവൻ, ഹില്ലേലിന്റെയും ഗമാലിയേലിന്റെയും പാദപീഠത്തിലിരുന്ന് ന്യായ പ്രമാണത്തിന്റെ മുടിനാരിഴ കീറിമുറിച്ചു പഠിച്ചവൻ, തീർന്നില്ല, മികവുറ്റ താർക്കികൻ, കിടയറ്റ ചിന്തകൻ, തികവുറ്റ എഴുത്തുകാരൻ, ആയുരാരോഗ്യ സുഖഭോഗമാനാഭിമാനം, ഇത്യാദി പരിത്യജിച്ച ത്യാഗവര്യൻ.....". പൗലോസ് കുറഞ്ഞ പുള്ളിയല്ലെന്നു മനസ്സിലായല്ലോ. ഇതു പറഞ്ഞ അവറാൻ എത്ര വലിയ പുള്ളിയാണെന്നു പറയേണ്ടതുമില്ല.

ഇന്ത്യൻ സ്വാതന്ത്ര്യ സമരമാകട്ടെ അടുത്തത്. അവറാൻ അലറുന്നു: "1947 ഓഗസ്റ്റുമാസം 14-ാം തീയതി ഡൽഹി ബിർലാ മന്ദിരത്തിൽ വച്ച് ഇന്ത്യൻ ഇന്റിപ്പെന്റന്റ് ആക്ട് ആനുസരിച്ച് അന്നത്തെ വൈസ്രോയിയായിരുന്ന മൗണ്ട് ബാറ്റൻ പ്രഭു ഇന്ത്യക്കു സ്വാതന്ത്ര്യം നൽകി. സർദ്ദാർ വല്ലഭായി പട്ടേൽ, ഗോപാല കൃഷ്ണ ഗോഖലെ, ബാല ഗംഗാധര തിലകൻ, സുഭാഷ് ചന്ദ്രബോസ്, മൗലാനാ ആസാദ്, ജിന്നാ സാഹിബ്, അംബേദ്ക്കർ തുടങ്ങിയ അന്നത്തെ സ്വാതന്ത്ര്യ സമര സേനാനികൾ ബ്രിട്ടീഷുകാരുടെ തൂക്കു മരത്തിൽ ഊഞ്ഞാലാടി വന്ദേമാതരം പാടി ഇന്ത്യാ മഹാരാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തന്നു."

ഇവിടെ പ്രാസം പ്രയോഗിച്ചാൽ ചരിത്രം കോഞ്ഞാട്ടയാകും. അതുകൊണ്ട് പ്രാസത്തേക്കാളധികം വേഗതയ്ക്കാണ് അവറാൻ പ്രാധാന്യം കൊടുത്തിരിക്കുന്നത്. ഈ വാചകം ഒറ്റ ശ്വാസത്തിൽ പറഞ്ഞു (എന്നു ജനത്തെ ധരിപ്പിച്ചു.) സ്പീഡിന്റെ കൂടുതൽ മൂലം പല പേരുകളും മുഴുവൻ പറഞ്ഞില്ല. സ്ക്കൂളിൽ വച്ചു പഠിച്ച ചരിത്രം ഈ വാചകമടിക്കു സഹായകമായി. പക്ഷേ ചില വിവരക്കേടുകൾ കടന്നുകൂടിയത് അവറാൻ അറിഞ്ഞിട്ടില്ല.

ഇന്ത്യൻ ഇന്റിപ്പെന്റന്റ് ആക്ട് അല്ല ഇന്ത്യൻ ഇന്റിപ്പെന്റസ് ആക്ട് ആണെന്നത് ഒരു പ്രശ്നം. 1947 ജൂലൈ 18ന് ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ ഈ ആക്ട് അനുസരിച്ചാണ് ഇന്ത്യയെ വിഭജിച്ചതും സ്വാതന്ത്ര്യം നൽകിയതും. ഗോപാലകൃഷ്ണ ഗോഖലെ 1915 ഫെബ്രുവരി 19ന് മരിച്ചു. അദ്ദേഹമോ അക്കാലത്തുള്ള നേതാക്കളോ ഇന്ത്യക്കു സ്വാതന്ത്ര്യം വേണമെന്ന് ആവശ്യപ്പെട്ടിരുന്നില്ല. ബാല ഗംഗാധര തിലകൻ "സ്വരാജ്യം എന്റെ ജന്മാവകാശമാണ്" എന്നു പ്രഖ്യാപിച്ചെങ്കിലും കോൺഗ്രസ്സ് അക്കാലത്ത് സമ്പൂർണ്ണ സ്വാതന്ത്ര്യമെന്ന ആവശ്യം മുൻപോട്ടു വച്ചിരുന്നുമില്ല. ജിന്നാ സാഹിബ് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയല്ല പാകിസ്ഥാനുവേണ്ടിയാണു പോരാടിയത്. ഇന്ത്യയെ വിഭജിക്കാൻ കാരണമായത് അദ്ദേഹത്തിന്റെ കടുംപിടുത്തമായിരുന്നു. പക്ഷേ ഇതൊന്നും അവറാനു പ്രശ്നമല്ല. കുറെ പേരുകൾ ഒറ്റ ശ്വാസത്തിൽ പറഞ്ഞതോടെ അവറാൻ ചരിത്രപണ്ഡിതനായി.

ദൈവത്തേക്കുറിച്ചു പറഞ്ഞ് ജനത്തെ ഇളക്കുന്നതെങ്ങനെ എന്നു നോക്കൂ: "അവൻ ആർദ്രതയുള്ള ദൈവം, അവൻ കരുണാസമ്പന്നനായ ദൈവം, അവൻ പാപമോചകനായ ദൈവം, അവൻ സകലരോഗങ്ങളേയും സൗഖ്യമാക്കുന്ന ദൈവം, ഇന്നു രാത്രിക്കാലം നമ്മുടെ ഹൃദയങ്ങളിലെ വേദന അറിയുന്ന ദൈവം, നിന്റെ തലമുറയെ മാനിച്ച ദൈവം, ശ്രേഷ്ഠന്മാരോടുകൂടി ഇരുത്തിയ ദൈവം, നിനക്കു ശബ്ദം തന്ന ദൈവം, നിനക്കു ജീവൻ തന്ന ദൈവം, ആരോഗ്യം തന്ന ദൈവം, അണ്ഡകടാഹങ്ങളെ സൃഷ്ടിച്ചവൻ, ആകാശത്തെ വിരിച്ചവൻ, സപ്തസാഗരങ്ങൾക്ക് പഞ്ചസാര മണൽ കൊണ്ട് അതിരു നിശ്ചയിച്ചവൻ, ഇരുന്നവൻ, ഇരിക്കുന്നവൻ, വരുന്നവൻ, അൽഫയും ഒമേഗയും ആദ്യനും അന്ത്യനും ഭൂരാജാക്കൻമാർക്ക് അധിപതി, നിത്യനിയമത്തിന്റെ രക്തത്താൽ ആടുകൾക്കുവേണ്ടി ജീവനെ കൊടുത്തവൻ, കരുണാശീതളൻ, വയോധികനായ പിഞ്ചുശിശു, അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ളവൻ, മാറത്തു പൊൻകച്ച കെട്ടിയവൻ, വെള്ള നിലയങ്കി ധരിച്ചവൻ, പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ശബ്ദമുള്ളവൻ, ഇരുവായ്ത്തലയുള്ള വാൾ വായിൽ നിന്നു പുറപ്പെടുന്നവൻ, ഊഴിയെ ഊരിയ നാരി എടുത്തവൻ, പർവ്വതങ്ങളെ വെള്ളിക്കോലുകൊണ്ട് അളക്കുന്നവൻ, ആകാശത്തിന്റെ പരിണാമത്തെ ചാണുകൊണ്ടളക്കുന്നവൻ, കുരുടനു കാഴ്ച കൊടുത്തവൻ, മുടന്തനെ നടത്തിയവൻ, കുഷ്ഠരോഗിയെ സൗഖ്യമാക്കിയവൻ..... ". പകുതി ആയതേയുള്ളൂ, പക്ഷേ സ്ഥലപരിമിതിമൂലം നിർത്തുന്നു. മുഴുവനും കേൾക്കണമെന്നുള്ളവർ യൂട്യൂബിലെ ലിങ്ക് കാണുക. കരുണാശീതളൻ, ഊഴിയെ ഊരിയ നാരി എടുത്തവൻ എന്നൊക്കെ പറഞ്ഞാൽ എന്താണർത്ഥമെന്നറിഞ്ഞുകൂടാ. അർത്ഥം എന്തുതന്നെ ആയാലും ഇതൊക്കെ കേട്ട് ജോൺസൺ ദാനിയേൽ ചാടി എഴുന്നേറ്റു തുള്ളുന്നു, മറ്റുള്ളവരെ എഴുന്നേൽപ്പിച്ച് ചാടിക്കുന്നു, സകല പെണ്ണുങ്ങളും ചന്തി നിലത്തടിച്ച് ഉശിരോടെ തുള്ളുന്നു. പോരേ പൂരം. അവറാനെന്നല്ല, ഇത്തരം ചെപ്പടിവിദ്യകൾ കൈവശമുള്ള ഏതു കൊച്ചുണ്ണിക്കും പെന്തക്കോസ്തിലെ ഉണർവ്വു പ്രസംഗകനാകാം, ജനപ്രിയനാകാം, വ്യഭിചരിക്കാം, കുശാൽ.

# ഡിഫെൻഡർ – 2010 ഫെബ്രുവരി 1

പ്രസംഗത്തിലൂടെ എങ്ങനെ വലിയവനാകാം എന്ന വിഷയമാണ് നാം ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഈ ലക്കത്തിലും അതുതന്നെ പറയാം.

പെന്തക്കോസ്ത് പ്രസംഗങ്ങൾ ഉണർവ്വു പ്രസംഗങ്ങളാണ്, ആയിരിക്കയും വേണം. ഉണർവ്വില്ലെങ്കിൽ പ്രസംഗം പരാജയമാകും. ഉണർവ്വെന്നു പറഞ്ഞാൽ അർത്ഥശൂന്യമായ ബഹളം എന്നർത്ഥം. എന്താണു പറഞ്ഞതെന്നുപോലും ശ്രദ്ധിക്കാതെ കൈയ്യടിക്കയും ബഹളം കൂട്ടുകയും ചെയ്താൽ പെന്തക്കോസ്തിലെ ഉണർവ്വായി. “സാത്താനാണു നമ്മുടെ ദൈവം” എന്നു ഹാലേലൂയ്യായുടെ അകമ്പടിയോടെ പറഞ്ഞാലും പെന്തക്കോസ്തുകാർക്ക് ഉണർവ്വുണ്ടാകും.

പെന്തക്കോസ്തിൽ ഉണർവ്വുണ്ടാക്കാൻ ചില ടെക്കിനിക്കുകളൊക്കെ അറിഞ്ഞിരിക്കണം. ഹാലേലൂയ്യാ, സ്തോത്രം, പ്രെയ്സ് ദ ലോഡ്, ഗ്ലോറി, രക്തം, ആമേൻ, യേസ് തുടങ്ങിയ വാക്കുകൾ പുട്ടിനു പീരപോലെ ഇട്ടാണ് ഉണർവ്വുണ്ടാക്കുന്നതെന്നു സാമാന്യമായി പറയാമെങ്കിലും ഈ വാക്കുകൾ യഥാവിധി ഉപയോഗിക്കാൻ അറിഞ്ഞിരിക്കണം. ചില ഉദാഹരണങ്ങൾ കൊണ്ട് ഈ വിഷയം വ്യക്തമാക്കാം. കുപ്രസിദ്ധ ജനപ്രിയ വിഡ്ഢിയായ അവറാൻ പ്രയോഗിക്കുന്ന ഒരു തന്ത്രമാകട്ടെ ആദ്യം.

പ്രസംഗിക്കാനായി അവറാൻ എഴുന്നേറ്റാൽ ഉടൻ ഒരു സ്തോത്രം പറയും. ആരും പ്രതികരിക്കുകയില്ല. ഉടൻ അല്പംകൂടി ഉച്ചത്തിൽ ഒരു സ്തോത്രം കൂടി പറയും. ഇത്തവണയും കാര്യമായ പ്രതികരണമുണ്ടാകുകയില്ല. അടുത്ത സ്തോത്രം കൂടുതൽ ഗൗരവത്തിലായിരിക്കും. അപ്പോൾ മൂന്നോ നാലോ പേർ സ്തോത്രം പറയും. അവറാന്റെ അടുത്ത സ്തോത്രം സാമാന്യം നല്ല കടുപ്പത്തിലായിരിക്കും. അതിനു മറുപടിയായി കൂടുതൽ ആളുകൾ സ്തോത്രം പറയും. തുടർന്ന് രണ്ടോ മൂന്നോ സ്തോത്രങ്ങൾ കൂടി പറയുന്നതോടെ യോഗത്തിനു വന്നിട്ടുള്ള ഭൂരിപക്ഷം വിഡ്ഢികളും സ്തോത്രം പറഞ്ഞിരിക്കും. ഒരു നീണ്ട ഹാലേലൂയ്യാ പറഞ്ഞ്, എന്തോ സാധിച്ച മട്ടിൽ ഇടത്തോട്ടും വലത്തോട്ടും നോക്കുകയും ഏമ്പക്കം പോലെ ഒരു ആമേൻ പറഞ്ഞ് ഈ കലാപരിപാടിക്കു വിരാമം കുറിക്കുകയും ചെയ്യും. അതോടെ “ഓപ്പറേഷൻ ഉണർവ്വ്” വിജയകരമായി തുടങ്ങി എന്നുറപ്പിക്കാം.

ഈ വിദ്യ അല്പം സൂക്ഷിച്ചു പ്രയോഗിച്ചില്ലെങ്കിൽ വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയാകും. ചില സ്ഥലങ്ങളിലുള്ള ശ്രോതാക്കൾ വിരുതൻമാരാണ്. പ്രസംഗകൻ എത്ര സ്തോത്രം പറഞ്ഞാലും അവർ പ്രതികരിക്കില്ല. നാലോ അഞ്ചോ വട്ടം സ്തോത്രം പറഞ്ഞിട്ടും ശ്രോതാക്കൾ പ്രതികരിച്ചില്ലെങ്കിൽ പ്രസംഗകൻ ബ്ലീച്ചടിക്കും. അതോടെ പ്രസംഗകന്റെ ആത്മവിശ്വാസവും പമ്പകടക്കും. പിന്നീടുള്ള പ്രസംഗം അറുബോറായിരിക്കുമെന്നു വിശേഷിച്ചു പറയേണ്ടതുമില്ല. അതു കൊണ്ടു സദസ്സിന്റെ പൾസ് നോക്കി വേണം സ്തോത്രം പ്രയോഗിക്കാൻ. പക്ഷേ അതെങ്ങനെ കണ്ടെത്തും?

സദസ്സിന്റെ മൂഡ് ഊഹിച്ചെടുക്കാൻ ചില നൊടുക്കു വിദ്യകളൊക്കെയുണ്ട്. പ്രസംഗം ആരംഭിക്കുന്നതിനു മുൻപ് പാട്ട്, പ്രാർത്ഥന തുടങ്ങിയതൊക്കെ നടക്കുമല്ലോ. ആ സമയത്തു ശ്രോതാക്കളെ നിരീക്ഷിക്കുക. വെറുതെ സ്തോത്രവും ഹാലേലൂയ്യായും മറ്റും പറഞ്ഞു ബഹളം കൂട്ടുന്നവരാണു ഭൂരിപക്ഷമെങ്കിൽ സ്തോത്രസൂത്രം വിജയിക്കും. പക്ഷേ പാട്ടു പാടുമ്പോഴും പ്രാർത്ഥിക്കുമ്പോഴും വലിയ ബഹളങ്ങളൊന്നുമില്ലെങ്കിൽ സ്തോത്രം ചീറ്റും.

ആമേൻ എന്ന വാക്കും ഉണർവ്വുണ്ടാക്കാൻ ഉപയോഗിക്കാം. ഗൗരവമുള്ളതെന്നു തോന്നുന്ന വാചകങ്ങൾ പറഞ്ഞിട്ട് ആമേൻ..... ആമേൻ.... എന്നിങ്ങനെ നാലഞ്ചുവട്ടം ആവർത്തിച്ചാൽ കുറേപ്പേരെങ്കിലും സ്തോത്രം പറയും. ആമേനോടൊപ്പം അല്പം വൈബ്രേഷൻ കൂടി ചേർത്തുനോക്കൂ. പത്തിരട്ടി ഫലം നിശ്ചയം. എന്താ കാരണം? ഉണർവ്വിന്റെ രാസത്വരകമാണു വൈബ്രേഷൻ. എവിടെ വൈബ്രേഷനുണ്ടോ അവിടെ ഉണർവ്വുമുണ്ട്. സംശയമുള്ളവർ ഉണർവ്വു പ്രസംഗങ്ങൾ ശ്രദ്ധിച്ചു കേട്ട് വൈബ്രേഷനുകൾ എണ്ണുക.

മൈക്കിലൂടെ അലറിയും ഉണർവ്വുണ്ടാക്കാം. ഇത്തരം അലറൽ വിദഗ്ദ്ധരുടെ മാസ്റ്റർ പീസാണ് ഹാലേലൂയ്യാ. സ്വർഗ്ഗത്തിൽ ഹാലേലൂയ്യാ കേട്ടത് ഇടിമുഴക്കം പോലെയാണ് എന്നൊരു ന്യായവും പറയാൻ കഴിയും. പക്ഷേ സൂക്ഷിച്ച് അലറണം. അല്ലെങ്കിൽ ആംപ്ലിഫയർ കരിഞ്ഞുപോകും.

യേസ് എന്ന ഇംഗ്ലീഷ് വാക്കിന് ഉണർവ്വുമായി എന്തു ബന്ധം? ഒരു ബന്ധവുമില്ല എന്നു പറയാൻ വരട്ടെ. വല്ലഭനു പുല്ലുമായുധം എന്നു പറഞ്ഞതുപോലെ യേസ് എന്ന വാക്കും ഉണർവ്വുണ്ടാക്കാൻ ഉപയോഗിക്കാം. ഈ മഹത്തായ വിദ്യ കണ്ടുപിടിച്ചത് ജനപ്രിയവിഡ്ഢിയാണ്. രണ്ടു വർഷം മുൻപു തിരുവനന്തപുരത്തു നടന്ന ജയോത്സവത്തിൽ ഈ വിദ്വാൻ യേസ് പറഞ്ഞ് ജനത്തെ ശരിക്കും ഇളക്കി. മൂന്നൂറിൽ അധികം യേസുകളാണ് ഇയാൾ അവിടെ പറഞ്ഞത്. യേസ്, യേസ്, യേസ് എന്നു നിലവിളിച്ചുകൊണ്ട് ഇയാൾ സ്റ്റേജിലൂടെ വെരുകിനേപ്പോലെ ഓടി. ജനക്കൂട്ടം ഇളകിമറിഞ്ഞു. ഹോ, എന്തൊരു ഉണർവ്വായിരുന്നെന്നോ! ഇതുപോലൊരു ഉണർവ്വ് ആ പ്രദേശത്തെന്നല്ല കേരളത്തിൽ ഒരിടത്തും പിന്നീടുണ്ടായിട്ടില്ല.

പ്രസംഗത്തിനിടയിൽ ജനം സ്തോത്രവും ഹാലേലൂയ്യായും പറഞ്ഞുകൊണ്ടിരുന്നില്ലെങ്കിൽ ഉണർവ്വു പ്രസംഗകർക്കു പ്രസംഗിക്കാനാവില്ല. അതുകൊണ്ട് സുരേഷ് ബാബുവിനേപ്പോലുള്ളവർ ഒരു വിദ്യ പ്രയോ

ഗിക്കും. ഇടയ്ക്കൊക്കെ അവർ പറയും: "എല്ലാവരും ഒരു ഹാലേലൂയ്യാ പറഞ്ഞാട്ടെ". ഉടൻ എല്ലാവരും ഹാലേലൂയ്യാ പറയും. ഹാലേലൂയ്യാ കൈപൊക്കി മാത്രമേ പറയാവൂ എന്നത് അലിഖിത നിയമമാണ്. അതുകൊണ്ട് കൈപൊക്കാൻ വിശേഷിച്ചു പറയേണ്ടതില്ല.

മുഖസ്തുതി ഇഷ്ടപ്പെടാത്ത മനുഷ്യരില്ല എന്ന വസ്തുത സകല പ്രസംഗകരും അറിഞ്ഞിരിക്കണം. സദസ്യരെ മുഖസ്തുതികൊണ്ടു മൂടിയാൽ നിങ്ങൾ വിജയിച്ചു. പക്ഷേ എങ്ങനെയാണ് ഒരു സദസ്സിനോടു മുഴുവൻ മുഖസ്തുതി പറയുന്നത്? കെ.സി.ജോണിന്റെ പ്രസംഗം ശ്രദ്ധിച്ചു പഠിച്ചാൽ ഈ വിദ്യ നിങ്ങൾക്കും സ്വായത്തമാക്കാം. "നിങ്ങൾ കുറഞ്ഞ പുള്ളികളല്ല" എന്നു നിരന്തരം പറയുക എന്നതാണ് ഈ വിദ്യയുടെ മർമ്മം. നിന്നിലുള്ള അഭിഷേകം അത്യുഗ്രനാണ്, നിന്നെ സാത്താൻ തൊടുകയില്ല, ഇതാ അനുഗ്രഹം നിനക്കായി കാത്തിരിക്കുന്നു എന്നിങ്ങനെ വേണം പ്രസംഗിക്കാൻ. ഇതൊക്കെ കേൾക്കുമ്പോൾ "അമ്പടാ ഞാനേ" എന്നു സകല ശുംഭൻമാരും അഭിമാനിക്കും. ഈ അഭിമാനമാണു നമ്മുടെ തുറുപ്പുചീട്ട്. അടുത്ത വർഷവും നമുക്കു പ്രോഗ്രാം ഉറപ്പ്.

മുഖസ്തുതിയുടെ അനന്ത സാദ്ധ്യതകൾ കണ്ടറിഞ്ഞവനാണ് അവറാൻ. അതുകൊണ്ട് ഈ വിഷയത്തിൽ അവറാനേയും നിങ്ങൾക്കു മാതൃകയാക്കാം. സംഘാടകരെ വാനോളം പുകഴ്ത്തുക എന്നതാണ് അവറാന്റെ തന്ത്രം. എത്ര എതിർപ്പുണ്ടായിട്ടും ജോൺസൺ ദാനിയേൽ അവറാനെ പ്രസംഗത്തിനു വിളിക്കുന്നതിന്റെ ഗുട്ടൻസ് ഇതാണ്. ചെറുവക്കൽ പ്രദേശത്തിന്റെ നിലനിൽപ്പുതന്നെ ജോൺസൺ ദാനിയേലിലാണ് എന്ന പരുവത്തിലത്രേ അവറാന്റെ മുഖസ്തുതി. ഇതൊക്കെ കേട്ട് ജോൺസൺ സുഖിച്ചിരിക്കുന്ന ദൃശ്യം ഒന്നു കാണേണ്ടതുതന്നെയാണ്.

ശ്രോതാക്കൾ വലിയ പണ്ഡിതരാണെന്നു പറയാതെ പറഞ്ഞും അവറാൻ ജനപ്രീതി നേടാറുണ്ട്. എന്തെങ്കിലും വിവരക്കേടു പറഞ്ഞിട്ട് "മനസ്സിലായവർക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു" എന്നുകൂടി തട്ടിവിടും. അവറാൻ പറഞ്ഞതു വിവരക്കേടാണ് എന്നതിൽ കവിഞ്ഞ് വിശേഷിച്ചു മനസ്സിലാക്കാൻ ഒന്നുമില്ല എന്നതാണു സത്യം. എങ്കിലും പെന്തക്കോസ്തിലെ കഴുതകളുടെ ഇടയിൽ ഈ വിദ്യ ശരിക്കു ഫലിക്കും.

ഉണർവ്വും സ്റ്റേജിന്റെ നീളവും തമ്മിൽ ബന്ധമുണ്ടോ? ഉണ്ടേയുണ്ട്. സ്റ്റേജിന് എത്രത്തോളം നീളം കൂടുന്നോ അത്രയും നന്ന്. സ്റ്റേജിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഓടിക്കൊണ്ടുവേണം പ്രസംഗിക്കാൻ. നല്ല ഒരു ഉണർവ്വു പ്രസംഗകൻ സ്റ്റേജിലൂടെ ഒരു വർഷം ഓടുന്നത്ര ദൂരം മേലോട്ടു പോയാൽ ചന്ദ്രനിൽ ചെല്ലുമെന്നുറപ്പ്. "ഓട്ടം തികച്ചു" എന്നു പൗലോസ് പറഞ്ഞത് ഈ ഓട്ടത്തേക്കുറിച്ചാണെന്നൊരു വ്യാഖ്യാനം ഭാവിയിൽ അവറാൻ നടത്തിക്കൂടെന്നില്ല.

കോഡ്ലസ്സ് മൈക്കിന്റെ ആവിർഭാവം പെന്തക്കോസ്തിലെ ഉണർവ്വിനു കരുത്തേകി എന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. രണ്ടു പതിറ്റാണ്ടു മുൻപുവരെ പ്രസംഗകർ ഒരു സ്ഥലത്തു നിന്നു പ്രസംഗിക്കയാണു ചെയ്തിരുന്നത്. പ്രസംഗകന്റെ മുൻപിലുള്ള മേശയിൽ വേദപുസ്തകം വച്ചായിരുന്നു പ്രസംഗം. പിന്നീട് മൈക്ക് ഊരിയെടുത്തു പ്രസംഗിക്കാൻ തുടങ്ങി. ക്രമേണ ഓട്ടവും ആരംഭിച്ചു. മുൻപിലുള്ള മേശ ഓട്ടത്തിനു തടസ്സമാണെന്നു വന്നതോടെ മേശ ഒഴിവാക്കി. പക്ഷേ മൈക്കിന്റെ വയർ പ്രശ്നം സൃഷ്ടിച്ചു. വയറിൽ കാലു കുരുങ്ങാതെ ഓടാൻ വളരെ ശ്രദ്ധ വേണമായിരുന്നു. ഈ പ്രശ്നം എങ്ങനെ പരിഹരിക്കും എന്നു ചിന്തിച്ചിരിക്കുമ്പോഴാണ് കോഡ്ലസ്സ് മൈക്ക് എത്തിയത്. അതോടെ ഓട്ടം പൂർവ്വാധികം ഉഷാറായി. വയറിൽ തട്ടി വീഴുമെന്ന ഭയം കൂടാതെ, സർവ്വതന്ത്ര സ്വതന്ത്രരായി ഓടാം.

പ്രസംഗം പരമാവധി രസകരമാക്കാൻ ഏവരും ശ്രദ്ധിക്കണം. തമാശ പറയുകയാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. തമാശകൾ എവിടെനിന്നുകിട്ടും എന്നാണു ചോദ്യമെങ്കിൽ ഉത്തരം ലളിതം: മിമിക്രി കാസറ്റുകൾ കേൾക്കുക. വാരികകളിൽ വരുന്ന ഫലിതബിന്ദുക്കൾ വായിക്കുക. ഇങ്ങനെയൊക്കെ ലഭിക്കുന്ന ആശയങ്ങൾ അതേപടി ഉപയോഗിക്കരുത്. സ്ഥലവും കാലവും മറ്റും മാറ്റണം. അല്പം ആത്മീയം ചേർക്കാനും മറക്കരുത്. ഇങ്ങനെ മോഡിഫൈ ചെയ്തെടുത്ത ഫലിതങ്ങൾ സാഹചര്യത്തിനനുസരിച്ചു പ്രയോഗിക്കാൻ കൂടി പഠിച്ചാൽ നിങ്ങൾ നേടി. ഈ വിദ്യ ഫലപ്രദമായി വിനിയോഗിച്ചു ജനപ്രിയരായവരിൽ പ്രമുഖൻ അവറാനാണ്. മലയാളത്തിൽ ഇറങ്ങിയ സകല മിമിക്രികളും ഇവൻ അടിച്ചുമാറ്റി ആത്മീയമാക്കികളഞ്ഞു.

ജനങ്ങളിൽ നിന്നു പരമാവധി അകലം പാലിക്കാൻ പ്രസംഗകൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ നിങ്ങളുടെ ദിവ്യപരിവേഷം നഷ്ടമാകും. പ്രസംഗം തുടങ്ങാറാകുമ്പോൾ മാത്രമേ സ്റ്റേജിൽ എത്താവൂ. പ്രസംഗം കഴിഞ്ഞാലുടൻ സ്ഥലം വിടകയും വേണം. ഈ തന്ത്രം എങ്ങനെ പ്രയോഗിക്കണമെന്നു പഠിക്കാൻ സുരേഷ് ബാബുവിനെ മാതൃകയാക്കുക.

ഡേറ്റ് ചോദിച്ചു വരുന്നവർക്കെല്ലാം പ്രോഗ്രാം കൊടുക്കുന്ന പരിപാടി വേണ്ടെന്നു വയ്ക്കണം. ചെറിയ കൺവൻഷനുകൾക്കു ഡേറ്റ് കൊടുക്കരുത്. ജനറൽ കൺവൻഷൻ, ഡിസ്ട്രിക്ട് കൺവൻഷൻ, ഐക്യ ക്രൂസേഡ്, പ്രധാന ലോക്കൽ സഭകളുടെ കൺവൻഷനുകൾ എന്നിങ്ങനെവേണം പ്രാധാന്യം തീരുമാനിക്കാൻ. ചെറിയ ലോക്കൽ സഭകളുടെ കൺവൻഷനുകൾ, ചെറുകിട ക്രൂസേഡുകൾ തുടങ്ങിയവ ഒഴി

വാക്കണം. വിദേശ മലയാളികൾ സ്പോൺസർ ചെയ്യുന്ന ക്രൂസേഡുകൾ വിട്ടുകളയാതിരിക്കാനും ശ്രദ്ധിക്കണം. നല്ലൊരു കൈമടക്കു കിട്ടുമെന്നു മാത്രമല്ല ഭാവിയിൽ ചില വിദേശയാത്രകളൊക്കെ നടത്താൻ ഈ ബന്ധം സഹായകമാകും. ഇത്തരം കൺവൻഷനുകളിൽ പ്രസംഗിക്കുമ്പോൾ സ്പോൺസറെ വാനോളം പുകഴ്ത്തണം. അദ്ദേഹത്തേപ്പോലുള്ളവർ ഈ ഭൂലോകത്തുള്ളതുകൊണ്ടാണ് ഈ ഭൂമി ഇങ്ങനെ നിലനിന്നുപോകുന്നതെന്നുവരെ തട്ടി വിടണം. അടുത്ത വർഷവും പ്രോഗ്രാം ഉറപ്പ്.

എങ്ങനെ പ്രസംഗകനാകാം എന്ന വിഷയത്തേക്കുറിച്ചാണ് കഴിഞ്ഞ മൂന്നു ലക്കങ്ങളായി പറഞ്ഞുകൊണ്ടിരുന്നത്. മറ്റു വിഷയങ്ങൾ കൂടി വിശദീകരിക്കേണ്ടതുള്ളതിനാൽ ഈ വിഷയം ഇനി നീട്ടുന്നില്ല. പെന്തക്കോസ്തിലെ വ്യാജൻമാർ പ്രസംഗത്തിലൂടെ എങ്ങനെയാണു സാധുക്കളെ കബളിപ്പിക്കുന്നതെന്നു വിശദീകരിക്കാനാണ് ഇതുവരെ ശ്രമിച്ചത്. സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം കാര്യങ്ങൾ മനസ്സിലായിക്കാണും എന്നു കരുതുന്നു.

ജയ്മോഹൻ വരച്ച ഒരു കാർട്ടൂൺ കണ്ടപ്പോഴാണ് ഈ ലേഖനം വിപരീത ഫലംകൂടി ചെയ്യാനിടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽ പെട്ടത്. (ആദ്യ പേജിൽ കൊടുത്തിരിക്കുന്ന കാർട്ടൂൺ ശ്രദ്ധിക്കുക) എങ്ങനെ ഫലപ്രദമായി തട്ടിപ്പു നടത്താം എന്നു വിശദീകരിക്കുന്നതിലൂടെ തട്ടിപ്പുകാരുടെ തന്ത്രങ്ങൾ ദൈവമക്കൾക്കു ബോദ്ധ്യപ്പെടുത്താനാണു ഡിഫെൻഡർ ശ്രമിക്കുന്നത്. പക്ഷേ ഡിഫെൻഡറിൽ വിവരിച്ച തന്ത്രങ്ങൾ പ്രയോഗിച്ച് ജനവഞ്ചന നടത്താൻ ചിലരെങ്കിലും ശ്രമിക്കാനിടയുണ്ട്. അതുകൊണ്ടു ദൈവമക്കൾ പരമാവധി സൂക്ഷിക്കുക. ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്നവരെ കണ്ണടച്ചു വിശ്വസിക്കരുത്. പരിചയമില്ലാത്തവരെ വീട്ടിൽ കയറ്ററുത്. പണം കൊടുത്തു പ്രോത്സാഹിപ്പിക്കയുമരുത്.

# ഡിഫെൻഡർ - 2010 ഫെബ്രുവരി 16

പ്രസംഗം, പ്രവചനം തുടങ്ങി ആത്മീയ ലോകത്തു ഷൈൻ ചെയ്യാൻ മാർഗ്ഗങ്ങൾ പലതുണ്ടെങ്കിലും രോഗശാന്തിയാണ് ഏറ്റവും ആദായകരമായ പരിപാടി. ഓറൽ റോബർട്സ്, ബെന്നിഹീൻ, പോൾ യോംഗിചോ, മോറിസെറില്ലോ തുടങ്ങിയ വിദേശികൾ മുതൽ ദിനകരൻ, സുരേഷ് ബാബു, സാമച്ചൻ, മുല്ലക്കര, തങ്കു തുടങ്ങിയ സ്വദേശികൾ വരെയുള്ളവർ ജനവഞ്ചന നടത്തി വിജയിച്ചത് രോഗശാന്തിത്തട്ടിപ്പിലൂടെയാണ്. വ്യാജരോഗശാന്തിയിലൂടെ എങ്ങനെ വലിയവനാകാം എന്നു വിവരിക്കുന്നതിനു മുൻപായി ചില വസ്തുതകൾ വ്യക്തമാക്കട്ടെ:

ദൈവീക രോഗശാന്തി എന്നൊന്നുണ്ട്. ഒന്നാം നൂറ്റാണ്ടിൽ നടന്ന അത്ഭുതങ്ങളെല്ലാം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും നടക്കും. ദൈവാത്മാവിൽ നിറഞ്ഞ്, തികച്ചും വചനാനുസൃതമായി രോഗശാന്തി ശുശ്രൂഷ ചെയ്യുന്ന ദൈവദാസൻമാർ ഏറെയുണ്ട്. പക്ഷേ അവർ ദൈവത്തിനു മഹത്വം കൊടുക്കുന്നവരായതുകൊണ്ട് അവരെ മിക്കവരും അറിയുന്നില്ല എന്നുമാത്രം.

എങ്ങനെയാണ് യഥാർത്ഥ രോഗശാന്തി ശുശ്രൂഷ നടത്തുക? പറയാം. രോഗശാന്തി എന്ന വിഷയത്തിനു ദൈവദാസൻമാർ അമിത പ്രാധാന്യം കൊടുക്കുകയില്ല എന്ന് അപ്പോസ്തല പ്രവൃത്തികളും ലേഖനങ്ങളും വായിച്ചാൽ മനസ്സിലാകും. ക്രിസ്തുവിലൂടെ മാത്രം ലഭ്യമാകുന്ന രക്ഷ എന്നതായിരിക്കും യഥാർത്ഥ സുവിശേഷകരുടെ പ്രധാന പ്രസംഗവിഷയം. അങ്ങനെ ദൈവവചനാനുസൃതം ദൈവവേല ചെയ്യുന്നവർ ക്രൂശിക്കപ്പെട്ട യേശുവിനെ പ്രസംഗിക്കും. ക്രൂശിന്റെ വചനം കേട്ട് ജനം രക്ഷിക്കപ്പെടും. ദൈവസ്നേഹത്താൽ പിടിക്കപ്പെടുന്നവർ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കും. അവർ വീണ്ടും ജനനം പ്രാപിക്കും. ക്രിസ്തുവിന്റെ നിന്ദ ചുമക്കാൻ തയ്യാറാകും. സുവിശേഷം കേൾക്കാൻ എത്തുന്ന രോഗികൾക്കുവേണ്ടി ദൈവദാസൻമാർ പ്രാർത്ഥിക്കും. രോഗികൾ സൗഖ്യം പ്രാപിക്കും. പക്ഷേ രോഗസൗഖ്യമുണ്ടായി എന്നു സാക്ഷ്യം പറയിക്കുകയില്ല. പ്രസംഗകനു മഹത്വം കിട്ടുന്ന ഒരു പരിപാടിയും നടത്തുകയില്ല. ഇതൊക്കെയാണ് ദൈവവചനാനുസൃതം നടക്കുന്ന സുവിശേഷയോഗങ്ങളിൽ സംഭവിക്കുക.

താഴെ പറയുന്ന ലക്ഷണങ്ങൾ കണ്ടാൽ അതു വ്യാജ സുവിശേഷയോഗമാണെന്നു മനസ്സിലാക്കുക:

1. പ്രസംഗകന് മഹത്വം ലഭിക്കുന്ന വിധത്തിൽ ഫോട്ടോകളും മറ്റും വച്ചു വ്യാപകമായി പരസ്യം ചെയ്യുക.
2. അത്ഭുതം, രോഗശാന്തി തുടങ്ങിയവ നടക്കാൻ പോകുന്നു എന്നു കൊട്ടിഘോഷിക്കുക.
3. മിറക്കിൾ ക്രൂസേഡ്, അത്ഭുതങ്ങളുടെ ദിനരാത്രങ്ങൾ എന്നൊക്കെ കൺവൻഷനുകളെ വിശേഷിപ്പിക്കുക.
4. ഭൗതീക അനുഗ്രഹങ്ങൾക്ക് അമിത പ്രാധാന്യം കൊടുത്തു പരസ്യം നടത്തുകയും പ്രസംഗിക്കുകയും ചെയ്യുക.
5. രോഗശാന്തി കൺവൻഷന്റെ മുഖ്യ പരിപാടിയാക്കുക. അതിനായി വളരെ സമയം മാറ്റിവയ്ക്കുക.
6. രോഗശാന്തി ലഭിച്ചു എന്ന് അവകാശപ്പെടുന്നവരേക്കൊണ്ടു സാക്ഷ്യം പറയിക്കുക.
7. മറ്റെങ്ങും കിട്ടാത്തതൊക്കെയാണ് തങ്ങളുടെ യോഗത്തിൽ പങ്കെടുക്കുന്നവർക്കു ലഭിക്കുക എന്നു പ്രചരിപ്പിക്കുക.

ഇതൊക്കെ കാണുമ്പോൾ ഓർക്കുക: ഇതു ദൈവീകമല്ല, മാനുഷികമോ സാത്താന്യമോ ആണ്. എന്തുകൊണ്ടാണ് ഇത്ര ഉറപ്പായി പറയാൻ കഴിയുന്നത്? അക്കമിട്ടു നിരത്തിയ ഈ ഏഴുകൂട്ടം കാര്യങ്ങളും ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്തതാണ് എന്നതുതന്നെ. ഒന്നാം നൂറ്റാണ്ടിലെ ദൈവദാസൻമാർ മേല്പറഞ്ഞ ഏഴുകൂട്ടം കാര്യങ്ങളിൽ ഏതെങ്കിലും ചെയ്തതായി കാണുന്നുണ്ടോ എന്നു ദൈവവചനം പരിശോധിച്ചുനോക്കുക.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: ദൈവീക രോഗശാന്തി എന്നൊന്നുണ്ട്. ഒന്നാം നൂറ്റാണ്ടിൽ നടന്നതുപോലെ അത് ഇന്നും നടക്കുന്നു. ദൈവവചനത്തിൽ കാണുന്ന മാതൃക അനുസരിച്ചു വേണം ദൈവീക രോഗശാന്തി നടത്തുവാൻ. ദൈവവചത്തിന്റെ അതിര് വിട്ടുള്ള ഒരു പരിപാടികളും ദൈവീകമല്ല. ഇനി നമുക്കു വിഷയത്തിലേക്കു കടക്കാം.

എങ്ങനെ ഒരു വ്യാജരോഗശാന്തിക്കാരനാകാം എന്നതാണല്ലോ പഠിക്കേണ്ടത്. വിവരംകെട്ട പെന്തക്കോസ്തുകാരെ പറ്റിച്ച് വലിയവനാകാൻ രോഗശാന്തിയോളം അനുയോജ്യമായ മറ്റൊരു മാർഗ്ഗമില്ല. അതുകൊണ്ട് വലിയവനാകാൻ ആഗ്രഹിക്കുന്നവരെല്ലാം രോഗശാന്തി എന്നത് തങ്ങളുടെ ശുശ്രൂഷയുടെ അവിഭാജ്യ ഘടകമാക്കുക.

പഠനം ആരംഭിക്കുന്നതിനു മുൻപുതന്നെ ഒരു വസ്തുത നിങ്ങൾ മനസ്സിലാക്കണം: രോഗശാന്തിയെന്നല്ല ഒരു വിധത്തിലുള്ള അത്ഭുതവും പ്രവർത്തിക്കാനുള്ള കഴിവ് നിങ്ങൾക്കില്ല. നിങ്ങൾ ഒരു സാധാരണ മനുഷ്യൻ മാത്രമാണ്. നിങ്ങൾ ദൈവദാസനാണെങ്കിൽ നിങ്ങളിലൂടെ ദൈവം പ്രവർത്തിക്കും. എന്നാൽ ദൈവവുമായി നിങ്ങൾക്കു ബന്ധമൊന്നുമില്ല എന്നു നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ട് വ്യാജത്തിൽ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. എങ്കിലും മന:പ്രയാസപ്പെടേണ്ടതില്ല. കാരണം, വലിയ ബുദ്ധിമുട്ടു കൂടാതെ നിങ്ങൾക്കും അത്ഭുത പ്രവർത്തകനാകാം.

എങ്ങനെ ഒരു പ്രസംഗകനാകാം എന്നു നിങ്ങൾ പഠിച്ചുകഴിഞ്ഞു. ആ തന്ത്രം പ്രയോഗിച്ച് നിങ്ങൾ ഒരു പ്രസംഗകനാകുകയാണ് ആദ്യം ചെയ്യേണ്ടത്. ഒന്നാംതരം പ്രസംഗകനാകാൻ കഴിഞ്ഞാൽ നല്ലത്. അതിനു കഴിഞ്ഞില്ലെങ്കിൽ ഒരു ശരാശരി പ്രസംഗകനെങ്കിലും ആകണം. അറിയപ്പെടുന്ന രോഗശാന്തി ശുശ്രൂഷകനാകാൻ ശരാശരി പ്രസംഗമെങ്കിലും കൂടിയേ കഴിയൂ.

വ്യാജരോഗശാന്തി ശുശ്രൂഷ നടത്താൻ ആഗ്രഹിക്കുന്നവർ അല്പം മന:ശാസ്ത്രം അറിഞ്ഞിരിക്കണം. നമുക്കുണ്ടാകുന്ന രോഗങ്ങളിൽ നല്ലൊരു പങ്ക് സൈക്കോസോമാറ്റിക് രോഗങ്ങളാണ്. എന്താണു സൈക്കോ സോമാറ്റിക് രോഗങ്ങൾ? പറയാം: ദേഹി അല്ലെങ്കിൽ മനസ്സ് എന്ന് അർത്ഥം വരുന്ന psuche എന്ന ഗ്രീക്ക് വാക്കും ശരീരം എന്നർത്ഥം വരുന്ന soma എന്ന ഗ്രീക്ക് വാക്കും ചേർന്നാണ് സൈക്കോസോമാറ്റിക് എന്ന വാക്കുണ്ടായത്. മാനസികപ്രശ്നങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ശാരീരിക രോഗങ്ങളാണ് സൈക്കോസോമാറ്റിക് രോഗങ്ങൾ എന്നു പൊതുവായി പറയാം.

ഉദാഹരണത്തിന്, അറപ്പുളവാക്കുന്ന എന്തെങ്കിലും കാണുമ്പോഴോ ദുർഗ്ഗന്ധം ശ്വസിക്കുമ്പോഴോ നാം ഛർദ്ദിക്കുന്നു. എന്തുകൊണ്ട്? ബോറടിക്കുമ്പോൾ തലവേദനയുണ്ടാകുന്നു. അത്യന്തം ദു:ഖകരമായ വാർത്ത കേൾക്കുമ്പോൾ പലർക്കും ബോധക്ഷയമുണ്ടാകുന്നു. ശരീരത്തിന് എന്തെങ്കിലും കുഴപ്പമുണ്ടായതുകൊണ്ടല്ല ഇത്തരം ശാരീരിക പ്രശ്നങ്ങളുണ്ടായത്. മനസ്സിന്റെ രോഗം ശരീരത്തിൽ വെളിപ്പെടുകയാണു ചെയ്തത്.

നമുക്കുണ്ടാകുന്ന രോഗങ്ങളിൽ നല്ലൊരു പങ്ക് ഈ വിധത്തിൽ മാനസികരോഗം ശരീരത്തിൽ വെളിപ്പെട്ടതുമൂലം ഉണ്ടാകുന്നതാണ്. വ്യാജരോഗശാന്തി ശുശ്രൂഷയിലൂടെ ഇത്തരം രോഗങ്ങൾ സൗഖ്യമാക്കാൻ കഴിയും. ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം.

തന്റെ ഭാവി ഇരുളടഞ്ഞതാകും എന്ന ഭയം മൂലം ഒരു പെൺകുട്ടി മാനസികമായി ഭാരപ്പെടുന്നു. ഈ മാനസികപ്രശ്നം അവളെ തളർവാത രോഗിയാക്കുന്നു. അങ്ങനെ തളർവാതം പിടിച്ചു കിടക്കുന്ന ഈ പെൺകുട്ടി സമൃദ്ധിയുടെ സുവിശേഷം കേൾക്കാനിടയാകുന്നു. ഇതാ വരുന്നൂ അനുഗ്രഹം എന്ന് പ്രസംഗകൻ പറയുന്നതു കേട്ടപ്പോൾ ഇവൾക്കു ധൈര്യമുണ്ടായി. തന്റെ ഭാവി ശോഭനമായിരിക്കും എന്ന് അവൾക്കു വിശ്വാസമുണ്ടാകുന്നു. ഈ വിശ്വാസം വർദ്ധിക്കുന്നതിനനുസരിച്ച് ഇവളുടെ രോഗവും കുറഞ്ഞു വരുന്നു. ക്രമേണ അവൾ പൂർണ്ണ ആരോഗ്യവതിയാകുകയും ചെയ്യും. പ്രസംഗം കേൾക്കുമ്പോൾ അവൾ രോഗസൗഖ്യം പ്രാപിച്ചു ചാടി എഴുന്നേൽക്കാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. ഈ വിധത്തിൽ ഉണ്ടാകുന്ന രോഗശാന്തിക്കു മാനുഷിക കാരണങ്ങൾ മാത്രമേയുള്ളൂ. എങ്കിലും ഇവ ദൈവീകമായി വ്യാഖ്യാനിക്കപ്പെടും. ഈ വിധത്തിലുള്ള ഒന്നോ രണ്ടോ രോഗശാന്തി ഉണ്ടായാൽ അതോടെ വ്യാജന്റെ നല്ലകാലം ആരംഭിക്കുകയായി.

വ്യാജപ്രസംഗത്തിലൂടെ ആയാലെന്താ, രോഗശാന്തി ഉണ്ടായില്ലേ, അതു നല്ല കാര്യമല്ലേ എന്നൊക്കെ ചോദിക്കുന്നവരുണ്ടാകാം. ചൂണ്ടയിൽ കോർത്തിരിക്കുന്ന പുഴുവിനെ മീൻ വിഴുങ്ങുന്നതുപോലെയാണിത്. വിശപ്പടങ്ങിയില്ലേ, അതു നല്ല കാര്യമല്ലേ എന്നു തോന്നാം. പക്ഷേ പുഴുവിന്റെ ഉള്ളിൽ മറഞ്ഞിരുന്ന ചൂണ്ടതൊണ്ടയിൽ കോർക്കുമ്പോൾ മാത്രമേ പ്രശ്നത്തിന്റെ ഗൗരവം തിരിച്ചറിയൂ.

സമൃദ്ധിയുടെ സുവിശേഷകർ വിളിച്ചുകൂവുന്ന വിവരക്കേടു കേട്ട് ഉണ്ടാകുന്ന ആവേശം സൈക്കോ സോമാറ്റിക് രോഗങ്ങളുടെ ശമനത്തിനു കാരണമായേക്കാം. പക്ഷേ അതോടെ അവർ ദുരുപദേശത്തിന്റെ കുരുക്കിൽ എന്നെന്നേക്കുമായി അകപ്പെടുകയാണു ചെയ്യുന്നത്. തനിക്കു രോഗശാന്തി ലഭിക്കാൻ കാരണമായ പ്രസംഗം ദുരുപദേശമാണെന്ന് സൗഖ്യം പ്രാപിച്ച വ്യക്തി എന്നെങ്കിലും അംഗീകരിക്കുമോ?

വ്യാജരോഗശാന്തിക്കാരുടെ പ്രാർത്ഥനയാൽ രോഗസൗഖ്യം ലഭിക്കുന്നത് ഏതു വിധത്തിലുള്ള രോഗങ്ങളാണെന്നു നോക്കൂ: അപ്പോൾ സത്യം ഗ്രഹിക്കാൻ കഴിയും. തലവേദന, നടുവിനുവേദന, കൈകാൽ കഴപ്പ്, ഉറക്കക്കുറവ്, പെരുപ്പ്.... അങ്ങനെ പോകുന്നു ആ ലിസ്റ്റ്. ഇത്തരം രോഗങ്ങളിൽ ഭൂരിപക്ഷവും സൈക്കോ സോമാറ്റിക് രോഗങ്ങളാണ്. അതുകൊണ്ടാണ് ഇവ സൗഖ്യമാകുന്നത്. അഥവാ, സൗഖ്യമായില്ലെങ്കിലും സൗഖ്യമായി എന്നു കള്ളസാക്ഷ്യം പറയാൻ കഴിയും. പക്ഷേ ഈ ഗ്രൂപ്പിൽ പെടാത്ത ചില രോഗങ്ങളും സൗഖ്യമായതായി ചിലർ സാക്ഷ്യം പറഞ്ഞേക്കാം. അതിന്റെ രഹസ്യം പിന്നാലെ പറയാം.

വ്യാജരോഗശാന്തി ശുശ്രൂഷ ചെയ്യാൻ ആഗ്രഹിക്കുന്നവർ രോഗശാന്തിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രസംഗിക്കാൻ ശ്രദ്ധിക്കണം. കർത്താവും ശിഷ്യൻമാരും രോഗശാന്തി വരുത്തിയ സംഭവങ്ങൾ വിവരിക്കുന്നതാണു നല്ലത്. കർത്താവായ യേശുക്രിസ്തുവിന് അറിയാവുന്ന ഏക ജോലി രോഗശാന്തി വരുത്തലാണ് എന്ന തോന്നലുണ്ടാക്കത്തക്ക വിധത്തിൽ വേണം പ്രസംഗിക്കാൻ. നിങ്ങളുടെ പ്രാർത്ഥനയാൽ നടന്ന രോഗശാന്തികളുടെ കഥകൾ വിവരിക്കണം. അങ്ങനെ പറയാൻ കഥയൊന്നും ഇല്ലെങ്കിലോ എന്നു ചോദിച്ചേക്കാം. വ്യാജരോഗശാന്തിശുശ്രൂഷയുമായി ഇറങ്ങിത്തിരിച്ചിരിക്കുന്ന നിങ്ങൾക്ക് കുറെ കള്ളം പറയാൻ ശങ്ക തോന്നേണ്ട കാര്യമില്ലല്ലോ. അതുകൊണ്ട് നട്ടാൽ കുരുക്കാത്ത കള്ളം പറയുക. ഈ വിഷയത്തിൽ സുരേഷ് ബാബുവിനെ മാതൃകയാക്കാം. മരിച്ചു കിടന്ന അനുജനെ ഉയിർപ്പിച്ചു എന്നുവരെ ഈ ചങ്ങാതി തട്ടിവിട്ടിട്ടുണ്ടല്ലോ.

കള്ളം പറയുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. നിങ്ങൾ പറയുന്നതു കള്ളമാണെന്നു തോന്നാത്ത വിധത്തിൽ അത്ര തൻമയത്വത്തോടെ പറയണം. എറണാകുളത്തു പ്രസംഗിക്കുമ്പോൾ തിരുവനന്തപുരത്തും മദ്രാസ്സിലും ഡൽഹിയിലും നടന്ന രോഗശാന്തികളുടെ കഥ പറയുക. ഡൽഹിയിൽ പ്രസംഗിക്കുമ്പോൾ ബോംബെയിലെ കഥ പറയുക. രോഗശാന്തി ലഭിച്ച വ്യക്തിയുടെ പേര്, പ്രായം, ജോലി തുടങ്ങിയ വിശദാംശങ്ങൾ കൂടി പറയണം. ആരും വിശ്വസിച്ചുപോകും. ഇത്തരം കള്ളക്കഥകളൊക്കെ കേട്ട് തരിച്ചിരിക്കുന്ന രോഗികളെ സൗഖ്യമാക്കാൻ വളരെ എളുപ്പമാണ്.

യോഗത്തിന്റെ അവസാന ഭാഗത്താണ് രോഗശാന്തി ശുശ്രൂഷ നടത്തേണ്ടത്. അതിനു മുൻപ് എല്ലാവരേയും എഴുന്നേൽപ്പിച്ചു നിർത്തി ഒരു പാട്ടുപാടിക്കണം. ജനത്തെ ശരിക്കും ഇളക്കാൻ മറക്കരുത്. എല്ലാവരും ശരിക്ക് ഇളകിക്കഴിഞ്ഞു എന്നു ബോദ്ധ്യമാകുമ്പോൾ രോഗശാന്തി ശുശ്രൂഷ ആരംഭിക്കാം. രോഗശാന്തി ആവശ്യമുള്ളവർ രോഗമുള്ള ഭാഗങ്ങളിൽ സ്വന്തം കൈവയ്ക്കാൻ ആവശ്യപ്പെടാം. അല്ലെങ്കിൽ കൈ ഉയർത്തിപ്പിടിക്കാൻ പറയുക. രോഗികളെ സ്റ്റേജിന്റെ മുൻപിലേക്കു വിളിക്കയുമാകാം. അതിനുശേഷം എല്ലാ രോഗികൾക്കുംവേണ്ടി പ്രാർത്ഥിക്കുക. എല്ലാവരേയും ദൈവം സൗഖ്യമാക്കിയതായി പ്രഖ്യാപിക്കുകയും ചെയ്യുക. രോഗശാന്തി ലഭിച്ചവരുടെ അനുഭവസാക്ഷ്യമാണ് അടുത്തത്. ഓരോരുത്തരെയായി അടുത്തു വിളിക്കുക. അവർ സാക്ഷ്യം പറഞ്ഞു കൊള്ളും. കേൾക്കുന്നവർ മാത്രമല്ല രോഗശാന്തി ശുശ്രൂഷ നടത്തിയ നിങ്ങളും വണ്ടറടിക്കും. എങ്ങനെ നിങ്ങളേക്കൊണ്ട് ഇതൊക്കെ സാധിച്ചു എന്നു നിങ്ങൾക്കു പോലും മനസ്സിലാകില്ല. അത്രക്കു ഗംഭീരമായിരിക്കും രോഗശാന്തി. അവർ പറയും:
എനിക്ക് കഠിനമായ നടുവിനുവേദനയായിരുന്നു.
എത്രക്കാലമായി വേദന ഉണ്ടായിരുന്നു?
പത്തു വർഷമായി വേദന ഉണ്ടായിരുന്നു.
ഇപ്പോഴോ?
വേദന ഒട്ടുമില്ല.

സൗഖ്യമായ രോഗിയെ ചാടിക്കുകയോ ഓടിക്കുകയോ ഒക്കെ ചെയ്ത് രോഗശാന്തി ഉറപ്പിക്കുക. ജനം വണ്ടറടിക്കും. അതു കഴിഞ്ഞ് അടുത്തത്.
സഹോദരിക്ക് എന്തായിരുന്നു അസുഖം?
വിട്ടുമാറാത്ത തലവേദനയായിരുന്നു.
എത്രക്കാലമായി തുടങ്ങിയിട്ട്?
എട്ടുപത്തുവർഷമായി.
ഇപ്പോൾ എങ്ങനെയുണ്ട്?
വേദന ഒട്ടുമില്ല.

ഇങ്ങനെ അനുഭവസാക്ഷ്യം നീളും. പുറമെ കാണാനാവാത്ത രോഗങ്ങൾ മാത്രമേ സൗഖ്യമാകൂ. പക്ഷേ അതൊന്നും പ്രശ്നമാക്കേണ്ടതില്ല. പൊതുജനം കഴുതയാണ്. അവർ തിരിച്ചൊന്നും ചോദിക്കയില്ല.

ഈ രോഗസൗഖ്യങ്ങളൊക്കെ വരുത്തിയത് "എന്റ് യേശു" ആണെന്ന് ഇടയ്ക്കൊക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കണം. മഹത്വം മുഴുവനും നിങ്ങൾ ദൈവത്തിനു കൊടുക്കുകയാണെന്ന് ജനത്തിനു തോന്നും. പക്ഷേ സംഗതി മറിച്ചാണ്. "ഞാൻ എത്ര മഹാനെന്നു നോക്കുവീൻ" എന്നാണു നിങ്ങൾ യഥാർത്ഥത്തിൽ പറയുന്നത്. അതിന്റെ ഫലവുമുണ്ടാകും. യോഗം കഴിയുമ്പോൾ കുറഞ്ഞപക്ഷം അഞ്ചു പ്രോഗ്രാമെങ്കിലും ബുക്കിംഗ് ആയിരിക്കും.

രോഗശാന്തി ശുശ്രൂഷ നടത്തുന്നവർ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പുറമെ കാണാവുന്ന രോഗങ്ങളുള്ളവരും രോഗശാന്തി തേടി എത്തിയിരിക്കും. അവരെ അവഗണിക്കാൻ ശ്രമിക്കുക. അതു സാധിച്ചില്ലെങ്കിൽ അവർക്കായി പിന്നീടു പ്രാർത്ഥിക്കാമെന്നു പറഞ്ഞു തടിതപ്പുക. ഒരിക്കലും അത്തരക്കാരെ സ്റ്റേജിൽ കയറ്റി പരസ്യമായി പ്രാർത്ഥിക്കരുത്. കാരണം, നിങ്ങൾ പ്രാർത്ഥിച്ചാൽ ഇത്തരം രോഗികൾ സൗഖ്യമാകുകയില്ല. സൗഖ്യമായില്ലെന്ന് ഏവരും അറിയുകയും ചെയ്യും. അതുകൊണ്ട് ഇത്തരക്കാരെ അടുപ്പിക്കരുത്.

## ഡിഫെൻഡർ - 2010 മാർച്ച് 1

രോഗശാന്തിയുടെ പേരിൽ ജനവഞ്ചന നടത്തി വലിയവനാകുന്നതെങ്ങനെ എന്ന വിഷയത്തേക്കുറിച്ചാണല്ലോ കഴിഞ്ഞ ലക്കത്തിൽ വിവരിച്ചത്. ഈ ലക്കത്തിലും ഇതുതന്നെ തുടരുന്നു.

വൻതോതിൽ രോഗശാന്തി തട്ടിപ്പു നടത്താൻ താല്പര്യമുള്ളവർ പേരുവിളിക്കൽ ശുശ്രൂഷ കൂടി നടത്തുന്നത് ഏറെ ഗുണം ചെയ്യും. അതുകൊണ്ട് ഈ തട്ടിപ്പ് എങ്ങനെ ഫലപ്രദമായി നടത്താം എന്നു വിവരിക്കാം.

രോഗശാന്തി വീരൻമാരായ വിദേശ മിഷനറിമാർ സാധാരണയായി ഈ പരിപാടി നടത്താറില്ല. നിരവധി രാജ്യങ്ങൾ സന്ദർശിക്കുന്ന ഇവർക്ക് ഓരോ രാജ്യത്തുമുള്ള ആളുകളുടെ പേരും മറ്റും ഓർത്തുവച്ചു പറയുക അത്ര എളുപ്പമല്ല എന്നതുതന്നെ കാരണം. മാത്രമല്ല, ഈ തട്ടിപ്പു കൂടാതെതന്നെ അവർക്കു പിടിച്ചു നിൽക്കാൻ കഴിയും. പക്ഷേ ഇന്ത്യാക്കാരായ രോഗശാന്തിക്കാർക്ക് സായിപ്പൻമാർക്കുള്ളത്ര പേരും പെരുമയുമില്ല. അതു കൊണ്ട് പേരുവിളിക്കലും മറ്റും നടത്തി ജനത്തെ വണ്ടറടിപ്പിക്കാതെ തരമില്ല.

ആരാണ് ഇന്ത്യയിൽ പേരുവിളിക്കൽ തുടങ്ങിവച്ചതെന്നു നിശ്ചയമില്ല. പക്ഷേ ഈ പരിപാടിയിലൂടെ ഏറ്റവും അധികം നേട്ടമുണ്ടാക്കിയത് ദിനകരനാണ്. പിന്നീട് സുരേഷ് ബാബു ഈ പരിപാടി തുടങ്ങി. അതിനു ശേഷം സാമച്ചനും സകല ലോട്ടു ലൊടുക്കു പാസ്റ്റർമാരും പേരുവിളിക്കാൻ തുടങ്ങി. ഇപ്പോൾ ഈ തട്ടിപ്പിന്റെ ഗുട്ടൻസ് സാമാന്യ ബുദ്ധിമുള്ളവർക്കൊക്കെ മനസ്സിലായിക്കഴിഞ്ഞു.

എങ്ങനെയാണ് പേരു വിളിക്കൽ ശുശ്രൂഷ നടത്തുന്നത്? അതു പല വിധത്തിൽ ചെയ്യാം. കൺവൻഷൻ സ്റ്റേജിൽ ഈ പരിപാടി എങ്ങനെ നടത്താം എന്ന് ആദ്യം പറയാം:

അൻപതോ നൂറോ ആളുകൾ മാത്രമുള്ള യോഗങ്ങളിൽ പേരുവിളിക്കൽ ശുശ്രൂഷ നടത്താൻ അത്ര എളുപ്പമല്ല. അഥവാ നടത്തണമെങ്കിൽ അതിനു ചില മുൻകരുതലൊക്കെ വേണം. അതേപ്പറ്റി പിന്നാലെ പറയാം. ഇപ്പോൾ വലിയ കൺവെൻഷനുകളിൽ പേരുവിളിക്കൽ നടത്തുന്നതെങ്ങനെ എന്നു പഠിക്കാം.

അയ്യായിരമോ പതിനായിരമോ ആളുകൾ പങ്കെടുക്കുന്ന ഒരു കൺവൻഷനാണു രംഗം. സംഭവം നടക്കുന്നതു തിരുവല്ലയിൽ ആണെന്നിരിക്കട്ടെ. ശ്രോതാക്കളിൽ ഭൂരിപക്ഷവും ക്രിസ്ത്യാനികൾ - വിശേഷിച്ചും പെന്തക്കോസ്തുകാർ - ആയിരിക്കും. അവരുടെ പേരുകൾ എന്തൊക്കെയാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. പുരുഷൻമാരാണെങ്കിൽ തോമസ്, മാത്യു, ജോർജ്, വർഗീസ്, ഫിലിപ്പ്, അച്ചൻകുഞ്ഞ്, സാംകുട്ടി തുടങ്ങിയതൊക്കെ ആയിരിക്കും. സ്ത്രീകളുടെ പേരുകൾ: മറിയാമ്മ, അന്നക്കുട്ടി, ഡേയ്സി, ഏലിയാമ്മ, ശോശാമ്മ, ചിന്നമ്മ തുടങ്ങിയവയായിരിക്കും. യോഗം നടക്കുന്നതു തിരുവനന്തപുരത്താണെങ്കിലും ഈ പേരുകൾ യോജിക്കും. എങ്കിലും തിരുവനന്തപുരം ജില്ലയിൽ പ്രചാരത്തിലുള്ള കുറെ പേരുകൾ കൂടി ഉൾപ്പെടുത്തുന്നതു നല്ലതാണ്. അങ്ങനെ സ്ഥലവും സാഹചര്യവും മറ്റും നോക്കി പേരുകൾ കണ്ടെത്തണം. അല്പംകൂടി വിശ്വാസ്യത വരുത്താൻ ഏറെ പ്രചാരത്തിലില്ലാത്ത പേരുകളും ഇടയ്ക്കൊക്കെ ഉപയോഗിക്കാം.

പ്രസംഗത്തിനിടയിലോ രോഗികൾക്കായി പ്രാർത്ഥിക്കുമ്പോഴോ പേരു വിളിക്കാം. രോഗിയുടെ പേരും രോഗവും നിശ്ചയമായി പറയണം. വയസ്സ്, വസ്ത്രത്തിന്റെ നിറം തുടങ്ങിയവയും തരം പോലെ പറയാം. രോഗം ആരംഭിച്ചിട്ട് എത്രക്കാലമായി എന്നുകൂടി പറയുന്നതു കൂടുതൽ ഗുണം ചെയ്യും. ഇതാ കുറെ സാമ്പിൾ:

1. മറിയാമ്മേ, ഇതാ ഖർഥാവ് നിന്റെ വയറ്റിൽ വേദന സൗഖ്യ മാക്കൂന്നൂ..... ഹോ...
2. ജോസഫേ, ഇഥാ ഖർഥാവു നിന്നെ ഥോടുന്നു, ഥൊട്ടു സൗഖ്യമാഖുന്നു.... നിന്റെ നെഞ്ചിന്റെ ഇടതു വശഥുള്ള വേധന ഇഥാ അപ്രത്യക്ഷമാകുന്നു... ഗ്ലോറീ...
3. അഥാ, ആ ഥൂണിന്ന് അപ്പുറത്തിരിക്കുന്ന ശോശാമ്മയുടെ അൾസർ മാറുന്നു...ഓ.....
4. ഛിന്നമ്മേ...ഛിന്നമ്മേ, നീ ഭാരപ്പെടേണ്ട....ഓ.... നിന്റെ മകനെ ഇഥാ ഖർത്താവു ഥൊടുന്നു.... അവന്റെ

വഴിവിട്ട ജീവിതം ഇതാ അവസാനിക്കുന്നു... ഖർത്താവു നിന്റെ കണ്ണുനീർ ഖണ്ടു..ഖണ്ടൂ..
5. ഡേയ്സീ, ഇഥാ ഖർത്താവു നിന്നോടു മനസ്സലിയുന്നു... നിനക്ക് അടുത്ത വർഷം ഈ നേരത്ത് ഒരു കുഞ്ഞുണ്ടാകും.

ഈ വിധത്തിൽ പേരും പ്രശ്നവും വിളിച്ചു പറയുക. പറയാവുന്നതിന്റെ പരമാവധി പേരുകൾ പറയണം. എല്ലാം കഴിഞ്ഞ് സാക്ഷ്യം പറയിക്കൽ നടത്തണം. അവിടെയാണ് പേരുവിളിക്കൽ പൂർണ്ണമായി വിജയിക്കുന്നത്. രോഗസൗഖ്യം പ്രാപിച്ചവരോടു മുൻപോട്ടു വരാൻ ആവശ്യപ്പെടുക. നിരവധി ആളുകൾ വരും. ഓരോരുത്തരെയായി അടുത്തു വിളിക്കുക.

എന്താ പേര്?

മറിയാമ്മ.

എന്തായിരുന്നു അസുഖം?

വയറ്റിൽ വേദന.

ഇപ്പോൾ സൗഖ്യമായോ?

ആയി. എന്റെ പേരു വിളിച്ച ഉടനെ എന്റെ വയറ്റിൽ കറണ്ടടിച്ചതുപോലെ തോന്നി. അന്നേരം തന്നെ പൂർണ്ണ സൗഖ്യമായി.

കണ്ടോ, ഇതാ ദൈവം എനിക്കു വെളിപ്പെടുത്തിത്തന്ന മറിയാമ്മ. ഇവരുടെ വയറ്റിലേക്കു ദൈവശക്തി വ്യാപിക്കുന്നതു ഞാൻ ദർശനത്തിൽ കണ്ടിരുന്നു. പ്രെയ്സ് ദ ലോഡ്, ഗ്ലോറി. ഇനി പറയൂ, ആരാ സൗഖ്യം തന്നത്?

എന്റെ യേശു.

ഉറക്കെപ്പറ, യേശു. ഗ്ലോറി.....

ഈ വിധത്തിൽ പുരോഗമിക്കണം. നിങ്ങൾ നിരവധി പേരുകൾ വിളിച്ചതാണ്. അതു കൊണ്ട് വിളിച്ച പേരുകളുള്ളവർ സാക്ഷ്യം പറയാൻ എത്താനുള്ള സാധ്യത വളരെയധികമാണ്. അങ്ങനെ എത്തുന്നവരാണ് നമ്മുടെ തുറുപ്പുചീട്ടുകൾ. പേരും രോഗവും ഒത്തു വരുമ്പോൾ ആരും അന്ധാളിച്ചുപോകും. രോഗം സൗഖ്യമായി എന്ന സാക്ഷ്യം കൂടി കേൾക്കുന്നതോടെ ശത്രുക്കൾക്ക് ഉത്തരമില്ലാതാകും. ഇതൊക്കെ തട്ടിപ്പാണ് എന്നു പറയുന്നവരോട് പോതു ജനം ചോദിക്കും:

തട്ടിപ്പാണെങ്കിൽ പേരും രോഗവും ഒത്തുവന്നതെങ്ങനെ? രോഗി സൗഖ്യമായതെങ്ങനെ?

പതിനായിരം പേരുള്ളിടത്ത് പത്തു മറിയാമ്മയെങ്കിലും ഉണ്ടാകും. അതിൽ അഞ്ചു മറിയാമ്മയ്ക്കെങ്കിലും വയറ്റിൽ വേദനയും കാണും. ഒന്നോ രണ്ടോ മറിയാമ്മ രോഗസൗഖ്യമുണ്ടായതായി സാക്ഷ്യം പറയുകയും ചെയ്യും. സംഗതി പിടി കിട്ടിയോ?

രോഗം എങ്ങനെ സൗഖ്യമാകുന്നു എന്നു കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചിരുന്നല്ലോ. സൈക്കോ സോമാറ്റിക് രോഗങ്ങൾ ഇത്തരം പ്രാർത്ഥനകളിലൂടെ സൗഖ്യമാകും. അതിൽ ദൈവീകമായി ഒന്നുമില്ല. രോഗസൗഖ്യമുണ്ടായില്ലെങ്കിലും രോഗം സൗഖ്യമായി എന്നു ചിലർ സാക്ഷ്യം പറഞ്ഞുകൊള്ളും. ഇങ്ങനെ സാക്ഷ്യം പറയുന്നതു ദൈവത്തിനു സന്തോഷമാണെന്നത്രേ ഇക്കൂട്ടർ ധരിക്കുന്നത്.

ചില യാദൃച്ഛിക സംഭവങ്ങൾ വ്യാജൻമാർക്ക് അനർഹമായ പേരുണ്ടാക്കി കൊടുക്കാറുമുണ്ട്. ഒരു സംഭവം പറയാം: പത്തു വർഷം മുൻപ് ഒമാനിൽ നടന്ന കാര്യമാണു പറയാൻ പോകുന്നത്. സംഗീതോപകരണങ്ങൾ വായിക്കാൻ അറിയാവുന്ന വിൻസെന്റ് എന്നൊരു സഹോദരന് കുട്ടികൾ ഇല്ലായിരുന്നു. സുരേഷ് ബാബു അവിടെ പ്രസംഗിക്കാനെത്തിയപ്പോൾ ഈ സഹോദരനെ ഗായകസംഘത്തിനിടയിൽ കണ്ടിരുന്നു. കുട്ടികളില്ലാത്തതുകൊണ്ട് അദ്ദേഹം ദു:ഖത്തിലാണെന്ന കാര്യം മറ്റു ചിലരിൽ നിന്നു സുരേഷ് ഗ്രഹിക്കുകയും ചെയ്തു. ഒരു ദിവസം സുരേഷ് പ്രസംഗത്തിനിടയിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു: "വിൻസെന്റ്, വിൻസെന്റ്, ദൈവമിതാ നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. അടുത്ത വർഷം ഈ സമയത്ത് നിനക്കൊരു കുട്ടി ഉണ്ടായിരിക്കും." വിൻസെന്റിനു മാത്രമല്ല, കേട്ടവർക്കെല്ലാം സന്തോഷമായി. അങ്ങനെ അവർ കാത്തിരുന്നു. പക്ഷേ പ്രവചനം നിറവേറിയില്ല. അടുത്ത വർഷമെന്നല്ല അതിനടുത്ത വർഷം പോലും വിൻസെന്റിനു കുട്ടിയുണ്ടായില്ല. പക്ഷേ മൂന്നാം വർഷം ദൈവം വിൻസെന്റിനോടു കൃപകാട്ടി, ഒരു കുട്ടിയെ നൽകി.

സുരേഷ് പറഞ്ഞ സമയത്ത്, തികച്ചും യാദൃച്ഛികമായി, വിൻസെന്റിനു കുട്ടിയെ ലഭിച്ചിരുന്നെങ്കിലോ? യാദൃച്ഛികമാണെന്നൊന്നും ആരും പറയുകയില്ല. മാനവും മഹത്വവും സുരേഷിനു കിട്ടും. സുരേഷ് കള്ളനാണെന്ന് ആരൊക്കെ പറഞ്ഞാലും വിൻസെന്റോ ഒമാനിലുള്ളവരോ വിശ്വസിക്കുകയുമില്ല. രണ്ടാം വർഷമാണു കുട്ടി ഉണ്ടായതെങ്കിൽപ്പോലും അല്പം വ്യാഖ്യാനം നടത്തി സുരേഷിന് മഹത്വമുണ്ടാക്കിക്കൊടുക്കാം. അടുത്ത വർഷം കുട്ടിയുണ്ടാകുമെന്നു പറഞ്ഞതു സത്യമാണെന്നും കുട്ടിയുണ്ടായതു ഗർഭത്തിലാണെന്നേയുള്ളൂ എന്നും ദൈവാത്മാവു പറഞ്ഞത് അതാണെന്നും മറ്റും വ്യാഖ്യാനിച്ചാൽ മതി. പക്ഷേ മൂന്നാം വർഷത്തിലാണു കുട്ടിയുണ്ടായത്. അതുകൊണ്ടു സുരേഷിനു മഹത്വമെടുക്കാൻ കഴിഞ്ഞില്ല.

പൊട്ടക്കണ്ണന്റെ മാവേലേറുപോലെ, പേരുവിളിക്കൽ ഒത്തുവന്ന മറ്റൊരു സംഭവം പറയാം: കുറെ വർഷങ്ങൾക്കു മുൻപ് ചിലർ സുരേഷിനെ എന്റെ നാടായ വണ്ടൻമേടിനു സമീപമുള്ള പുറ്റടിയിൽ കൊണ്ടു

വന്നു. സുരേഷ് കള്ളനാണെന്നു ഞാൻ മുന്നറിയിപ്പു കൊടുത്തിരുന്നെങ്കിലും അതു വിശ്വസിക്കാത്തവരും ഉണ്ടായിരുന്നു. പ്രസംഗത്തിനിടയിൽ സുരേഷ് ഇങ്ങനെ പറഞ്ഞു: “ചാക്കോയേ, ഇതാ നിന്റെ കടഭാരമെല്ലാം മാറാൻ പോകുന്നു.”

കേട്ടവരെല്ലാം അത്ഭുതപ്പെട്ടു. എത്ര കൃത്യമായ പ്രവചനം! ചാക്കോയെ എല്ലാവർക്കും അറിയാം. കത്തോലിക്കനാണ്. കുറച്ചധികം കടവുമുണ്ട്. ഏതായാലും ചാക്കോയുടെ കടം ഇതോടെ തീർന്നല്ലോ. പക്ഷേ മാസങ്ങളും വർഷങ്ങളും കടന്നുപോയിട്ടും ചാക്കോയുടെ കടം മാറിയതേയില്ല. എന്താണു പറ്റിയത്? ചാക്കോ എന്നതിനു പകരം തോമസ് എന്നോ മത്തായി എന്നോ തങ്കച്ചൻ എന്നോ പറഞ്ഞാലും പ്രവചനം കൃത്യമാകുമായിരുന്നു. കാരണം, ആ പേരുകളൊക്കെയുള്ള ആളുകൾ ആ പ്രദേശത്തുണ്ട്. അവർക്കെല്ലാം കടവുമുണ്ട്. തികച്ചും യാദൃച്ഛികമായ കാരണങ്ങളാൽ ആരുടെയെങ്കിലും കടം മാറുകകൂടി ചെയ്താലുള്ള പുകില് പറയേണ്ടതുമില്ല. അതോടെ സുരേഷ് ദിവ്യനാകും.

ടി.വിയിൽ പ്രസംഗിക്കുമ്പോൾ പേരു പറയുന്ന വിരുതൻമാരുമുണ്ട്. ചവർ ചാനലിൽ പ്രസംഗിക്കുന്ന ചിലർ ഇത്തരക്കാരാണ്. ദിനകരനും സുരേഷും സാമച്ചനും മറ്റും ഈ വിദ്യ പ്രയോഗിക്കാറുമുണ്ട്. രണ്ടോ മൂന്നോ മാസം മുൻപു റിക്കാഡ് ചെയ്ത പ്രസംഗമാണ് തങ്ങൾ കേൾക്കുന്നതെന്ന വസ്തുത പാവം ശ്രോതാക്കൾക്കറിയില്ലല്ലോ. “കട്ടിലിൽ കിടന്നുകൊണ്ട് ഈ പ്രസംഗം കേൾക്കുന്ന മറിയാമ്മേ, ഇതാ ദൈവം നിന്നെ സൗഖ്യമാക്കുന്നു” എന്നു കേൾക്കുമ്പോൾ മറിയാമ്മ ചാടി എഴുന്നേറ്റില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

ഏതെങ്കിലും വീട്ടിൽ ചെന്നു പ്രാർത്ഥിക്കുമ്പോൾ പോലും പേരു വിളിക്കാം. ഈ വിദ്യ ഫലപ്രദമായി വിനിയോഗിച്ചിട്ടു ള്ള വിരുതനാണു സാമച്ചൻ. ഒരു വീട്ടിൽ ചെന്നാൽ ചെവി ശരിക്കു തുറന്നുവച്ച് ഇരിക്കണം. പത്തോ പതിനഞ്ചോ മിനിട്ടിനുള്ളിൽ പലരും അന്യോന്യം പേരു വിളിച്ചു സംസാരിക്കുന്നതു കേൾക്കാം. തികച്ചും സ്വാഭാവികമായ സംഭാഷണമാകയാൽ തങ്ങൾ പേരു പറഞ്ഞു എന്ന വസ്തുത സംഭാഷണം നടത്തിയവർ ഓർക്കുകപോലുമില്ല. ഇങ്ങനെ ലഭിക്കുന്ന പേരുകൾ മനസ്സിൽ കുറിച്ചു വയ്ക്കുക. പ്രാർത്ഥിക്കുന്ന സമയത്ത് ഈ പേരുകൾ പറഞ്ഞു പ്രാർത്ഥിക്കുക. വെറുതെ പറഞ്ഞാൽ വേണ്ടത്ര ഫലം ചെയ്യില്ല. സംഗതി വെളിപ്പാടാണെന്നു വരുത്തിത്തീർക്കണം. അതിനു സാമച്ചൻ പ്രയോഗിക്കുന്ന തന്ത്രം ഇതാണ്: “ദൈവം പണ്ടു ഭാഗം ഭാഗമായും വിവിധമായും സംസാരിച്ചു” എന്നു പറഞ്ഞതുപോലെ കഷണം കഷണമായി പേരു പറയുക. മറിയാമ്മ എന്നാണു പറയേണ്ടതെങ്കിൽ ചാടിക്കേറി ‘മറിയാമ്മ’ എന്നു പറയരുത്. “മ് മ് മർ മറി മറി മറിയാം മറിയാമ്മ മറിയാമ്മ” എന്നു പറയുക. വെളിപ്പാട് അങ്ങനെ കുറേശ്ശയായി തെളിഞ്ഞു വരുകയായിരുന്നു എന്നു തോന്നും. ചെകുത്താൻ പോലും ഈ വിദ്യയുടെ മുൻപിൽ സുല്ലിടും.

പ്രസംഗത്തിന് എത്തുന്നിടത്തും ഈ വിദ്യ പ്രയോഗിക്കാം. പ്രസംഗസ്ഥലത്ത് എത്തിയശേഷം മറ്റുള്ളവരുടെ വാക്കുകൾ ശ്രദ്ധിക്കുക. അവർ പലരേയും പേരെടുത്തു പറഞ്ഞു വിളിക്കും. ചിലരുടെ പേരു പറഞ്ഞു വിശേഷങ്ങൾ പറയും. അങ്ങനെ ശ്രദ്ധിച്ചിരുന്നാൽ ആ നാട്ടിലുള്ള പലരുടേയും പേരുകളും മറ്റു വിവരങ്ങളും കിട്ടും. ഇതൊക്കെ ഹൃദയത്തിൽ കുറിച്ചു വയ്ക്കണം. മറന്നു പോകാതിരിക്കാൻ കടലാസ്സിൽ കുറിച്ചു വച്ചാലും വേണ്ടില്ല. പ്രസംഗത്തിനിടയിൽ ഈ പേരുകളും മറ്റു വിവരങ്ങളും വെളിപ്പാടുപോലെ പറഞ്ഞാൽ സംഗതി കുശാലാകും. കള്ളപ്രവചനമാണെന്ന് ആരും പറയുകയില്ല.

ബഥേൽ പി ജേക്കബ് ഒരിക്കൽ കാണിച്ച തറവേല ഇതിലും തരംതാണതായിപ്പോയി. വിവിധ സ്ഥലങ്ങളിൽ നിന്നായി യോഗത്തിന് എത്തിയിട്ടുള്ള പാസ്റ്റർമാരുടെ പേരും വിലാസവും എഴുതി നൽകാൻ ബഥേൽ സംഘാടകരോട് ആവശ്യപ്പെട്ടു. അമേരിക്കയിലെത്തിയശേഷം ഈ പാസ്റ്റർമാർക്കുവേണ്ടി പ്രാർത്ഥിക്കാനാണു പേരും മറ്റും ചോദിക്കുന്നതെന്നും പറഞ്ഞു. സംഘാടകർ പാസ്റ്റർമാരുടെ പേരും വിലാസവും ബഥേലിന് എഴുതി കൊടുക്കുകയും ചെയ്തു. പക്ഷേ പ്രസംഗത്തിനിടയിൽ ബഥേൽ ഈ പേരുകൾ സ്ഥലപ്പേരു സഹിതം വെളിപ്പാടു പോലെ പറയാൻ തുടങ്ങി. ഏവരും വണ്ടറടിച്ചു. ബഥേലിനേപ്പോലൊരു ദിവ്യനെ കണ്ടിട്ടേയില്ലെന്ന് എല്ലാവരും ആണയിട്ടു. സംഘാടകരൊഴികെ ആരും ഈ പേരുവിളിക്കൽ ശുശ്രൂഷയുടെ രഹസ്യം അറിഞ്ഞില്ല.

ദൈവീക രോഗശാന്തി ഇല്ലെന്നോ രോഗിയുടെ പേരു വെളിപ്പെടുത്താൻ ദൈവത്തിനു കഴിവില്ലെന്നോ ഈ പറഞ്ഞതിന് അർത്ഥമില്ല. പക്ഷേ പേരുവിളിക്കൽ ശുശ്രൂഷ നടത്തുന്നവരിൽ ബഹുഭൂരിപക്ഷവും ഇത്തരത്തിലുള്ള കള്ളൻമാരാണെന്ന സത്യം തുറന്നു പറയാതെവയ്യ. ദൈവഭയമില്ലാത്ത ഏതു കള്ള ഉപദേശിക്കും ഈ വിധത്തിൽ പേരു വിളിക്കൽ ശുശ്രൂഷ നടത്താം. നിങ്ങൾ രക്ഷിക്കപ്പെട്ട വ്യക്തിയല്ലെങ്കിൽ - ദൈവനാമത്തിൽ തട്ടിപ്പു കാണിക്കാൻ ധൈര്യമുണ്ടെങ്കിൽ - ഈ വിദ്യ പ്രയോഗിച്ചു പേരു വിളിച്ച് രോഗശാന്തി ശുശ്രൂഷ നടത്തി വലിയവനാകാം, തീർച്ച.

# ഡിഫെൻഡർ - 2010 മാർച്ച് 16

നിങ്ങൾക്കും ഉന്തിവീഴ്ത്തുകാരനാകാം. ബെന്നിഹീനേപ്പോലെ ആയില്ലെങ്കിലും എം.എ. വർഗീസിനേപ്പോലെങ്കിലുമാകാം. അതിനുള്ള വഴിയാണ് ഇനി പറയാൻ പോകുന്നത്.

രോഗശാന്തിയേക്കുറിച്ചായിരുന്നല്ലോ കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. ദൈവീക രോഗശാന്തി എന്നൊന്നുണ്ട് എന്ന വസ്തുത വ്യക്തമാക്കിയശേഷമാണ് വ്യാജ രോഗശാന്തിയേക്കുറിച്ചു പറഞ്ഞത്. പക്ഷേ ഉന്തിവീഴ്ത്തിന്റെ കാര്യത്തിൽ നേരെ മറിച്ചാണു പറയുന്നത്. ആത്മവിവശത എന്ന പേരിൽ അറിയപ്പെടുന്ന ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത് തുടങ്ങിയതൊന്നും ദൈവവചനത്തിലില്ല. ഛർദ്ദിപ്പിക്കൽ ശുശ്രൂഷ, വിശുദ്ധ ചിരി, വിശുദ്ധ കുര തുടങ്ങിയവയും വചനവിരുദ്ധം തന്നെ. ഈ വിഷയങ്ങളേക്കുറിച്ചെല്ലാം ഈ ലേഖനത്തിൽ വിശദീകരിക്കുന്നതാണ്.

ഒരു ശുശ്രൂഷക്കു ദൈവവചനത്തിൽ അടിസ്ഥാനമുണ്ടോ എന്ന് എങ്ങനെയാണു പരിശോധിക്കുക? മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക മാത്രമേ ചെയ്യേണ്ടതുള്ളൂ.

1. കർത്താവു വാഗ്ദത്തം ചെയ്തിട്ടുണ്ടോ? കല്പിച്ചിട്ടുണ്ടോ?
2. അപ്പോസ്തലൻമാർ പ്രാപിച്ചിട്ടുണ്ടോ? ചെയ്തിട്ടുണ്ടോ?
3. ലേഖനങ്ങളിൽ ഉപദേശമുണ്ടോ?

സ്നാനം, തിരുവത്താഴം, പ്രാർത്ഥന, പ്രവചനം, രോഗശാന്തി തുടങ്ങിയവയ്ക്ക് വചനത്തിൽ ആധാരമുണ്ടോ എന്ന് ഈ വിധത്തിൽ പരിശോധിച്ചു നോക്കൂ. ഉദാഹരണം: ദൈവീകരോഗശാന്തിക്ക് ദൈവവചനത്തിൽ അടിസ്ഥാനമുണ്ടോ? ഉണ്ട്. കാരണം, കർത്താവു വാഗ്ദത്തം ചെയ്തു, അപ്പോസ്തലൻമാർ പ്രാപിച്ചു, ലേഖനത്തിൽ ഉപദേശമുണ്ട്.

വിശുദ്ധ ഛർദ്ദിക്ക് ബൈബിളിൽ അടിസ്ഥാനമുണ്ടോ? ഇല്ല. കാരണം, കർത്താവു വാഗ്ദത്തം ചെയ്തിട്ടില്ല, അപ്പോസ്തലൻമാർ ചെയ്തിട്ടില്ല, ലേഖനത്തിൽ ഉപദേശവുമില്ല.

ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര തുടങ്ങിയവ ദൈവീകമാണോ? അല്ലെന്നു വ്യക്തം. കാരണം, ഇവയൊന്നും കർത്താവു വാഗ്ദ ത്തം ചെയ്തിട്ടില്ല, അപ്പോസ്തലൻമാർ പ്രാപിക്കുകയോ ചെയ്യുകയോ ഉണ്ടായിട്ടില്ല, ലേഖനങ്ങളിൽ ഇവയേപ്പറ്റി ഉപദേശവുമില്ല. അതുകൊണ്ട് ഇവയൊന്നും ദൈവീക പദ്ധതിയിലുള്ളതല്ല.

ഇത്രയും പറയുമ്പോൾ ചില ചോദ്യങ്ങളുണ്ടാകുന്നു:

1. കർത്താവു ചെയ്തതിലും അധികം ചെയ്യും എന്നുണ്ടല്ലോ.

ഉണ്ട്. പക്ഷേ ദൈവവചനത്തിൽ ഇല്ലാത്തതു ചെയ്യുമെന്നില്ല.

2. കർത്താവു ശിഷ്യൻമാരുടെ മേൽ ഊതിയല്ലോ.

ഊതി. പക്ഷേ ആരും വീണില്ല. വിശേഷിച്ച് ഒന്നും സംഭവിച്ചുമില്ല. മാത്രമല്ല, ശിഷ്യൻമാർ ഈ ഊത്തു ശുശ്രൂഷ തുടർന്നില്ല. ലേഖനത്തിൽ ഉപദേശവുമില്ല.

3. യോഹന്നാൻ ആത്മവിവശനായി എന്നുണ്ടല്ലോ.

ഉണ്ട്. അതും മേൽപറഞ്ഞ കാര്യങ്ങളുമായി എന്തുബന്ധം? ആത്മവിവശത എന്നൊന്ന് ഉള്ളതുതന്നെ. പക്ഷേ ഊതിവീഴ്ത്തും ഉന്തിവീഴ്ത്തും മറ്റും ആത്മവിവശതയല്ല, ആകാൻ കഴിയുന്നതുമല്ല. ബൈബിളിൽ അടിസ്ഥാനമുള്ള ആത്മവിവശത എന്ന അനുഭവത്തിന്റെ പേരെടുത്ത് ബൈബിളിൽ അടിസ്ഥാനമില്ലാത്ത അനുഭവങ്ങൾക്കു ചാർത്തിക്കൊടുക്കുകയാണു ചെയ്തിരിക്കുന്നത്. ഉദാഹരണത്തിനു ബൈബിളിൽ ബിഷപ്പുണ്ട്. (1തിമോ.3:1). പക്ഷേ സമുദായങ്ങളിലെ ബിഷപ്പും ഈ വാക്യത്തിലുള്ള ബിഷപ്പും ഒന്നല്ല. അതുപോലെ, ബൈബിളിലുള്ള ആത്മവിവശതയും ഇന്നത്തെ അവശതയും ഒന്നല്ല.

4. അറിയപ്പെടുന്ന ദൈവദാസൻമാർ ഇതു ചെയ്യുന്നല്ലോ.

ഉപദേശപരമായ വിഷയങ്ങൾ സ്ഥാപിക്കുന്നതും തള്ളിക്കളയുന്നതും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. അനുഭവങ്ങൾ വച്ചു വചനം പഠിക്കുകയല്ല തിരുവചന വെളിച്ചത്തിൽ അനുഭവങ്ങളെ വിലയിരുത്തുകയാണു വേണ്ടത്. എത്ര വലിയ ദൈവദാസൻ പറഞ്ഞാലും (ചെയ്താലും) വചനവിരുദ്ധമായ കാര്യങ്ങൾ തള്ളിക്കളയണം.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: ആത്മവിവശത എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന വീഴ്ത്തലും അനുബന്ധ വിഷയങ്ങളും ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്തതാണ്. അതുകൊണ്ട് അവ ദൈവീകമല്ല, ആകാൻ കഴിയുന്നതുമല്ല. ദൈവമക്കൾ ഇത്തരം ശുശ്രൂഷകൾ തള്ളിക്കളയണം. ഇങ്ങനെയുള്ള പരിപാടികളുമായി നടക്കുന്നവർ എത്ര ഉന്നതരായാലും അവരെ അകറ്റി നിർത്തണം.

പക്ഷേ നിങ്ങൾ രക്ഷിക്കപ്പെട്ട വ്യക്തിയല്ലെങ്കിൽ ഈ വിധത്തിലുള്ള ശുശ്രൂഷകളിലൂടെ വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും. അതിനുള്ള മാർഗ്ഗങ്ങളാണ് ഇനി പറയുന്നത്.

ആത്മവിവശത എന്ന പേരിൽ അറിയപ്പെടുന്ന പ്രതിഭാസത്തിലൂടെ വലിയവനാകാൻ ആഗ്രഹിക്കു

ന്നവർ അല്പം മന:ശാസ്ത്രം അറിഞ്ഞിരിക്കണം. നാം കേൾക്കുന്ന ശബ്ദങ്ങളും കാണുന്ന കാഴ്ചകളും നമ്മുടെ മനസ്സിനെ മാത്രമല്ല ശരീരത്തേയും സ്വാധീനിക്കും. വ്യാജ രോഗശാന്തി ശുശ്രൂഷയിലൂടെ സൈക്കോസോമാറ്റിക് രോഗങ്ങൾ സൗഖ്യമാകുന്നതെങ്ങനെ എന്ന വിഷയം മുൻലക്കങ്ങളിൽ വിശദീകരിച്ചു കഴിഞ്ഞല്ലോ. ഇതിനോടു സാമ്യമുള്ള ചിലതൊക്കെ ആത്മവിവശതയിലും സംഭവിക്കുന്നുണ്ട്.

നിങ്ങൾ ഹിപ്നോട്ടിസം എന്നു കേട്ടിട്ടുണ്ടാകും. എന്താണു ഹിപ്നോട്ടിസം? മന്ത്രമോ മറ്റ് അതീന്ദ്രിയ ശക്തികളുടെ സഹായമോ ഹിപ്നോട്ടിസത്തിന് ആവശ്യമില്ല. തികച്ചും മാനസികമായ കാരണങ്ങളാലാണ് ഹിപിനോട്ടിക് നിദ്ര ഉണ്ടാകുന്നത്. പക്ഷേ ഹിപ്നോട്ടിസത്തിനു വിധേയനാകുന്ന വ്യക്തിയെ ദുരാത്മാവു ബാധിക്കാൻ സാദ്ധ്യതയുണ്ട്. അല്പം വിശദമായി പറയേണ്ട വിഷയമാണത്. അതുകൊണ്ട് പിന്നീടൊരിക്കൽ ഈ വിഷയം വിശദമായി ചർച്ചചെയ്യാം.

ഒരു വ്യക്തിയെ ഹിപ്നോട്ടൈസ് ചെയ്യുവാൻ നിരവധി മാർഗ്ഗങ്ങളുണ്ടെങ്കിലും നിർദ്ദേശങ്ങൾ കൊടുക്കുന്ന രീതിയാണ് കൂടുതലായി ഉപയോഗിക്കുന്നത്. ഹിപ്നോട്ടിസത്തിനു വിധേയനാകുന്ന വ്യക്തിയെ എവിടെയെങ്കിലും ഇരുത്തുകയോ കിടത്തുകയോ ചെയ്യും. ഇരുണ്ട മുറിയായാൽ ഏറെ നല്ലത്. അതിനു ശേഷം ഏതെങ്കിലും ഒരു വസ്തുവിലേക്കു നോക്കിക്കൊണ്ടിരിക്കാൻ ആവശ്യപ്പെടും. (അങ്ങനെ ചെയ്തേ മതിയാകൂ എന്നില്ല). അയാളുടെ മനസ്സ് ഏകാഗ്രമാക്കാൻ ഇതു സഹായകമാകും. പക്ഷേ ഹിപ്നോട്ടിസ ത്തിന്റെ പ്രധാന ഭാഗം നിർദ്ദേശങ്ങൾ കൊടുക്കലാണ്: "ഇതാ നിങ്ങൾ ഉറങ്ങാൻ പോകുകയാണ്. നിങ്ങളുടെ കണ്ണുകൾ ഇതാ അടഞ്ഞു വരുന്നു. ഇറക്കം നിങ്ങളെ ബാധിക്കുകയാണ്. ആഴമായ ഉറക്കത്തിലേക്കു നിങ്ങൾ ഇതാ പോകു ന്നു...." ഹിപ്നോട്ടൈസ് ചെയ്യുന്ന വ്യക്തി ഇങ്ങനെ അല്പ സമയം പറഞ്ഞുകൊണ്ടിരിക്കുന്നു. ഹിപ്നോട്ടിസത്തിനു വിധേയനാകുന്ന വ്യക്തി ഇതു കേട്ട് ഉറങ്ങിപ്പോകുന്നു. ഒരുവക കൃത്രിമ ഉറക്കമാണത്.

ഇതിനോടു സാമ്യമുള്ള അനുഭവങ്ങളിലൂടെ നാം അനുദിനം കടന്നു പോകാറുണ്ട്. കഥാപ്രസംഗം കേട്ടിരിക്കുന്ന വ്യക്തി നായികാനായകൻമാരുടെ ദുരന്ത കഥ കേട്ടു കരഞ്ഞുപോകും. എന്തുകൊണ്ട്? ശ്രോതാ ക്കളെ സംബന്ധിച്ച് ആ കഥ സത്യമാണ്. കഥാപ്രസംഗകൻ ശ്രോതാക്കളെ ഹിപ്നോട്ടൈസ് ചെയ്തതുകൊ ണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഊതിവീഴ്ത്തും മറ്റും നടത്തുന്നവരും ജനങ്ങളെ ഇങ്ങനെ ഹിപ്നോട്ടൈസ് ചെയ്യുന്നുണ്ട്. പ്രസംഗകരെല്ലാം ഹിപ്നോട്ടിസം പഠിക്കണമെന്നല്ല മറിച്ച് ജനങ്ങളെ പറഞ്ഞു മയക്കി വീഴ്ത്തു ന്നതെങ്ങനെ എന്നു പഠിക്കണം എന്നാണ് അർത്ഥമാക്കിയത്.

ജനങ്ങളെ വീഴ്ത്തുന്നതിനു മുൻപ് അതിനാവശ്യമായ പശ്ചാത്തലം ഒരുക്കണം. വീഴ്ത്തൽ സ്ഥിരം പരിപാടിയാക്കിയ ആളാണെങ്കിൽ ജനം വീഴാൻ തയ്യാറായിട്ടാകും എത്തുക. ബെന്നിഹീൻ ആണു പ്രസംഗിക്കാനെത്തുന്നതെങ്കിൽ വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ ജനം വീണു കൊള്ളും. പക്ഷേ പ്രശസ്ത രല്ലാത്ത പ്രസംഗകർക്ക് അല്പം ബുദ്ധിമുട്ടുണ്ടാകും. അങ്ങനെയുള്ളവർ വീഴ്ത്തലിനു സഹായകമാകുന്ന മാനസികാവസ്ഥയിലേക്കു ജനത്തെ കൊണ്ടുവരണം. അതിനുള്ള വിദ്യ ഇതാണ്:

പരിശുദ്ധാത്മാവിന്റെ ശക്തിയേക്കുറിച്ചു പറയുന്ന ഏതെങ്കിലും വാക്യം വായിച്ചു പ്രസംഗം ആരംഭി ക്കുക. പെന്തക്കോസ്ത് നാളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമുണ്ടായതും മറ്റും വിവരിക്കുക. അങ്ങനെ പറഞ്ഞു പറഞ്ഞ് വീഴ്ത്തൽ ശുശ്രൂഷയിലെത്തുക. ഈ 21-ാം നൂറ്റാണ്ടിലും പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നു ണ്ടെന്നും ആ അത്യന്തശക്തി പ്രാപിക്കാൻ നാം തയ്യാറാകണമെന്നും പറയണം. അങ്ങനെ ജനത്തെ ബ്രെയിൻ വാഷ് ചെയ്ത് പാട്ടിലാക്കണം. ജനം പാകപ്പെട്ടു എന്നു ബോദ്ധ്യമായൽ അടുത്ത സ്റ്റെപ്പിലേക്കു കടക്കാം. ഇരിക്കുന്നവർ വീഴാനുള്ള സാദ്ധ്യത കുറവാണ്. അതു കൊണ്ട് ജനത്തെ എഴുന്നേൽപ്പിച്ചു നിർത്തണം. ഒരു പാട്ടു പാടുകയാണ് അടുത്ത പടി. നല്ല ചുണയുള്ള പാട്ടുവേണം പാടാൻ. ആവേശം കൂടുന്നതനുസരിച്ചു സ്പീഡ് കൂട്ടാൻ കഴിയുന്നതാകണം പാട്ട്. അഞ്ചോ പത്തോ മിനിട്ട് പാടിക്കഴിയുമ്പോൾ ജനം എന്തിനും ഏതിനും തയ്യാറായിക്കഴിഞ്ഞിരിക്കും.

വലിയ ഇളക്കമൊന്നും കൂടാതെ നിൽക്കുന്നവരുണ്ടാകാം. അങ്ങനെയുള്ളവരെ അവഗണിക്കുക. ഏറ്റവും അധികം ഇളകുന്നവരെ ശ്രദ്ധിക്കുക. അവരിൽ ഒരാളുടെ അടുത്തുചെന്ന് നെറ്റിയിൽ തൊടുക. അയാൾ വീഴും. വീണില്ലെങ്കിൽ പിന്നിലേക്കു തള്ളുക. അയാൾ തീർച്ചയായും വീഴും. ആരേയും മുൻപോട്ടു തള്ളിയിടാൻ ശ്രമിക്കരുത്. കാരണം, മുൻപോട്ടു വീഴാൻ തുടങ്ങുമ്പോൾ എല്ലാ മനുഷ്യരും നൈസർഗ്ഗികമായ വാസനയാൽ ബാലൻസ് ക്രമീകരിച്ചു വീഴാതെ നിൽക്കും. അതുകൊണ്ടു പിന്നിലേക്കു മാത്രമേ വീഴ്ത്താവൂ. രണ്ടോ മൂന്നോ പേരെ ഉന്തി വീഴ്ത്തിക്കഴിഞ്ഞാൽ കാര്യം എളുപ്പമായി. മറ്റുള്ളവർ ശറപറാന്നു വീണുകൊള്ളും. വെറുതെ ഒന്നു തൊടുകയോ മൈക്കിൽ ഊതുകയോ കൈ വീശുകയോ ചെയ്താൽ കൂടുതൽ ഫലമുണ്ടാകും. ശുശ്രൂഷ നടത്തുന്ന വ്യക്തി ആത്മീയനായിരിക്കണമെന്നു നിർബ്ബന്ധമില്ല. സാക്ഷാൽ ഇടമറുക് ഉപദേശി വേഷം കെട്ടി വന്നാലും ജനം വീഴും. കാരണം, അവർ വീഴുന്നതു തികച്ചും മാനസികമായ കാരണങ്ങളാലാണ്.

വീഴാൻ തയ്യാറുള്ള മനസ്സുമായി നിൽക്കുന്നവരെ വീഴ്ത്താൻ എളുപ്പമാണ്. വീഴ്ത്തൽ ശുശ്രൂഷ പതിവായി നടക്കുന്ന സഭയിൽ ആരേയും വളരെ എളുപ്പം വീഴ്ത്താം. പക്ഷേ ഇത്തരം പരിപാടികൾക്ക് എതിരായ നിലപാടു സ്വീകരിക്കുന്ന സഭകളിൽ അത്ര എളുപ്പം വീഴ്ത്തൽ നടത്താൻ പറ്റില്ല. ജനത്തെ മാനസികമായി ഒരുക്കിയെടുക്കാനുള്ള ബുദ്ധിമുട്ടുതന്നെ കാരണം.

വിശുദ്ധ ഛർദ്ദിയുടെ കാര്യവും ഇങ്ങനെതന്നെ. ഛർദ്ദിപ്പിക്കൽ ശുശ്രൂഷ നടത്തുന്ന വ്യക്തിയാണു വന്നിരിക്കുന്നത് എന്നു ജനത്തിനറിയാമെങ്കിൽ ഛർദ്ദിപ്പിക്കാൻ എളുപ്പമാണ്. അല്ലെങ്കിൽ കാര്യങ്ങൾ പറഞ്ഞു പഠിപ്പിക്കാൻ സമയം ചെലവഴിക്കേണ്ടതായി വരും. പ്രസംഗത്തിലുടനീളം ഛർദ്ദിയേക്കുറിച്ചു സംസാരിക്കുക. കൈവിഷം മൂലമുണ്ടാകുന്ന ദോഷങ്ങൾ വർണ്ണിക്കുക. ഛർദ്ദിയിലൂടെ വിടുതൽ പ്രാപിച്ചവരുടെ കഥകൾ വിവരിക്കുക. "ഛർദ്ദിയാണഖിലസാരമൂഴിൽ" എന്ന് ഏവർക്കും തോന്നുന്ന വിധത്തിലായിരിക്കണം പ്രസംഗം. അതുകഴിഞ്ഞു ജനത്തെ എഴുന്നേൽപ്പിച്ചു നിർത്തി ആരാധിപ്പിക്കുക. ഛർദ്ദിക്കാനായി പോളിത്തീൻ കവറും മറ്റും കൈയ്യിൽ പിടിച്ചു കൊണ്ടുവേണം ആരാധന തുടങ്ങാൻ. നാലോ അഞ്ചോ മിനിട്ടിനകം ആരെങ്കിലും ഛർദ്ദിക്കും. പിന്നീടുള്ള പുകിലു പറഞ്ഞറിയിക്കാൻ പറ്റില്ല. "ഞാൻ ഛർദ്ദിക്കില്ല" എന്നു പ്രഖ്യാപിച്ചുകൊണ്ടു നിൽക്കുന്നവർ പോലും ഛർദ്ദിച്ചുപോകും. ഒടുവിൽ പോളിത്തീൻ കവറുകൾ തികയാതെ വരും. ശുശ്രൂഷ വൻവിജയമാകും.

വിശുദ്ധ ചിരി, വിശുദ്ധ കുര തുടങ്ങിയവയുടെ കാര്യവും ഇങ്ങനെതന്നെ. ചിരി, അല്ലെങ്കിൽ കുരയേക്കുറിച്ചു വാചാലമായി പ്രസംഗിക്കുക. കുരച്ചില്ലെങ്കിൽ ജീവിതം തന്നെ പാഴായി എന്നാകണം പറഞ്ഞു വയ്ക്കുന്നത്. ബാക്കിയെല്ലാം മേല്പറഞ്ഞതു പോലെ. കുര ആരംഭിക്കുന്നതിനു മുൻപ് ആരാധിപ്പിക്കൽ നടത്തണം. ഒന്നോ രണ്ടോ പേർ കുരച്ചു കിട്ടിയാൽ പദ്ധതി വിജയിച്ചു. മറ്റുള്ളവരും കുരച്ചുകൊള്ളും. വിശുദ്ധ ചിരിയാണു വേണ്ടതെങ്കിലും ഇതുതന്നെ നടപടിക്രമം. തുമ്മി വീഴ്ത്തൽ എന്നൊരു ശുശ്രൂഷ നാളെ തുടങ്ങാൻ ആർക്കെങ്കിലും ആഗ്രഹമുണ്ടെങ്കിൽ ധൈര്യമായി തുടങ്ങുക. നിങ്ങൾ വിജയിക്കും. നടപടിക്രമങ്ങൾ മേല്പറഞ്ഞവതന്നെ.

ഇതൊന്നും ദൈവീകമല്ലെന്നു പറഞ്ഞ് എതിർപ്പുമായി രംഗത്തെത്തുന്നവരുണ്ടാകാം. അത്തരക്കാരെ അവഗണിക്കുക. വിശ്വസിക്കാൻ ഏറെപ്പേരുള്ളപ്പോൾ അവിശ്വാസികളെ ഗൗരവത്തിൽ എടുക്കേണ്ടതില്ല.

ഇത്തരം പരിപാടികൾക്കെതിരെ സംസാരിക്കുന്നവരെ പ്രതിരോധിക്കാൻ സഹായകമായ ചില വാദമുഖങ്ങൾ ഇതാ:

1. ആശയത്തെ ആശയം കൊണ്ടു ഖണ്ഡിക്കാം. പക്ഷേ അനുഭവത്തെ എന്തുകൊണ്ടു ഖണ്ഡിക്കും? ഇത് ഞങ്ങളുടെ അനുഭവമാണ്. ഇതു പ്രാപിക്കാത്തവർക്ക് ഇതിനെതിരെ സംസാരിക്കാൻ അവകാശമില്ല.
2. പരിശുദ്ധാത്മാവിനെ നിന്ദിക്കുന്നതാണ് ഏറ്റവും വലിയ പാപം. അതുകൊണ്ട് പരിശുദ്ധാത്മാവിനെതിരെ സംസാരിക്കരുത്.
3. എത്ര ശക്തിയായി ഊതിയാലും ആരും വീഴുകയില്ല. വീഴുന്നെങ്കിൽ ദൈവശക്തിയാലാണ്. ചോദ്യം ചെയ്യാൻ നാമാര്?
4. ശക്തൻമാരായ ദൈവദാസൻമാർ ഈ ശുശ്രൂഷ ചെയ്യുന്നു. ആയിരങ്ങളെ ക്രിസ്തുവിനായി നേടുന്നവരാണവർ. അവരിൽ പ്രവർത്തിക്കുന്നതു പിശാചാണെന്നു പറയുന്നതെങ്ങനെ?
5. വിവാഹശുശ്രൂഷ, ശവസംസ്ക്കാര ശുശ്രൂഷ തുടങ്ങി ദൈവദാസൻമാർ ചെയ്തതായി തെളിവില്ലാത്ത എന്തെല്ലാം ശുശ്രൂഷകൾ നാം നിരന്തരം ചെയ്യുന്നു. അതുകൊണ്ട് ഈ ശുശ്രൂഷകൾക്കും വചനത്തിൽ ആധാരമുണ്ടായേ മതിയാകൂ എന്നില്ല.
6. ചിലർക്കൊക്കെ ചിലതെല്ലാം മനസ്സിലാകില്ല. അതുകൊണ്ട് അവയൊക്കെ സാത്താന്യമാണെന്നു വരുന്നില്ല.

ഇങ്ങനെ ന്യായങ്ങൾ നിരത്തണം. ഈ ശുശ്രൂഷകളെ അനുകൂലിക്കുന്ന ദൈവദാസൻമാരുടെ പേരുകൾ എടുത്തു പറയണം. എതിർക്കുന്നവരെല്ലാം അനാത്മീയരാണെന്നും അവരേക്കൊണ്ടു കർത്താവിനോ ദൈവസഭയ്ക്കോ യാതൊരു പ്രയോജനവുമില്ലെന്നും ആവർത്തിച്ചു പറയണം. നിങ്ങൾ വിജയിക്കും.

പെന്തക്കോസ്തിൽ വിവരദോഷികൾക്കു പഞ്ഞമില്ല. ദൈവവചനം പഠിക്കാൻ മിക്കവർക്കും താല്പര്യമില്ല, സമയവുമില്ല. പണം, പ്രതാപം, ഇതര ഭൗതീക നൻമകൾ തുടങ്ങിയവയുടെ പിന്നാലെ നെട്ടോട്ടമോടുകയാണു നേതാക്കൻമാർ. അവർക്ക് ഉപദേശവും ദുരുപദേശവും ഒന്നുപോലെയാണ്. ഊതി വീഴ്ത്തുകയോ ഉന്തി വീഴ്ത്തുകയോ കുരയ്ക്കുകയോ ചിരിക്കുകയോ ഛർദ്ദിക്കയോ ഒക്കെ ചെയ്യുന്നതിൽ നേതാക്കൻമാർക്കു വിരോധവുമില്ല. കഷ്ടമെന്നേ പറയേണ്ടൂ.

## ഡിഫെൻഡർ - 2010 ഏപ്രിൽ 1

ആത്മീയ ലോകത്തു വലിയവനാകാൻ പ്രവചനത്തോളം ഫലവത്തായ ഒരു തന്ത്രമില്ല. ശ്രദ്ധിച്ചു വിനിയോഗിച്ചാൽ രോഗശാന്തിയേപ്പോലും കടത്തി വെട്ടാൻ പ്രവചനത്തിനു കഴിയും.

പ്രവചനം നിന്നുപോയെന്നു പഠിപ്പിക്കുന്ന സഭകളുണ്ട്. അത്തരം സഭകൾ നല്ല പ്രവാചകൻമാർക്കു മാത്രമല്ല കള്ളപ്രവാചകൻമാർക്കും ദോഷം ചെയ്യും. എങ്കിലും പെന്തക്കോസ്ത് സഭകൾ പ്രവചനത്തിൽ വിശ്വസിക്കുന്നതുകൊണ്ട് നല്ല പ്രവാചകൻമാരോടൊപ്പം കള്ളപ്രവാചകൻമാർക്കും നിന്നുപിടിക്കാം.

പെന്തക്കോസ്ത് സഭകളിൽ കണ്ടുവരുന്ന പ്രവചനങ്ങളെ പ്രധാനമായി അഞ്ചു വിഭാഗങ്ങളായി തിരിക്കാം.

1. ദൈവാത്മാവിലുള്ളത്.

ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്ന വിധത്തിലുള്ള പ്രവചനം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും നിലനിൽക്കുന്നു. പക്ഷേ ദൈവാത്മാവ് ശുശ്രൂഷ ഏല്പിക്കുന്നവർക്കു മാത്രമേ ഈ തരത്തിലുള്ള പ്രവാചകനാകാൻ പറ്റൂ.

2. ദുരാത്മാവിലുള്ളത്.

ദൈവാത്മാവിൽ നിറഞ്ഞു പ്രവചിക്കുന്നതുപോലെതന്നെ ദുരാത്മാവിൽ നിറഞ്ഞും പ്രവചിക്കാൻ കഴിയും. കള്ളൻമാർക്ക് ഈ മാർഗ്ഗം അനുയോജ്യമാണ്.

3. ഇളക്കപ്പെരുപ്പം.

നിഷ്ക്കളങ്കരായ ആളുകളാണ് ഇത്തരം പ്രവചനങ്ങൾ നടത്തുന്നത്. തങ്ങളുടെ ഹൃദയത്തിൽ തോന്നിയതെല്ലാം ദൈവം പറയുന്നതാണെന്നു തെറ്റിദ്ധരിച്ച് പ്രവചിക്കയാണു ചെയ്യുന്നത്.

4. മാനസികരോഗം.

താൻ ദൈവത്താൽ നിയമിക്കപ്പെട്ട പ്രവാചകനാണെന്നു മാനസികരോഗി തെറ്റിദ്ധരിക്കുന്നതുമൂലം ഉണ്ടാകുന്ന പ്രവചനമാണിത്. മാനസികരോഗം സൗഖ്യമാകുന്നതോടെ ഇത്തരം പ്രവചനവും നിലയ്ക്കും.

5. ശുദ്ധ തട്ടിപ്പ്.

കള്ളപ്രവചനത്തിലൂടെ വലിയവനാകാൻ ആഗ്രഹിക്കുന്നവർ ഈ വിധത്തിലുള്ള പ്രവചനമാണു പ്രയോഗിക്കേണ്ടത്. അതിനുള്ള വിദ്യ പറഞ്ഞുതരാം.

പ്രവചനത്തിന്റെ അവിഭാജ്യ ഘടകമാണ് അന്യഭാഷ. അതുകൊണ്ട് രസികൻ അന്യഭാഷകൾ പറയാൻ പഠിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. മനു ചെറിയാൻ പറഞ്ഞതുപോലെ 'കപ്പക്കാല കമ്പം തേനി' എന്നൊന്നും പറയരുത്. കാരണം അത്തരത്തിലുള്ള അന്യഭാഷ വ്യാജമാണെന്നു കണ്ടുപിടിക്കാൻ വലിയ ബുദ്ധിമുട്ടില്ല.

അറിയപ്പെടുന്ന ദൈവദാസൻമാർ പറയുന്ന അന്യഭാഷ റിക്കാഡ് ചെയ്തെടുക്കാൻ ശ്രമിക്കുക. ഇപ്പോൾ മൊബൈലിലും മറ്റും റിക്കാഡിംഗ് ഉള്ളതുകൊണ്ട് സംഗതി എളുപ്പമാണ്. വിവിധ രൂപത്തിലും ഭാവത്തിലും ഉള്ള അന്യഭാഷകൾ റിക്കാഡ് ചെയ്ത് ശേഖരിക്കണം. അതു കഴിഞ്ഞ് ഇവയെല്ലാം പലവട്ടം കേൾക്കണം. അപ്പോൾ അന്യഭാഷകളുടെ ശൈലിയും അതു പറയുന്ന രീതിയും മറ്റും മനസ്സിലാക്കാൻ കഴിയും. അതു കഴിഞ്ഞ് നിങ്ങൾ പറയാൻ ഉദ്ദേശിക്കുന്ന അന്യഭാഷ എഴുതിയുണ്ടാക്കുക. വിവിധതരം അന്യഭാഷകൾ എഴുതിയുണ്ടാക്കണം. അവ മന:പാഠമാക്കുകയാണ് അടുത്ത പടി. അതു കഴിഞ്ഞ് ഈ അന്യഭാഷകൾ സ്വയം പറഞ്ഞുനോക്കണം. റിക്കാഡ് ചെയ്തശേഷം കേട്ടും നോക്കണം. മറ്റുള്ളവരുടെ അന്യഭാഷയുമായി യോജിക്കുന്നുണ്ടോ എന്നും പരിശോധിക്കണം. സാധനം നന്നായിരിക്കുന്നു എന്നു ബോദ്ധ്യം വന്നശേഷം മാത്രമേ പ്രയോഗിക്കാവൂ.

പ്രവാചകൻമാർ കൂടോ ത്രം ഇളക്കുകയും മറ്റും ചെയ്യേണ്ടതായി വരും. കൂടോത്രങ്ങളെ പ്രധാനമായി ഹൈന്ദവ കൂടോത്രം, ക്രിസ്ത്യൻ കൂടോത്രം, മുസ്ലീം കൂടോത്രം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇവ ഓരോന്നും അഴിക്കാൻ അതാതു ഭാഷയിലുള്ള മന്ത്രം ചൊല്ലണം. ഹൈന്ദവരുടെ കൂടോത്രം സംസ്കൃത മന്ത്രം ചൊല്ലിയാണ് അഴിക്കേണ്ടതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. സംസ്കൃതമറിയാത്തവർ എങ്ങനെ സംസ്കൃത മന്ത്രം ചൊല്ലും? പ്രജാപതി ക്രിസ്തുവാണെന്നു തെളിയിക്കാൻ പ്രജാപതിക്കാർ സംസ്കൃതം ചൊല്ലിയതുപോലെയുള്ള തന്ത്രം ഇവിടെയും പ്രയോഗിക്കാം.

ഓം കന്യാശുദ്ധായ നമഹ<br>
ഓം വൃക്ഷശൂലാർപ്പിതായ നമഹ<br>
ഓം പഞ്ചകായായ നമഹ<br>
ഓം ഫ്രങ്കായ നമഹ

ഇങ്ങനെയാണ് അവർ ശ്ലോകം ചൊല്ലിയത്. സംസ്കൃതമറിയാവുന്നവർ ഇതു കേട്ടാൽ വണ്ടറടിച്ചു പോകും. ഇതുപോലുള്ള എന്തെങ്കിലും, ശ്ലോകം പോലെ, ചൊല്ലിയാൽ ഹൈന്ദവ കൂടോത്രം അഴിക്കാനുള്ള സംസ്കൃത അന്യഭാഷയായി.

സംഗതി ക്രിസ്ത്യൻ കൂടോത്രമാണെങ്കിൽ കുർബ്ബാന ചൊല്ലുന്ന ഈണത്തിൽ അർത്ഥശൂന്യമായ കുറെ വാക്കുകൾ ചൊല്ലുക. മുസ്ലീം കൂടോത്രം അഴിക്കുമ്പോൾ അറബി ചൊല്ലണം. ഹ, ള, ർ, ൽ തുടങ്ങിയ അക്ഷരങ്ങൾ അധികമായി വരുന്ന കുറെ അർത്ഥശൂന്യമായ വാക്കുക്കൾ ബാങ്കു വിളിക്കുന്ന ഈണത്തിൽ ചൊല്ലിയാൽ അറബിയായി. ഇങ്ങനെ സാഹചര്യത്തിനും ആവശ്യത്തിനും അനുസരിച്ച് അന്യഭാഷ പറയാനുള്ള അറിവ് എല്ലാ പ്രവാചകൻമാർക്കും ഉണ്ടായിരിക്കണം.

കള്ളപ്രവചനം എങ്ങനെ നടത്തണമെന്നതാണ് ഇനി പഠിക്കാനുള്ളത്. ഫോട്ടോ എടുക്കാനായി സ്റ്റുഡിയോയിൽ പോകുമ്പോൾ കോട്ടും ടൈയ്യും മറ്റും നാം കൊണ്ടുപോകേണ്ടതില്ല. ഈ വക സാധനങ്ങൾ

അവിടെ കിട്ടും. സ്റ്റുഡിയോയിലുള്ള കോട്ട് ആർക്കും യോജിക്കും. ഒരു ആവറേജ് അളവിൽ തയ്പ്പിച്ചിരിക്കയാണ്. കള്ളപ്രവചനവും ഇതു പോലെയാണ്. ആർക്കും യോജിക്കുന്ന വാചകങ്ങൾ പറഞ്ഞാൽ ഒന്നാംതരം പ്രവചനമായി.

എല്ലാ കള്ളപ്രവാചകൻമാരും ചില ബൈബിൾ വാക്യങ്ങൾ കാണാപ്പാഠം പഠിക്കണം. പ്രവചനത്തോടൊപ്പം ചേർക്കാൻ പറ്റിയ വാക്യങ്ങളാണു പഠിക്കേണ്ടത്. ഇതാ സാമ്പിൾ:

രക്ഷിക്കുവാൻ കഴിയാത്തവണ്ണം യഹോവയുടെ കൈ കുറുകിയിട്ടില്ല; കേൾക്കുവാൻ കഴിയാത്തവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാത്തവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്. യെശ. 59:1,2.

എഴുന്നേറ്റു പ്രകാശിക്കുക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ടു ജാതികളെയും മൂടുന്നു; നിന്റെമേലോ യഹോവ ഉദിക്കും; അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും. യെശ. 60:1,2.

ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും. യെശ. 42:1

ആകാശത്തെ സൃഷ്ടിച്ചു വിരിക്കുകയും ഭൂമിയെയും അതിലെ ഉല്പന്നങ്ങളെയും പരത്തുകയും അതിലെ ജനത്തിനു ശ്വാസത്തെയും അതിൽ നടക്കുന്നവർക്കു പ്രാണനെയും കൊടുക്കുകയും ചെയ്ത യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു. യെശ. 42:5

ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടി ഇരിക്കും; നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതേ കവിയുകയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തു പോകുകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല. യെശ. 43:1,2

ഏതു തരത്തിലുള്ള വാക്യങ്ങളാണു കാണാപ്പാഠം പഠിക്കേണ്ടതെന്നു മനസ്സിലായി കാണുമെന്നു കരുതുന്നു. ഇത്തരം വാക്യങ്ങൾ ബുദ്ധിപൂർവ്വം പ്രയോഗിച്ചാൽ അത്ഭുതാവഹമായ ഫലം കിട്ടും.

പ്രവാചകൻമാർ സ്ഥിരമായി പറയേണ്ട ചില വാക്കുകളും പഠിക്കണം. സ്ത്രീയോ പുരുഷനോ എന്നു നോക്കി മകളേ, മകനേ എന്നിങ്ങനെ വിളിക്കണം. പകൽ സമയത്തു പകൽക്കാലം എന്നും രാത്രി സമയത്തു രാത്രിക്കാലം എന്നും പറയണം. കാലം തല തിരിഞ്ഞാൽ കഷ്ടകാലമാകും. രാത്രിയോ പകലോ എന്നു പോലും അറിഞ്ഞുകൂടാത്ത ആത്മാവ് എന്തുതരം ആത്മാവാണെന്നു ബുദ്ധിയുള്ളവർ ചോദിക്കാൻ ഇട വരുത്തരുത്.

ജനം എന്ന വാക്ക് നിരന്തരം ഉപയോഗിക്കണം. പ്രവചിക്കുന്നത് ഒരു വ്യക്തിയോടായാലും "എന്റെ ജനം" എന്നുവേണം പറയാൻ. ഒരാൾ എങ്ങനെ ജനമാകും എന്ന് ആരെങ്കിലും ചോദിക്കുമെന്നു ഭയപ്പെടേണ്ടതില്ല. ഇതൊക്കെ പ്രവചനത്തിലെ അംഗീകൃത രീതിയാണ്.

പ്രവചനം തന്നെ പല രീതിയിലുണ്ട്. അതിൽ നമുക്കു സൗകര്യപ്രദമായ രീതി സ്വീകരിക്കാം. ബൈബിൾ വാക്യത്തിലൂടെ പ്രവചനം പറയുന്ന രീതിയാണ് ഏറ്റവും സുരക്ഷിതം. പ്രവചനം തെറ്റിയെന്ന് ആരും പറയുകയില്ല. മാത്രമല്ല പ്രവചനം വചനപ്രകാരമായിരുന്നു എന്നു പറഞ്ഞു തടി തപ്പാനും എളുപ്പമാണ്.

എന്തെങ്കിലും ദൂതോ നിർദ്ദേശമോ ആശ്വാസവാക്കോ ഉൾക്കൊള്ളുന്ന ബൈബിൾ വാക്യങ്ങളുടെ ഒരു നീണ്ട ലിസ്റ്റ് ഉണ്ടാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. സാഹചര്യത്തിനനുസരിച്ച് ഈ വാക്യങ്ങൾ പറയണം. ഇതാ ചില ഉദാഹരണങ്ങൾ.

ആ നീല സാരിയുടുത്ത സഹോദരിയോട് ദൈവാത്മാവ് യെശ. 55:8 ദൂതായിട്ട് അറിയിക്കുന്നു. ആ വാക്യം നമുക്കു വായിക്കാം:

എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.

ദൈവസന്നിധിയിൽ വച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കാര്യത്തേക്കുറിച്ചാണു ദൈവാത്മാവു പറയുന്നത്. എന്താ കർത്താവേ ഇതുവരെയായിട്ടും മറുപടി തരാത്തത് എന്നു ചോദിച്ചു സഹോദരി ഭാരപ്പെടുകയാണ്. പക്ഷേ നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. ദൈവത്തിന്റെ സമയാകുമ്പോൾ ദൈവം വഴി തുറക്കും സഹോദരീ.

നീല സാരിയുടുത്ത സഹോദരിയോടെന്നല്ല ഏതു നിറമുള്ള സാരിയുടുത്ത സഹോദരിയോടും മുണ്ടുടുത്ത സഹോദരനോടും സകലമാന പെന്തക്കോസ്തുകാരോടും ഈ പ്രവചനം നടത്താം. സംഗതി അച്ചട്ടായിരിക്കും. എന്താ കാരണം? എല്ലാവരും എന്തെങ്കിലുമൊക്കെ കാര്യങ്ങൾ ദൈവസന്നിധിയിൽ വച്ചു പ്രാർത്ഥിക്കുന്നുണ്ടാകും. നാളിതുവരെ മറുപടി കിട്ടാത്ത വിഷയങ്ങൾ എല്ലാവർക്കും ഉണ്ടായിരിക്കും. മാത്രമല്ല,

ബൈബിളിൽ നിന്നുള്ള ഒരു വാക്യമാണ് വായിച്ചത്. ആ വാക്യത്തിൽ പറയുന്ന കാര്യം എല്ലായ്പ്പോഴും സത്യവുമാണ്. നീല സാരി ഉടുത്ത സഹോദരി വളരെക്കാലമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന വിഷയത്തിന് ഈ പ്രവചനം കഴിഞ്ഞ് ഏറെ താമസിയാതെ പരിഹാരമുണ്ടാകുകകൂടി ചെയ്താൽ അതോടെ പ്രവാചകന്റെ മഹത്വം പല മടങ്ങായി വർദ്ധിക്കും. അതു കള്ളപ്രവചനമായിരുന്നെന്നോ ഈ പ്രവചനം നടത്തിയ വ്യക്തി കള്ളനായിരുന്നെന്നോ കാര്യകാരണസഹിതം പറഞ്ഞാലും വിശ്വസിക്കാൻ ആളുണ്ടാകില്ല.

ഈ വിധത്തിൽ ആർക്കും ഇടാവുന്ന കോട്ടുകൾ നിരവധിയുണ്ട്. ദൈവീക വാഗ്ദത്തങ്ങൾ ഉൾക്കൊള്ളുന്ന എല്ലാ വാക്യങ്ങളും ഈ വിധത്തിൽ ഉപയോഗി ക്കാം. പ്രബോധനം, മുന്നറിയിപ്പ് തുടങ്ങിയവ ഉൾക്കൊള്ളുന്ന വാക്യങ്ങളും കള്ളപ്രവചനത്തിന് ഉപയോഗിക്കാം. പക്ഷേ പാപത്തിലേക്കു വിരൽ ചൂണ്ടുന്ന വാക്യങ്ങൾ ഒഴിവാക്കണം. ഉദാഹരണത്തിന്, ആ തൂണിന്റെ ചുവട്ടിൽ ഇരിക്കുന്ന സഹോദരനോടു ദൈവാത്മാവ് സങ്കീ.50:16-22 ദൂതായിട്ട് അറിയിക്കുന്നു എന്നു പറഞ്ഞാലുള്ള അനുഭവം ഊഹിക്കാമല്ലോ. “നീ എന്റെ ചട്ടങ്ങളെ അറിയിക്കുവാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുക്കുവാനും നിനക്കെന്തു കാര്യം? നീ ശാസനയെ വെറുത്തു എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞുകളയുന്നുവല്ലോ. കള്ളനെ കണ്ടാൽ നീ അവന് അനുകൂലപ്പെടുന്നു; വ്യഭിചാരികളോട് നീ പങ്കുകൂടുന്നു. നിന്റെ വായ് നീ ദോഷത്തിനു വിട്ടു കൊടുക്കുന്നു; നിന്റെ നാവു വഞ്ചന പിണയ്ക്കുന്നു. നീ ഇരുന്നു നിന്റെ സഹോദരനു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കുകയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ചു നിന്റെ കണ്ണിൻമുമ്പിൽ അവയെ നിരത്തിവയ്ക്കും. ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊള്ളുവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിക്കുവാൻ ആരുമുണ്ടാകുകയുമില്ല.” ഇത്തരം വാക്യങ്ങൾ ഒഴിവാക്കുക. കള്ളപ്രവചനത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ.

## ഡിഫെൻഡർ - 2010 ഏപ്രിൽ 16

കള്ളപ്രവചനം നടത്തി വലിയവനാകുന്നതെങ്ങനെ എന്ന വിഷയമാണല്ലോ കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. പെന്തക്കോസ്തുകാരുടെ ഇടയിൽ ഏറ്റവും സ്വീകാര്യതയുള്ള തട്ടിപ്പാണു പ്രവചനം. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് അല്പംകൂടി വിശദീകരിക്കേണ്ടതുണ്ട്.

നിങ്ങൾക്കു തികച്ചും അപരിചിതമായ ഒരു സ്ഥലത്ത് നിങ്ങളെ പ്രവചനത്തിനു വിളിക്കുന്നു. നിങ്ങൾ എങ്ങനെ പ്രവചിക്കും? പറയാം:

മൂന്നു ദിവസത്തെ ഉപവാസപ്രാർത്ഥനയാണു സംഭവം എന്നിരിക്കട്ടെ. ഒന്നാം ദിവസത്തെ പകൽ യോഗത്തിലാണു നിങ്ങൾ ആദ്യമായി പ്രവചിക്കുന്നത്. ആ സഭയിൽ എത്തുന്നത് ആദ്യമായാണെങ്കിലും ആ സഭയുടെ പാസ്റ്ററേപ്പറ്റി ചിലതെല്ലാം അറിയാൻ വലിയ ബുദ്ധിമുട്ടുണ്ടാകില്ല. അത്രയും അറിവു മൂലധനമായി വച്ചു തുടങ്ങാം.

ആദ്യത്തെ പകൽ യോഗത്തിൽത്തന്നെ പ്രവചനം തുടങ്ങണം. അല്ലെങ്കിൽ പ്രവാചകനു കൃപ കുറവാണെന്ന ധാരണയുണ്ടാകും. ആദ്യ പ്രവചനം പാസ്റ്ററോടുതന്നെ ആയിരിക്കട്ടെ. പാസ്റ്ററെ ദൈവം ഉന്നത വിളിയാൽ വിളിച്ചു, വലിയ ശുശ്രൂഷ ഭരമേല്പിച്ചിരിക്കയാണ്, എങ്കിലും ശത്രു പോരാടുന്നുണ്ട്, തകർത്തു കളയുകയാണ് ശത്രുവിന്റെ ലക്ഷ്യം, എന്നാൽ ദൈവകരം താങ്ങും, ഈ ദിവസങ്ങളിൽ പുതിയ ചില ശുശ്രൂഷകൾ ദൈവം ഏല്പിക്കാൻ പോകുകയാണ്, ചില നൻമകൾ ഇതാ വരുന്നു.... അങ്ങനെ ഒരിക്കലും ‘തെറ്റാത്ത’ പ്രവചനം നടത്താം.

പാസ്റ്ററോടുള്ള പ്രവചനം കഴിഞ്ഞാൽ പാസ്റ്ററുടെ ഭാര്യയോടാകാം പ്രവചനം. ദൈവ ദാസനു തക്ക തുണയായിരിക്കാൻ ദൈവം ലോകസ്ഥാപനത്തിനു മുമ്പെ കണ്ടു, അത്യുഗ്രൻ കൃപകളും കൃപാവരങ്ങളും നൽകി അനുഗ്രഹിച്ചു, അവ വേണ്ടതു പോലെ വ്യാപാരം ചെയ്യുന്നില്ല എന്ന കുറവുണ്ട്, ദൈവദാസിയുടെ കണ്ണുനീരാണ് ഈ സഭയുടെ കോട്ട... അങ്ങനെ കത്തിക്കയറണം.

പാസ്റ്ററുടെ മക്കളോടും ആകാം പ്രവചനം. ചില പാസ്റ്റർമാരുടെ മക്കൾ മഹാ പിഴയായിരിക്കും. ദൈവമക്കൾ എന്ന നിലക്ക് അവരോടു പ്രവചിച്ചാൽ കുഴപ്പമാകും. പാസ്റ്റർമാരുടെ മക്കളോടെന്നല്ല ചെറുപ്പക്കാരായ എല്ലാവരോടും പ്രവചിക്കുമ്പോൾ സൂക്ഷിക്കണം. സകല ചെറുപ്പക്കാരും അറുപിഴകളാണെന്ന അഭിപ്രായമാകും കുറെ അപ്പച്ചൻമാർക്കും അമ്മച്ചിമാർക്കും ഉള്ളത്. കുട്ടികൾ അണിഞ്ഞൊരുങ്ങി നടക്കുന്നതു കാണുമ്പോൾ ഉണ്ടാകുന്ന കണ്ണുകടിയാണ് ഇത്തരം ആരോപണങ്ങളുടെ മുഖ്യ കാരണം. എങ്കിലും ദൈവകൃപ വിട്ടു നടക്കുന്നവരായി അപ്പച്ചൻമാരും അമ്മച്ചിമാരും മുദ്ര കുത്തിയിരിക്കുന്ന ചെറുപ്പക്കാരോട് വളരെ സൂക്ഷിച്ചു വേണം പ്രവചിക്കാൻ അവർ മഹാമോശക്കാരാണെന്നു പ്രവചിച്ചാൽ പുലിവാലാകും. അവർ വിശുദ്ധരാണെന്നു പറയാനും വയ്യ. എന്താണു പോംവഴി?

പരിഹാരം ഇതാ: മകനേ, (അല്ലെങ്കിൽ മകളേ), ലോകസ്ഥാപനത്തിനു മുൻപേ ഞാൻ നിന്നെ കണ്ടു. ഉന്നത വിളിയാൽ നിന്നെ വിളിച്ചു. എന്നാൽ നീ നിന്റെ വിളിയും തെരഞ്ഞെടുപ്പും മനസ്സിലാക്കിയിട്ടില്ല. ദുഷ്ടൻ അതു നിന്റെ കണ്ണിന്റെ മുൻപിൽ നിന്നു മറച്ചു വച്ചിരിക്കുന്നു. നിന്നെ ചീത്ത കൂട്ടുകെട്ടിൽ അകപ്പെടുത്തി നശിപ്പിക്കാൻ സാത്താൻ പദ്ധതിയിട്ടിരിക്കുന്ന വിവരം നീ അറിയാതെ പോകരുത്. ആകയാൽ നീ ഓരോ ചുവടും സൂക്ഷിച്ചു വയ്ക്കുക.....".

ഈ പ്രവചനം ആരോടു പറഞ്ഞാലും നൂറു ശതമാനം ശരിയായിരിക്കും. പാസ്റ്ററുടെ മക്കളോടു തീർച്ചയായും ഈ പ്രവചനം പറയണം.

യോഗത്തിനു വന്നിട്ടുള്ള ആരേയും നിങ്ങൾക്കു പരിചയമില്ല. എങ്കിലും പ്രവചിക്കാം. നിങ്ങൾ പ്രസംഗിക്കുമ്പോൾ ഏറ്റവും അധികം ഹാലേലൂയ്യായും ആമേനും മറ്റും പറയുന്നവരെ ശ്രദ്ധിക്കുക. അങ്ങനെയുള്ളവരെ തെരഞ്ഞുപിടിച്ചു പ്രവചിക്കണം. ഹാലേലൂയ്യാക്കാരി അമ്മച്ചിയോടു പ്രവചിക്കുമ്പോൾ ആ അമ്മച്ചിയുടെ പ്രാർത്ഥനയുടെ ബലം കൊണ്ടാണ് ഭൂമി ഇപ്പോഴും അച്ചുതണ്ടിൽത്തന്നെ നിന്നു കറങ്ങുന്നത് എന്ന് അർത്ഥം വരുന്ന വിധത്തിൽ വേണം പ്രവചനം.

ഇത്തരം പ്രവചനം നടത്തുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ഹാലേലൂയ്യാക്കാരിൽ ചിലർക്ക് ഈ ബഹളമൊക്കെ മാത്രമേ കാണൂ. യഥാർത്ഥ ജീവിതത്തിൽ അവർ മഹാ പ്രശ്നക്കാരായിരിക്കും. അതുകൊണ്ട് ഒരു മുൻകൂർ ജാമ്യം സഹിതം വേണം പ്രവചിക്കാൻ: "മകളേ, നീ രാത്രിയുടെ യാമങ്ങളിൽ, ആരും കാണാതെ എന്റെ സന്നിധിയിൽ പൊഴിക്കുന്ന കണ്ണുനീർ എന്റെ തുരുത്തിയിൽ ഞാൻ സൂക്ഷിച്ചു വച്ചിട്ടുണ്ട്" എന്നു ധൈര്യമായി പ്രവചിക്കാം. നേരേചൊവ്വേ ജീവിക്കുന്ന അമ്മച്ചിമാർക്ക് ഈ പ്രവചനം തികച്ചും യോജിക്കും. പക്ഷേ വഴക്കാളി അമ്മച്ചിക്ക് യഥാർത്ഥത്തിൽ ഇതു യോജിക്കയില്ല. എങ്കിലും പ്രശ്നമില്ല. രാത്രിയുടെ യാമങ്ങളിൽ ആരും കാണാതെ കരഞ്ഞു പ്രാർത്ഥിക്കുന്ന കാര്യമാണു പറഞ്ഞത്. ഈ അമ്മച്ചി ഒരുപക്ഷേ രാത്രിയിൽ ആരും കാണാതെ പ്രാർത്ഥിക്കുന്നുണ്ടാകാം എന്നു വിശ്വാസികൾ കരുതും. യോനായെ തോല്പിക്കുന്ന ഉറക്കം പതിവാക്കിയ അമ്മച്ചിയാണെങ്കിലും താൻ രാത്രിയിൽ കണ്ണുനീരൊഴുക്കി പ്രാർത്ഥിക്കുന്നതു സ്ഥിരം പരിപാടിയാണെന്നു മേനി നടിക്കും. അതു കൊണ്ട് ഇത്തരം പ്രവചനങ്ങൾ ഒരിക്കലും തെറ്റുകയില്ല.

ഒന്നാം ദിവസത്തെ പകൽ യോഗം വിജയകരമായി അവസാനിച്ചാൽ രാത്രിയോഗമായി. അയൽ സഭകളിൽ നിന്നുപോലും വിശ്വാസികൾ എത്തിയിട്ടുണ്ടാകാം. രക്ഷിക്കപ്പെടാത്തവരും വന്നേക്കാം. അതുകൊണ്ടു സൂക്ഷിക്കണം. പകൽ യോഗത്തിൽ പങ്കെടുത്ത പലരേയും കുറിച്ച് ചിലതൊക്കെ നിങ്ങൾക്കു മനസ്സിലായിക്കഴിഞ്ഞിരിക്കും. അങ്ങനെയുള്ള അറിവ് രാത്രിയോഗത്തിൽ പരമാവധി പ്രയോഗിക്കണം. അവരോടു പ്രവചിക്കണം. കൃത്യമായ ഈ പ്രവചനം കേട്ട് ഏവരും അന്ധാളിക്കും. ഒരു പരിചയവുമില്ലാത്തവരോട് എങ്ങും തൊടാത്ത വിധത്തിലുള്ള പ്രവചനം വേണം നടത്താൻ. അങ്ങനെ ഒന്നാം ദിവസം കടന്നു കിട്ടിയാൽ വിജയിച്ചു. അടുത്ത രണ്ടു ദിവസം പ്രവചനം പൊടിപൂരമാക്കാം.

പ്രോഗ്രാമിനു പഞ്ഞമില്ലാതിരിക്കാൻ ഒരു തന്ത്രമുണ്ട്. പരമ ദരിദ്രരെന്ന് ഒറ്റ നോട്ടത്തിൽ തോന്നുന്നവരോടൊഴികെ എല്ലാവരോടും ഈ വിദ്യ പ്രയോഗിക്കാം. അവരുടെ വീട്ടിൽ സാത്താന്റെ പോരാട്ടം അതികലശലാണെന്നും എത്രയും വേഗം മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തണമെന്നും പ്രവചിക്കുക. ഏതു സഭയിൽ ചെന്നാലും ശരാശരി പത്തുപേരോടെങ്കിലും ഈ വിധത്തിൽ പ്രവചിക്കണം. ആ സഭയിലെ യോഗം കഴിഞ്ഞു മടങ്ങുന്നതിനു മുൻപായി മൂന്നോ നാലോ പ്രോഗ്രാം കിട്ടിയിരിക്കും. ഉപവാസപ്രാർത്ഥന നടത്തണമെന്നു മാത്രമേ നിങ്ങൾ പറഞ്ഞുള്ളൂ. പക്ഷേ പ്രവാചകനില്ലാത്ത ഉപവാസം ഉപ്പില്ലാത്ത കഞ്ഞിപോലെയാണെന്ന് ഏവർക്കും അറിവുള്ള കാര്യമാണ്. അതുകൊണ്ട് തീർച്ചയായും ഒരു പ്രവാചകനെ വിളിക്കും. ഉപവാസം വേണമെന്നു വെളിപ്പാടു കണ്ടതു നിങ്ങളായതുകൊണ്ട് സ്വാഭാവികമായും നിങ്ങളെത്തന്നെ വിളിക്കും. അതാണു പ്രവചനത്തിന്റെ ഗുട്ടൻസ്.

മറ്റു സഭകളിൽ നിന്നു പ്രവചനം കേൾക്കാൻ എത്തിയവരെ പ്രത്യേകം നോട്ടു ചെയ്യുക. അവരോടു പ്രവചിക്കുമ്പോൾ ഉപവാസക്കാര്യം പ്രത്യേകം പറയണം. ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നു വന്നവർക്കു പ്രത്യേക പരിഗണന കൊടുക്കുകയും വേണം. ഇങ്ങനെയുള്ളവർ പ്രോഗ്രാം ബുക്ക് ചെയ്യുന്നതിലൂടെ നിങ്ങളുടെ വയലും വേലയും വിശാലമാകുകയാണു ചെയ്യുന്നത്.

പ്രവാചകൻ എന്നു പേരെടുത്തു കഴിഞ്ഞാൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇനി പറയാം. പണ്ടൊക്കെ പ്രവാചകൻമാരെ യോഗത്തിനു വിളിച്ചുകൊണ്ടു പോകുകയോ പ്രവാചകന്റെ വീട്ടിൽ ചെന്നു പ്രവചനം കേൾക്കുകയോ ഒക്കെയാണു ചെയ്തിരുന്നത്. പക്ഷേ മൊബൈൽ ഫോൺ പ്രചാരത്തിലാകുകയും ഫോൺ വിളിക്കാനുള്ള ചെലവ് കുറയുകയും ചെയ്തതോടെ ഫോണിലൂടെയും പ്രവചിക്കാം എന്നായിരിക്കുന്നു. അതുകൊണ്ട് പ്രവചനം കേൾക്കാൻ – അതായത് ആലോചന അറിയാൻ – ഫോൺ വിളിക്കുന്നവർ ഉണ്ടാകും. അത്തരക്കാരെ അവഗണിക്കരുത്. ഫോണിലൂടെ പ്രവചിച്ചാൽ കൈമടക്കു കിട്ടുകയില്ലല്ലോ എന്നോർത്തു ഭാരപ്പെടുകയും അരുത്. ഫോണിലൂടെ പ്രവചനം കേട്ടിട്ടു കാശു തരാതെ കബളിപ്പിക്കുന്നവരുണ്ടാകാം. എങ്കിലും എല്ലാവരും അത്തരക്കാരായിരിക്കണമെന്നില്ല. ചിലരെങ്കിലും ഉപകാരസ്മരണയുള്ളവരാകും. അവർ പണം അയച്ചു തരികയോ നേരിൽ വന്നു കണ്ട് പണം തരുകയോ ചെയ്യും.

പ്രവചനം കേൾക്കാനായി ഫോണിൽ വിളിക്കുന്നവരെ പ്രധാനമായി രണ്ടു ഗ്രൂപ്പായി തിരിക്കാം. വിദേശത്തുള്ളവർ, ഇന്ത്യയിലുള്ള പണക്കാർ തുടങ്ങിയവരാണ് ഒരു ഗ്രൂപ്പ്. ഇവരെ വി.ഐ.പികളായി പരിഗണിക്കണം. സാധാരണക്കാരായ വിശ്വാസികളാണ് രണ്ടാമത്തെ ഗ്രൂപ്പ്. പ്രവാചകൻമാർ രണ്ടു മൊബൈൽ ഫോണുകൾ ഉപയോഗിക്കണം. ഒരെണ്ണത്തിന്റെ നമ്പർ വി.ഐ.പി കൾക്കു മാത്രമേ കൊടുക്കാവൂ. രണ്ടാമത്തെ ഫോണിന്റെ നമ്പർ അലവലാതി ഗ്രൂപ്പിൽ പെട്ടവർക്കു കൊടുക്കുക.

ഈ രണ്ടു ഫോണുകളും എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നും പറയാം. ഏതു ഫോണിൽ വിളി വന്നാലും എടുക്കണം. പക്ഷേ വി.ഐ.പി ഫോണിനു മുൻഗണന കൊടുക്കണമെന്നു മാത്രം. രണ്ടാമത്തെ ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വി.ഐ.പി ഫോണിൽ മണിയടിച്ചാൽ രണ്ടാമത്തെ ഫോൺ കട്ട് ചെയ്ത് വി.ഐ.പി. ഫോൺ എടുക്കുക. വി.ഐ.പികളോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടാമത്തെ ഫോണിൽ വിളി വന്നാൽ മൈന്റ് ചെയ്യരുത്. നക്കാപ്പിച്ചക്കാരനു വേണ്ടി വി.ഐ.പിയെ ഉപേക്ഷിക്കരുത് എന്നു ചുരുക്കം. ഇങ്ങനെ ഫോണുകൾ ബുദ്ധിപൂർവ്വം ഉപയോഗിച്ചാൽ ചുരുങ്ങിയ കാലം കൊണ്ടു നിങ്ങൾക്കു വലിയ പണക്കാരനാകാം. വിദേശയാത്ര ചെയ്യാം. സ്വന്തം പ്രസ്ഥാനം വരെ ഉണ്ടാക്കാം.

ഫോണിലൂടെ പ്രവചനം കേൾക്കുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചു വരുകയാണെങ്കിലും പ്രവാചകനെ നേരിൽ കാണുന്നവരും കുറവല്ല. പ്രവാചകൻമാർ മിക്ക ദിവസങ്ങളിലും യാത്രയിലായിരിക്കും. അതുകൊണ്ട് അവരെ കാണാൻ ബുദ്ധിമുട്ടുണ്ടാകുക സ്വാഭാവികം. ഇതിന് ഒരു പരിഹാരം പലരും കണ്ടെത്തി യിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസമെങ്കിലുംവീട്ടിൽ ഉണ്ടായിരിക്കുക. ഏതു ദിവസം? ദിവസം ഏതായാലും എല്ലാ ആഴ്ചയിലും അതേദിവസം വീട്ടിൽ ഉണ്ടായിരിക്കണം. വീട്ടിലിരിക്കാൻ ഏറ്റവും ഉചിതമായ ദിവസമേത്? അതു കണ്ടു പിടിക്കാൻ ബുദ്ധിമുട്ടില്ല. ഏതു ദിവസമാണ് ഏറ്റവും കുറച്ചു യോഗങ്ങളുള്ളത്? ആഴ്ചയുടെ അവസാന ദിവസങ്ങളിലാണ് ഏറ്റവും അധികം യോഗങ്ങൾ നടക്കുന്നത്. അങ്ങനെയാണെങ്കിൽ ആഴ്ചയുടെ ആരംഭത്തിലായിരിക്കുമല്ലോ ഏറ്റവും കുറച്ചു മീറ്റിംഗുകൾ ഉള്ളത്. ഞായറാഴ്ചയാണ് ആദ്യ ദിവസമെങ്കിലും അന്നു സഭായോഗവും മറ്റുമുണ്ട്. അതുകൊണ്ട് പ്രവാചകൻമാർക്കു വീട്ടിലിരിക്കാൻ ഏറ്റവും ഉചിതമായ ദിവസം തിങ്കളാഴ്ചയാണ്. നിങ്ങൾ എല്ലാ തിങ്കളാഴ്ചയും വീട്ടിൽ ഉണ്ടായിരിക്കുമെന്ന് ചെല്ലുന്നിട ത്തെല്ലാം പ്രഖ്യാപിക്കണം. ജനം എല്ലാ തിങ്കളാഴ്ചയും നിങ്ങളെ തേടി എത്തിക്കൊള്ളും.

തിങ്കളാഴ്ചകൾ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്നതാണ് അടുത്ത ചോദ്യം. പ്രധാന മായി രണ്ടു വഴിയുണ്ട്. ഡോക്ടർമാർ കൺസൾട്ടേഷന് ഇരിക്കുന്നതുപോലെ നിങ്ങൾ ഒരു പ്രത്യേക മുറിയിൽ ഇരിക്കുന്നതാണ് ഒരു മാർഗ്ഗം. സന്ദർശകരെ നിയന്ത്രിക്കാനും ഓരോ കുടുംബത്തെ വീതമായി അകത്തേക്കു കയറ്റി വിടാനും പുറത്ത് ആളുണ്ടാകണം. (ടോക്കൺ കൊടുക്കുന്നവർ വരെയുണ്ട്.) ഏതായാലും ഓരോ കുടുംബത്തെ വീതം മാത്രമേ അകത്തേക്കു വിടാവൂ. അകത്തെത്തുന്നവരോടു കാര്യങ്ങൾ ചോദിച്ചു മനസ്സിലാ ക്കുക. ആവശ്യമായ ഉപദേശങ്ങൾ കൊടുക്കുക. എങ്ങും തൊടാത്ത പ്രവചനം നടത്തുക. വരാൻ പോകുന്ന അനുഗ്രഹത്തേക്കുറിച്ചു പറയുക. നല്ലൊരു തുക കിട്ടുമെന്നു തീർച്ച. വിശാലമായ ഒരു മുറിയിൽ യോഗം പോലെ നടത്തുകയാണ് മറ്റൊരു മാർഗ്ഗം. പക്ഷേ സ്വകാര്യമായി പ്രവചനം കേൾക്കാൻ ബുദ്ധിമുട്ടുള്ളതു കൊണ്ട് മിക്കവർക്കും ഇതു തൃപ്തിയാകുകയില്ല. ജനത്തിനു തൃപ്തിയായില്ലെങ്കിൽ അതു കൈമടക്കിനെ ബാധിക്കും.

# ഡിഫെൻഡർ - 2010 മെയ് 1

ഉപവാസത്തിലൂടെ എങ്ങനെ വലിയവനാകാം എന്നാണ് ഈ ലക്കത്തിൽ പറയാൻ പോകുന്നത്. ഈ അത്ഭുതവിദ്യ പെന്തക്കോസ്തിൽ മാത്രമേ ചെലവാകൂ എന്ന് പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ. ഇനി വിഷയത്തിലേക്കു കടക്കാം.

ഉപവാസത്തേക്കുറിച്ചു ബൈബിൾ എന്തു പറയുന്നു എന്നതാണ് ആദ്യം പരിശോധിക്കുന്നത്. പഴയ നിയമകാലത്ത് ഉപവാസം ഉണ്ടായിരുന്നു എന്നു വ്യക്തം. മോശ, ഏലിയാവ് തുടങ്ങിയവർ 40 ദിവസം ഉപവസിച്ചു. കർത്താവായ യേശുക്രിസ്തുവും ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് 40 ദിവസം ഉപവസിച്ചു. പക്ഷേ അതിനുശേഷം ഒരിക്കലും കർത്താവ് ഉപവസിച്ചതായി കാണുന്നില്ല. കർത്താവിനോടു കൂടി ആയിരുന്ന സമയത്തു ശിഷ്യൻമാർ ഉപവസിച്ചുമില്ല. എന്നാൽ കർത്താവ് ഒപ്പമില്ലാത്ത കാലത്തു ശിഷ്യൻമാർ ഉപവസിക്കുമെന്നു കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെ അവർ ചെയ്തതായി പ്രവൃ.13ൽ കാണുന്നു മുണ്ട്. മാത്രമല്ല ഭൂതബാധയിൽ നിന്നു വിടുതൽ ലഭിക്കാൻ ഉപവാസം ആവശ്യമായി വന്നേക്കാം എന്നു കർ ത്താവു സൂചിപ്പിക്കുന്നുമുണ്ട്. അതുകൊണ്ട് ഉപവാസം എന്നത് സ്വീകാര്യം തന്നെ. പക്ഷേ എന്തിനും ഒരതിരൊക്കെ വേണം.

എന്തിനാണ് ഉപവസിക്കുന്നത്? ദൈവസന്നിധിയിൽ നമ്മേത്തന്നെ താഴ്ത്താൻ. അതല്ലാതെ, കർത്താ വിനെതിരെ നിരാഹാരം കിടക്കുകയല്ല. പട്ടിണി കിടന്നു ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് ആരും

കരുതേണ്ടതില്ല. തെറ്റുകളും കുറ്റങ്ങളും ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുകയും ക്രമീകരിക്കേണ്ട കാര്യങ്ങൾ ക്രമീകരിക്കയും ചെയ്യാതെ ഉപവസിച്ചിട്ടു പ്രയോജനവുമില്ല. ഉപവാസം ഏതു തരത്തിലായിരിക്കണമെന്ന് യെശയ്യാവു വ്യക്തമാക്കുന്നുണ്ട്:

"ഞങ്ങൾ നോമ്പു നോല്ക്കുന്നതു നീ നോക്കാതെയിരിക്കുന്നതെന്ത്? ഞങ്ങൾ ആത്മതപനം ചെയ്യുന്നത് നീ അറിയാതിരിക്കുന്നതെന്ത്? ഇതാ, നിങ്ങൾ നോമ്പു നോല്ക്കുന്ന ദിവസത്തിൽ തന്നേ നിങ്ങളുടെ കാര്യാദികളെ നോക്കുകയും നിങ്ങളുടെ എല്ലാ വേലക്കാരെയുംകൊണ്ട് അദ്ധ്വാനിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ വിവാദത്തിനും കലഹത്തിനും ക്രൂരമുഷ്ടികൊണ്ട് അടിക്കേണ്ടതിനും നോമ്പു നോല്ക്കുന്നു; നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾക്കുവാൻ തക്കവണ്ണമല്ല നിങ്ങൾ ഇന്നു നോമ്പു നോല്ക്കുന്നത്. എനിക്ക് ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക; രട്ടും വെണ്ണീരും വിരിച്ചു കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിനോ നീ നോമ്പെന്നും യഹോവയ്ക്കു പ്രസാദമുള്ള ദിവസമെന്നും പേര് പറയുന്നത്? അന്യായ ബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവനു നിന്റെ അപ്പം നുറുക്കി ക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറയ്ക്കാതെയിരിക്കുന്നതും അല്ലയോ? അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതി വരും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്ത്വം നിന്റെ പിമ്പട ആയിരിക്കും." യെശ.58:3-8.

പഴയനിയമത്തിലെ പ്രമാണം ഇതായിരുന്നു. പുതിയനിയമത്തിൽ ഉപവാസത്തിനു മറ്റു ചട്ടങ്ങളൊന്നും നൽകിയിട്ടില്ലാത്തതിനാൽ ഇതുതന്നെ പിൻതുടരാം.

നാം സ്വകാര്യമായി ഉപവസിക്കുമ്പോൾ അതു മറ്റുള്ളവരെ അറിയിച്ചു പുണ്യാളൻ ചമയുന്നതിനെതിരെ കർത്താവു സംസാരിച്ചിട്ടുണ്ട്: "ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്; അവർ ഉപവസിക്കുന്നത് മനുഷ്യർക്കു വിളങ്ങേണ്ടതിനു മുഖം വിരൂപമാക്കുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന് വിളങ്ങേണ്ടതിന് തലയിൽ എണ്ണ തേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നല്കും." മത്താ.6:16-18.

സ്വകാര്യ ഉപവാസത്തിന്റെ കാര്യമാണ് ഇവിടെ പറയുന്നത്. എന്നാൽ സഭ ഒന്നടങ്കം ഉപവസിക്കുമ്പോൾ സംഭവം സഭയിലുള്ളവർ അറിയുന്നതിൽ തെറ്റില്ല. പക്ഷേ കൊരിന്ത് സഭ ഉപവസിക്കുന്ന വിവരം കോഴഞ്ചേരിയിൽ പോസ്റ്ററൊട്ടിച്ചു വിളംബരം ചെയ്യുന്നതിനു ന്യായീകരണമില്ല. ഉപവാസപ്രാർത്ഥന ആഘോഷമാക്കുന്നതും തെറ്റാണ്.

യഥാർത്ഥ ഉപവാസം എന്താണെന്നും എന്തല്ലെന്നുമാണ് ഇതുവരെ പറഞ്ഞത്. വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾക്ക് ഇതു സഹായകമാകും. എന്നാൽ വ്യാജ ഉപവാസം നടത്തി വലിയവനാകാൻ ശ്രമിക്കുന്നവർ ഇതൊന്നുമല്ല ചെയ്യേണ്ടത്. അങ്ങനെയുള്ളവർ ദൈവവചനം നോക്കേണ്ടതില്ലെന്നു മാത്രമല്ല നോക്കാനും പാടില്ല. കാരണം, വചനാനുസൃതം ഉപവസിച്ചതുകൊണ്ടു വ്യാജൻമാർക്കു ഗുണമുണ്ടാകുകയില്ല. വചനവിരുദ്ധമായ ഉപവാസത്തിലൂടെ മാത്രമേ തട്ടിപ്പുകാർക്കു നേട്ടമുണ്ടാകൂ.

തട്ടിപ്പാണെങ്കിലും ഉപവാസം ബുദ്ധിമുട്ടുള്ള കാര്യമല്ലേ എന്നു ചോദിക്കുന്നവരുണ്ടാകാം. ന്യായമായ സംശയം തന്നെ. പക്ഷേ നിങ്ങൾ പട്ടിണി ഇരിക്കുന്നെങ്കിലല്ലേ കുഴപ്പമുള്ളൂ. വ്യാജ ഉപവാസത്തിൽ പട്ടിണി കൂടിയേ കഴിയൂ എന്നില്ല. ഉപവസിക്കുകയാണെന്നൊരു തോന്നൽ ഉണ്ടായാൽ മതി. നിരാഹാരം നിശാഹാരമാക്കുകയാണ് ഒരു മാർഗ്ഗം. ദ്രാവകരൂപത്തിലുള്ളതെല്ലാം കഴിക്കുന്നതാണ് മറ്റൊരു പോംവഴി. പാലും പച്ചമുട്ടയും മറ്റും ദ്രാവകരൂപത്തിലുള്ളതാണല്ലോ. പാലും പഴവും കഴിച്ച് ഉപവസിക്കുന്നവരുമുണ്ട്. ഇങ്ങനെ നാല്പതു ദിവസം ഉപവസിച്ച ഒരാൾ ഉപവാസം തീർന്നു രണ്ടാഴ്ചയ്ക്കകം ഓർത്തഡോക്സ് പള്ളിയിലെ കപ്യാരായി. (ഗ്ലോറി....)

ഉപവാസങ്ങൾ പല വിധത്തിലുണ്ട്. ഒരു ദിവസം ഉച്ചവരെ മാത്രം ഉപവസിക്കുന്നതാണ് ഇക്കൂട്ടത്തിൽ ഏറ്റവും ലളിതവും എളിയതും. ബ്രേക്ക്ഫാസ്റ്റ് ഒഴിവാക്കിയാൽ ഈ ഉപവാസമായി. ഒരു ദിവസം മുഴുവൻ ഉപവസിക്കുന്നതാണ് ലളിതമായ രണ്ടാമത്തെ ഐറ്റം. അത്താഴം ഒഴികെയുള്ള ഭക്ഷണം ഉപേക്ഷിക്കുക മാത്രമേ വേണ്ടൂ.

ഒന്നു കഴിഞ്ഞാൽ രണ്ട് എന്നല്ല മൂന്ന് എന്നതാണ് ഉപവാസത്തിന്റെ ചട്ടം. രണ്ടു ദിവസം ഉപവസിക്കുക എന്നൊരു പരിപാടിയില്ല. വെള്ളിയാഴ്ച തുടങ്ങിയാൽ ഞായറാഴ്ച സഭായോഗം കൊണ്ട് അവസാനിപ്പിക്കാം. മൂന്നു ദിവസം മുഴുവൻ ഉപവസിക്കുന്നവരുമുണ്ട്. നാലും ആറും ഉപവാസത്തിനു വർജ്യം. അഞ്ചു ദിവസം ഉപവസിക്കാം. എന്നാൽ മൂന്നു കഴിഞ്ഞാൽ ഏഴ് എന്നതാണു കണക്ക്. പിന്നെ പത്ത്, 15, 20, 21, 40, 41

എന്നിങ്ങനെയൊക്കെ ആകാം. പക്ഷേ ഇത്രയും ദിവസം പട്ടിണി ഇരിക്കണമെന്നില്ല. പാലും മുട്ടയും കഴിക്കുകയോ എല്ലാ ദിവസവും അത്താഴം കഴിക്കുകയോ ഒക്കെ ചെയ്യാം. സാധാരണഗതിയിലിലുള്ള ഭക്ഷണം കഴിച്ചുകൊണ്ട് പേരിൽ മാത്രം ഉപവാസം ആയാലും കുഴപ്പമില്ല. എങ്ങനെയായാലും തടി കേടാകുന്ന പരിപാടിയൊന്നും വേണ്ട.

എത്ര ദിവസമാണ് ഉപവസിക്കുന്നതെന്നു തീരുമാനിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അര ദിവസം, ഒരു ദിവസം, മൂന്നു ദിവസം തുടങ്ങിയവയ്ക്കു ഗ്ലാമറില്ല. കുറഞ്ഞത് ഒരാഴ്ചയെങ്കിലും ഉപവസിക്കണം. പത്തോ പതിനഞ്ചോ ആയാൽ ഏറെ നന്ന്. 21, 40, 41 തുടങ്ങിയവ അത്യുഗ്രൻ. ഉപവസിക്കുന്ന ദിവസങ്ങൾ എത്രയെന്നും അവ ഏതൊക്കെയെന്നും തീരുമാനിച്ചു കഴിഞ്ഞാൽ സ്ഥലം തീരുമാനിക്കുക. സ്വന്തം വീട്, സഭാഹാൾ, ഓഡിറ്റോറിയം തുടങ്ങി സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുക. യാത്രാസൗകര്യമുള്ള സ്ഥലമായാൽ ഏറെ നല്ലത്.

വെറുതെ ഉപവസിച്ചതുകൊണ്ടു കാര്യമില്ല. ജനത്തെ ഇളക്കാൻ കഴിയുന്ന പ്രസംഗകരും പ്രവാചകൻമാരും വേണം. ജനത്തെ എത്രത്തോളം ഇളക്കാൻ കഴിയുന്നോ അത്രത്തോളം വിജയമുണ്ടാകും. 'ഇളക്കത്തിലല്ലോ ഉപവാസത്തിന്റെ ആത്മാവിരിക്കുന്നത്' എന്നൊരു ചൊല്ല് ഭാവിയിൽ ഉണ്ടാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല.

ജനത്തെ ഇളക്കാൻ പറ്റിയ പ്രസംഗകരാരൊക്കെ? ആരായാലും അവർക്കു ചില പ്രത്യേകതകളൊക്കെ ഉണ്ടായിരിക്കും. വചനപരിജ്ഞാനം കമ്മിയായിരിക്കും എന്നതാണ് പ്രധാന യോഗ്യത. ബൈബിൾ കോളേജിൽ പഠിച്ചിരിക്കാൻ ഇടയില്ല. പഠിച്ചെങ്കിൽ കോഴ്സ് പൂർത്തിയാക്കാതെ ചാടിയവനായിരിക്കും. കാരണം, ദൈവവചനം പഠിച്ചവർക്കു വിവരക്കേടു പറയാൻ ശങ്കയുണ്ടാകും. വിവരക്കേടു പറയാതെ ജനത്തെ ഇളക്കാനും ബുദ്ധിമുട്ടാണ്. ചുരുക്കത്തിൽ, വിവരക്കേടും ഇളക്കവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. ഇവ ഇണപിരിയാത്ത സുഹൃത്തുക്കളാണ്.

ഇപ്പോൾ ചില ഉപവാസങ്ങൾ നടക്കുന്നുണ്ട്. അവയിലെ പ്രസംഗകർ ആരൊക്കെ എന്നു ശ്രദ്ധിച്ചാൽ കാര്യം പിടികിട്ടും. 2010 ഏപ്രിൽ 18 മുതൽ മെയ് 9 വരെ (21 ദിവസം) ചുമ്മാഡോ എം.എ.വർഗീസിന്റെ സഭയിൽ ഉപവാസം നടന്നു.. പ്രസംഗകർ: അനി ജോർജ്, നോബിൾ പി. തോമസ്, ഫിന്നി സ്റ്റീഫൻ, ടിനു ജോർജ്, സാമച്ചൻ, സാംസൺ കോട്ടൂർ തുടങ്ങിയ വീരൻമാരാണ് എത്തിയത്.

എം.എ.വർഗീസിന്റെ സഭയിൽ നിന്നു വഴക്കുണ്ടാക്കി പിരിഞ്ഞ രവിയുടെ സഭയിലും ഉപവാസമുണ്ട്. എം.എ.വർഗീസ് ഉപവസിക്കുന്ന അതേ ദിവസങ്ങളിലാണ് ഇവിടെയും ഉപവാസം. സംഗതി കന്നടത്തിലായതുകൊണ്ട് മലയാളി പ്രസംഗകർ കുറവാണ്. എങ്കിലും അവറാനും അനിസനുമുണ്ട്. ഒപ്പം പോൾ തങ്കയ്യ, റാം ബാബു തുടങ്ങിയ വിരുതൻമാരും.

പണിയില്ലാതെ വിഷമിക്കുന്ന സാമച്ചന്റെ വഹയായി തിരുവല്ലയിൽ നടന്ന ഉപവാസമാണു മറ്റൊന്ന്. 2010 മെയ് 3 മുതൽ 23 വരെയാണ് ഈ മഹാസംഭവം നടന്നത്. മുല്ലക്കര, സുരേഷ് ബാബു, എം.എ.വർഗീസ്, അവറാൻ, കെ.ഒ.തോമസ്, റ്റിനു ജോർജ്, ബിജി അഞ്ചൽ, ഫിന്നി സ്റ്റീഫൻ, ജോഷി ആലപ്പുഴ, അനി ജോർജ് തുടങ്ങിയ മഹാരഥൻമാർ ഇവിടെ ഉപവാസത്തിന്റെ തേർതെളിച്ചു.

ഈ പറഞ്ഞതിനെയെല്ലാം കടത്തി വെട്ടിക്കൊണ്ട് ഒരു സംഭവം വെണ്ണിക്കുളത്തു നടന്നു. സംഗതി 100 ദിവസം നീളമുള്ളതാണ്. പക്ഷേ ഉപവാസമുണ്ടോ എന്നു വ്യക്തമല്ല. ഉണ്ടായിരുന്നെങ്കിൽ കർത്താവിനെ തോല്പിക്കാമായിരുന്നു. (കർത്താവ് 40 ദിവസമല്ലേ ഉപവസിച്ചുള്ളൂ.) സുരേഷ് ബാബു, ചുമ്മാഡോ കെ.സി. ജോൺ, സാമച്ചൻ, റ്റിനു ജോർജ് തുടങ്ങി കുറച്ചധികം തലകൾ പരസ്യത്തിൽ കണ്ടു. ഏപ്രിൽ 23ന് ഈ കലാപരിപാടി തുടങ്ങി. ജൂലൈ 31ന് അവസാനിച്ചു.

നിങ്ങൾ ഉപവാസപ്രാർത്ഥന സംഘടിപ്പിക്കുമ്പോൾ പ്രസംഗകരായി വിളിക്കേണ്ടത് ആരെയൊക്കെ എന്ന് മനസ്സിലായിക്കാണുമല്ലോ. ഇതാ ഒരു സാമ്പിൾ ലിസ്റ്റ്. എം.എ.വർഗീസ്, സാമച്ചൻ, അവറാൻ, റ്റിനു ജോർജ്, അനി ജോർജ്, ഫിന്നി സ്റ്റീഫൻ, നോബിൾ പി. തോമസ്, ജോഷി ആലപ്പുഴ, അനിസൻ, ബിജി അഞ്ചൽ, മുല്ലക്കര.... അങ്ങനെ പെന്തക്കോസ്തിലെ സകല വ്യാജൻമാരേയും വിളിക്കണം. വചനപരിജ്ഞാനമുള്ള ആരേയും ഏഴയലത്ത് അടുപ്പിക്കരുത്. ജനം ദൈവവചനം പഠിച്ചു പോയാൽ ഉപവാസത്തട്ടിപ്പും മറ്റും പൊട്ടി പാളീസാകും.

പ്രസംഗകരെ വരെ ബുക്ക് ചെയ്തു കഴിഞ്ഞാൽ വ്യാപകമായ പരസ്യം ചെയ്യൽ തുടങ്ങാം. പോസ്റ്റർ, ഫ്ളക്സ്, ബാനർ, പ്രെയർ കാർഡ് തുടങ്ങി എല്ലാ രീതിയിലും പരസ്യം ചെയ്യണം. സകല പെന്തക്കോസ്ത് പത്രങ്ങളിലും പരസ്യമിടണം. സംഗതി കളറിലായാൽ ഏറെ നന്ന്. പരസ്യത്തോടൊപ്പം വാർത്തയും അയച്ചു കൊടുക്കണം. പരസ്യം ഉള്ളതുകൊണ്ടു പത്രക്കാർ വാർത്ത നല്ല പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കും. പ്രസംഗകരുടെയെല്ലാം ഫോട്ടോ സഹിതം വേണം പരസ്യം കൊടുക്കാൻ. അതിൽ നിങ്ങളുടെ ഫോട്ടോ ഏറ്റവും പ്രാധാന്യത്തോടെ കൊടുക്കാൻ ശ്രദ്ധിക്കണം.

എല്ലാ ദിവസവും മൂന്നു മീറ്റിംഗുകൾ നടത്തണം. രാവിലെ 10 മണി മുതൽ 1.30 വരെ ആദ്യത്തെ യോഗം. ഉച്ചക്കു മൂന്നു മണി മുതൽ 4.30 വരെ രണ്ടാമത്തെ യോഗം. ഇതു കാത്തിരിപ്പു യോഗമായി

കണക്കാക്കാം. വൈകിട്ട് 6.30 മുതൽ 9.30 വരെ യോഗം. നിങ്ങളുടെ ദേശത്തെ സാഹചര്യമനുസരിച്ച് ഈ സമയക്രമത്തിൽ മാറ്റങ്ങൾ വരുത്താം.

പാട്ട്, പ്രാർത്ഥന, ആരാധന, ബഹളം എന്നിവയ്ക്കു പരമമായ പ്രാധാന്യം കൊടുക്കുക. പ്രസംഗം ഏറെ വേണ്ട. (പ്രസംഗിച്ചു പ്രസംഗിച്ചു ജനം വചനം പഠിച്ചുപോയാൽ പൊല്ലാപ്പാകും.) രോഗശാന്തി, പ്രവചനം, ഊതി വീഴ്ത്ത്, ഉന്തിവീഴ്ത്ത് തുടങ്ങിയവ തീർച്ചയായും വേണം. അനിസൻ ഉന്തിവീഴ്ത്തുകാരനാണ്. മനു മേനോനെ വിളിച്ചാൽ ഛർദ്ദിപ്പിക്കൽ ശുശ്രൂഷയും നടത്താം. ചുരുക്കത്തിൽ സംഗതി പൊടി പൂരമായിരിക്കണം.

ഇങ്ങനെയൊക്കെ ചെയ്യണമെന്നുണ്ട്, പക്ഷേ പണം വേണ്ടേ എന്നാണു നിങ്ങൾ പറയുന്നതെങ്കിൽ നിങ്ങളാണ് ഈ ലോകത്തിലെ ഏറ്റവും വലിയ മണ്ടൻ എന്നു തീർച്ച. ഇത്തരം യോഗങ്ങൾക്കു പണം ഒരിക്കലും ഒരു പ്രശ്നമായിട്ടില്ല എന്നറിയുക. നിങ്ങൾ ധൈര്യമായി ഇറങ്ങിത്തിരിക്കുക. ഈ ഭൂലോകത്തു മണ്ടൻമാർ വളരെയധികമുണ്ട്. ഭൂരിപക്ഷം മണ്ടൻമാരുടെ കൈയ്യിലും ആവശ്യത്തിലധികം പണവുമുണ്ട്. നിങ്ങളേപ്പോലുള്ള വിരുതൻമാർക്കുവേണ്ടിയാണ് ഈ മണ്ടൻമാർ പണമുണ്ടാക്കുന്നത്. അതുകൊണ്ട് വേണ്ടതിലധികം പണം അവർ തന്നുകൊള്ളും.

യോഗം നടക്കുന്ന ദിവസങ്ങളിലെല്ലാം സ്തോത്രക്കാഴ്ച എടുക്കണം. യോഗം നടത്താൻ ലക്ഷക്കണക്കിനു രൂപ ചെലവായെന്നും ദൈവം വഴി തുറക്കാൻ എല്ലാവരും പ്രാർത്ഥിക്കണമെന്നും നിരന്തരം പറയണം. പണം താനെ എത്തിക്കൊള്ളും.

ഇത്തരം ഉപവാസ പ്രാർത്ഥനകൾ വിജയിക്കുമോ എന്നു ചിലർക്കെങ്കിലും സംശയം തോന്നാം. സംശയം അശ്ശേഷം വേണ്ട, സംഗതി വിജയിക്കും. ഭൂലോകത്തു വിവരദോഷികൾ ഉള്ളിടത്തോളം കാലം ഇത്തരം യോഗങ്ങൾ വിജയിച്ചുകൊണ്ടിരിക്കും.

ഇങ്ങനെ ഉപവാസപ്രാർത്ഥന നടത്തിയതുകൊണ്ടു നിങ്ങൾക്ക് എന്തു പ്രയോജനം എന്നു ചോദിച്ചേക്കാം. പ്രയോജനമേയുള്ളൂ എന്നതാണു സത്യം.

1. ഉപവാസം കഴിയുമ്പോൾ നല്ലൊരു തുക മിച്ചം കിട്ടിയിരിക്കും.
2. ഉപവാസത്തിലൂടെ നിങ്ങളുടെ പേര് ലോകമെങ്ങും അറിയപ്പെടും. അതോടെ നിങ്ങൾ തിരക്കുള്ള പ്രസംഗകനാകും.
3. നിങ്ങൾക്കു സ്വന്തം സഭയുണ്ടെങ്കിൽ ആ സഭ വളരും. സഭയില്ലെങ്കിൽ ഉപവാസം കഴിയുമ്പോഴേക്കും ഒരു സഭ ഉണ്ടായിക്കഴിഞ്ഞിരിക്കും.

ചുരുക്കിപ്പറഞ്ഞാൽ വലിയവനാകാൻ ഉപവാസത്തോളം നല്ല മറ്റൊരു മാർഗ്ഗമില്ല.

## ഡിഫെൻഡർ - 2010 മെയ് 16

പ്രതിശീർഷ വരുമാനം എന്നൊക്കെ പറയുന്നതുപോലെ പ്രതിശീർഷ പത്രത്തിന്റെ കാര്യത്തിൽ പെന്തക്കോസ്തിനെ കവച്ചുവയ്ക്കാൻ മറ്റൊരു മതവിഭാഗത്തിനും കഴിയുമെന്നു തോന്നുന്നില്ല. സംഗതി എന്താണെന്നു മനസ്സിലായില്ലെങ്കിൽ വിശദീകരിക്കാം. തത്ക്കാലം മലയാളികളുടെ മാത്രം കണക്കു പരിശോധിക്കാം.

മലയാളികളായ എത്ര ഹിന്ദുക്കൾ കാണും? കൃത്യമായ കണക്കറിഞ്ഞുകൂടാ. ലോകമെമ്പാടുമുള്ള കണക്കു പറഞ്ഞാൽ അഞ്ചുകോടി എന്നിരിക്കട്ടെ. മലയാളത്തിൽ എത്ര ഹൈന്ദവ പത്രമാസികകൾ കാണും? അറിഞ്ഞുകൂടാ. എങ്കിലും 100 എന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ അഞ്ചു കോടിയെ 100 കൊണ്ടു ഹരിച്ചു കിട്ടുന്ന സംഖ്യയെയാണ് പ്രതിശീർഷ പത്രം എന്നതുകൊണ്ട് ഉദ്ദേശിച്ചത്. നമ്മുടെ കണക്കു ശരിയാണെങ്കിൽ അഞ്ചുലക്ഷം മലയാളി ഹിന്ദുക്കൾക്ക് ഒരു പത്രം എന്നതാണു സ്ഥിതി.

പെന്തക്കോസ്തിലെ അവസ്ഥ എന്താണ്? അതിനും കൃത്യമായ കണക്കില്ല. എങ്കിലും ഊഹിക്കാൻ കഴിയും. ആകെ എത്ര മലയാളി പെന്തക്കോസ്തുകാരുണ്ട്? ലോകമെമ്പാടും തപ്പിയാൽ പരമാവധി പത്തുലക്ഷം പേരെ കിട്ടുമെന്നിരിക്കട്ടെ. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന എത്ര പത്രമാസികകളുണ്ട്? 200ൽ താഴെയല്ലെന്നു തീർച്ച. അങ്ങനെയെങ്കിൽ 5000 മലയാളി പെന്തക്കോസ്തുകാരന് ഒരു പത്രം എന്ന സ്ഥിതിയാണു നിലവിലുള്ളത്. ഹിന്ദുക്കൾക്കുള്ളതിന്റെ നൂറിരട്ടി പത്രങ്ങൾ പെന്തക്കോസ്തിലുണ്ടെന്നു ചുരുക്കം. ഈ കണക്കു കൃത്യമല്ലെങ്കിലും സംഗതിയുടെ ഗൗരവം മനസ്സിലാക്കാൻ ഇതു സഹായകമാകും.

പെന്തക്കോസ്തിൽ ഇത്രയധികം പ്രസിദ്ധീകരണങ്ങൾ ഉണ്ടാകാൻ കാരണമെന്ത്? ഇവയെല്ലാം എങ്ങനെ നിലനിൽക്കുന്നു? ഒന്നാംതരം ഒരു ഗവേഷണത്തിനുള്ള വിഷയമുണ്ടിത്. ഭാവിയിൽ ആരെങ്കിലും ഈ വിഷയത്തിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടിയെന്നു വരാം. കാരണം എന്തുതന്നെ ആയാലും പെന്തക്കോസ്തിൽ നൂറുകണക്കിനു പത്രമാസികകളുണ്ട്. അവയിൽ മിക്കതും ബിസിനസ്സിന്റെ ഭാഗമായി നടത്തപ്പെടുന്നവയുമാണ്. നിങ്ങൾക്കും ഈ മാർഗ്ഗം സ്വീകരിക്കാവുന്നതാണ്.

ഒരു പത്രമോ മാസികയോ തുടങ്ങാൻ നിങ്ങൾക്ക് എന്തു യോഗ്യതയാണു വേണ്ടത്? ഒരു യോഗ്യതയും വേണ്ട. വല്ല അയോഗ്യതയുമുണ്ടെങ്കിൽ ഏറെ നന്ന്. പിടികിട്ടിയില്ലേ? ഇല്ലെങ്കിൽ പറയാം: അക്ഷരാഭ്യാസം വേണമെന്നില്ല. (വല്ലവരേയും കൊണ്ടു ലേഖനമെഴുതിച്ച് നിങ്ങളുടെ പേരും വച്ചു പ്രസിദ്ധീകരിച്ചാൽ മതി). മൂലധനവും വേണ്ട. (പത്രം ഇറക്കാനുള്ള പണം മറ്റുള്ളവരിൽ നിന്നു പിടുങ്ങാം.) ആകെ വേണ്ടത് ചങ്കൂറ്റം മാത്രം.

പത്രപ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും https://rni.nic.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഈ വെബ്സൈറ്റിൽ https://rni.nic.in/forms.asp എന്ന ലിങ്ക് നോക്കുക. ആദ്യത്തെ ഫോം ഡൗൺ ലോഡ് ചെയ്ത് പ്രിന്റ് എടുക്കുക. ഇത് ഒരു സാമ്പിൾ ഫോം ആണ്. പത്രത്തിനു നൽകാൻ ഉദ്ദേശിക്കുന്ന പേരുകൾ (നാലോ അഞ്ചോ എണ്ണം) ഈ ഫോമിൽ എഴുതാം. മറ്റു വിവരങ്ങളും പൂരിപ്പിക്കുക. ഈ ഫോമിന്റെ മൂന്നോ നാലോ കോപ്പി ഉണ്ടാക്കുക. അവയിൽ ഒരെണ്ണത്തിൽ 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് കല ക്ട്രേറ്റിൽ എ.ഡി.എമ്മിന്റെ ഓഫീസിൽ കൊടുക്കുക. ചില സ്ഥ ലങ്ങളിൽ ആർ.ഡി.ഒയ്ക്കു കൊടുത്താലും മതിയാകും. അവർ ഇതു ഡൽഹിയിലുള്ള ആർ.എൻ.ഐ ഓഫീസിലേക്ക് അയയ്ക്കും. ഏതാനും ആഴ്ച കളോ മാസങ്ങളോ കഴിയുമ്പോൾ പത്രത്തിനു പേര് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പു ലഭിക്കും. അപ്പോൾ ഡിക്ലറേഷൻ ഫോം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം എ.ഡി.എമ്മിന്റെ (ആർ.ഡി.ഒ യുടെ) മുമ്പിൽ സമർപ്പിക്കുക. അതിനുശേഷം ആദ്യ ലക്കം പ്രസിദ്ധീകരിക്കാം.

രജിസ്ട്രേഷൻ ഇല്ലാത്ത പത്രം പോസ്റ്റിലൂടെ അയയ്ക്കാൻ ഉയർന്ന നിരക്കിൽ പോസ്റ്റേജ് കൊടുക്കേ ണ്ടതായി വരും. അതുകൊണ്ട് ആദ്യലക്കം ഇറക്കിയാലുടൻ ആ ലക്കത്തിന്റെ കോപ്പിയും മറ്റു രേഖകളും സഹിതം ഡൽഹിക്ക് അപേക്ഷ അയച്ച് പത്രം രജിസ്റ്റർ ചെയ്യണം. അങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റും പത്രത്തിന്റെ കോപ്പിയും മറ്റും പോസ്റ്റൽ സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാക്കിയാൽ പോസ്റ്റൽ സൗജന്യം നേടാം. മാസത്തിൽ ഒരു ലക്കമെങ്കിലും പ്രസിദ്ധീകരിക്കുന്ന പത്രത്തിനും മാസികയ്ക്കും പോസ്റ്റർ സൗജന്യം ലഭിക്കും. പത്രം ഇറക്കണോ മാസിക ഇറക്കണോ എന്നതാണ് അടുത്ത ചോദ്യം. പത്രമാണു നല്ലത്. മാസികയ്ക്കു പരസ്യം കിട്ടാൻ ബുദ്ധിമുട്ടാണ്. ഉല്പാദനച്ചെലവു കൂടുതലാണുതാനും. ഏതു വലിപ്പത്തിലുള്ള പത്രം വേണം? സംശയം വേണ്ട: ടാബ്ലോയിഡ്, അതായത് ഡിഫെൻഡറിന്റെ വലിപ്പം. മനോരമയുടെ വലിപ്പത്തിൽ പെന്തക്കോസ്ത് പത്രം ഇറക്കിയവരെല്ലാം പെളിഞ്ഞിട്ടുണ്ട്.

പത്രത്തിനു പേരും മറ്റും അനുവദിച്ചു കിട്ടിയാൽ ഒന്നാം ലക്കം ഇറക്കാം എന്നു പറഞ്ഞു കഴിഞ്ഞല്ലോ. ഇനിയാണ് വേലത്തരങ്ങൾ പ്രയോഗിക്കേണ്ടത്. മാസത്തിൽ ഒരു ലക്കം ഇറക്കിയാൽ മതി. എട്ടു പേജെങ്കിലും വേണം. രണ്ടാം പേജിൽ ഭാരവാഹികളുടെ ഒരു നീണ്ടനിര ഉണ്ടായിരിക്കണം. ചീഫ് എഡിറ്റർ, (അതു നിങ്ങൾ തന്നെ) മാനേജിംഗ് എഡിറ്റർ, അസ്സോഷ്യേറ്റ് എഡിറ്റർ, സബ് എഡിറ്റർ, കോൺട്രിബ്യൂട്ടിംഗ് എഡിറ്റർ, ഓവർസീസ് എഡിറ്റർ തുടങ്ങി പല രൂപത്തിലും ഭാവത്തിലും എഡിറ്റർമാരാകാം. ഒരു പത്രത്തിൽ സർക്കുലേ ഷൻ എഡിറ്റർ എന്നൊരു വിചിത്ര ജീവിയേയും ഈയിടെ കണ്ടു. കൂടാതെ, ചീഫ് അഡ്വൈസർ, വെറും അഡ്വൈസർ എന്നൊക്കെ കുറെ സ്ഥാനങ്ങളും ആകാം. ഒരു കച്ചിപ്പത്രത്തിന് അര ഡസൻ ചീഫ് അഡ്വൈസർ മാർ വരെ ഉള്ളതായി കണ്ടിട്ടുണ്ട്. റിപ്പോർട്ടർമാരുടെ ഒരു നീണ്ട നിരയും ഉണ്ടാകുന്നതു നല്ലതാണ്. ഓരോ പ്രദേശത്തും ഓരോ റിപ്പോർട്ടർ. ഇങ്ങനെ അത്യുഗ്രൻ ഒരു ഭാരവാഹിപ്പട്ടിക തീർച്ചയായും ഉണ്ടായിരിക്കണം. ഇന്റർനാഷണൽ പത്രമാണെന്ന തോന്നൽ വായനക്കാരിൽ ഉണ്ടാക്കാൻ ഇതൊക്കെ ആവശ്യമാണ്.

ഇത്രയും ആളുകളെ എങ്ങനെ കണ്ടെത്തും എന്നോർത്തു വിഷമിക്കേണ്ടതില്ല. കാരണം പെന്ത ക്കോസ്തിൽ ശുംഭൻമാർക്കു പഞ്ഞമില്ല. പത്രത്തിൽ പേരടിച്ചു കാണാൻ ഇവർക്കൊക്കെ കൊതിയായിരിക്കും. പ്രമുഖ പെന്തക്കോസ്ത് സഭകളുടെ നേതാക്കൻമാരെ ചെന്നു കാണുക. അവരിൽ ചിലരെ അഡ്വൈസർമാ രായും മറ്റു ചിലരെ വിവിധ തരത്തിലുള്ള എഡിറ്റർമാരായും ചേർക്കാൻ അനുവാദം ചോദിക്കുക. മിക്കവരും സമ്മതിക്കും.

പത്രത്തിൽ എന്തൊക്കെ വിഭവങ്ങളാകാം? കൺവൻഷൻ, മാസയോഗം, തെരഞ്ഞെടുപ്പ്, ഉദ്ഘാടനം, ഭാരവാഹിപ്പട്ടിക തുടങ്ങിയ അറുബോറുകൾ കൊണ്ട് ആദ്യ പേജും മറ്റു ചില പേജുകളും നിറയ്ക്കാം. ഈ വിഭവങ്ങളൊക്കെ എവിടെനിന്നു കിട്ടുമെന്നോർത്തു ഭാരപ്പെടേണ്ടതില്ല: മറ്റു പത്രങ്ങളിൽ നിന്നു സുന്ദരമായി ഇസ്ക്കാം. ഡി.റ്റി.പി ചെയ്യുന്നതു തിരുവല്ലയിലെ ഒരു പ്രത്യേക ഡി.റ്റി.പി സെന്ററിലാണെങ്കിൽ മാറ്റർ ടൈപ്പ് ചെയ്യുകപോലും വേണ്ട. കാരണം, ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങളും അവിടെയാണു ഡി.റ്റി.പി ചെയ്യുന്നത്. നിങ്ങളുടെ സ്വന്തം വിഭവങ്ങളും വേണം. അഭിമുഖവധമാണ് അഭികാമ്യം. ഏതെങ്കിലും പെന്ത ക്കോസ്ത് നേതാവിനെയോ സ്വന്തം പ്രസ്ഥാനം നടത്തുന്ന വിരുതൻമാരെയോ കേരള സന്ദർശനത്തിനെ ത്തുന്ന വിദേശ ഭോഷൻമാരെയോ വേണം വധിക്കാൻ. അത്താഴപ്പട്ടിണിക്കാരായ ദൈവദാസൻമാരുടെ അഭിമുഖം പ്രസിദ്ധീകരിച്ചതുകൊണ്ട് 'ഗുണം' ഇല്ലെന്നതുതന്നെ കാരണം.

പ്രമുഖരുടെ ലേഖനങ്ങളോ ചെറു കുറിപ്പുകളോ ചേർക്കുന്നതു നന്നായിരിക്കും. പക്ഷേ ഒരു പ്രശ്നം: പ്രമുഖർക്ക് ഇതിനൊന്നും സമയം കിട്ടിയില്ലെന്നു വരാം. അതിനു ഫലപ്രദമായ ഒരു പരിഹാരം മോഷണായി കണ്ടു പിടിച്ചിട്ടുണ്ട്. പ്രമുഖർ എഴുതിയ ഏതെങ്കിലും പുസ്തകം സംഘടിപ്പിക്കും. അതിൽ നിന്ന് ഒരദ്ധ്യാ

യമോ ഒരു പാരഗ്രാഫോ എടുത്ത് മേൽപടി പ്രമുഖന്റെ പേരും ഫോട്ടോയും സഹിതം പ്രസിദ്ധീകരിക്കുക. ഉന്നതൻമാരായ ആളുകൾ ലേഖനമെഴുതുന്ന പത്രം വെറും തുക്കടാ പത്രമാണെന്ന് ആരും പറയുകയില്ലല്ലോ.

പത്രത്തിന്റെ എല്ലാ ലക്കങ്ങളിലും നിങ്ങളുടെ നിരവധി ഫോട്ടോകൾ ഉണ്ടായിരിക്കണം. കാരണം, നിങ്ങൾക്കു വലിയവനാകാനാണു നിങ്ങൾ പത്രമിറക്കുന്നത്. നിങ്ങളുടെ ഫോട്ടോ മറ്റു പെന്തക്കോസ്ത് പത്രക്കാർ ഇടുകയില്ല. അതുകൊണ്ട് ആ കുറവു നിങ്ങൾ പരിഹരിക്കണം. എഡിറ്റോറിയലിൽ നിങ്ങളുടെ ഒരു ഫോട്ടോ ഇടാം. അഭിമുഖവധം നടത്തുന്ന ഫോട്ടോയും ഇടാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. എവിടെയെങ്കിലും കൺവൻഷൻ നടക്കുന്നതായി അറിഞ്ഞാൽ അവിടെ ചെല്ലുക. വിളിച്ചാലും ഇല്ലെങ്കിലും സ്റ്റേജിൽ കയറി ഇരിക്കുക. നിങ്ങൾ സ്റ്റേജിൽ ഇരിക്കുന്ന ഫോട്ടോ എടുക്കാൻ ആളെ ഏർപ്പാടാക്കുക. അടുത്ത ലക്കത്തിൽ കൺവൻഷന്റെ വാർത്ത ഫോട്ടോ സഹിതം കൊടുക്കണം. വേദിയിൽ ഇരിക്കുന്നവരുടെ ലിസ്റ്റ് എഴുതുമ്പോൾ നിങ്ങളുടെ പേരും എഴുതാമല്ലോ. കൺവൻഷനുവേണ്ടി പ്രാർത്ഥിക്കാൻ സമയം ലഭിച്ചാൽ സംഗതി കുശാലായി. നിങ്ങൾ പ്രാർത്ഥിക്കുന്ന ഫോട്ടോ സഹിതം വേണം കൺവൻഷൻ വാർത്ത കൊടുക്കാൻ. നിങ്ങൾ ഏതെങ്കിലും പ്രമുഖനെ സന്ദർശിച്ചാൽ തീർച്ചയായും ഫോട്ടോ സഹിതം വാർത്ത കൊടുക്കണം. വല്ല മന്ത്രിയേയോ തിരുമേനിയേയോ ആണു സന്ദർശിക്കുന്നതെങ്കിൽ ആ വാർത്ത ഫോട്ടോ സഹിതം ഒന്നാം പേജിൽ കൊടുക്കണം. ഇത്തരം കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്നു നിശ്ചയമില്ലാത്തവർ മത്തങ്ങ, മോഷണായി തുടങ്ങിയവരെ കണ്ടു പഠിക്കുക. മോഷണായി ഒരിക്കൽ തന്റെ രണ്ടു ഡസൻ ചിത്രങ്ങൾ സ്വന്തം പത്രത്തിൽ അടിച്ചുവിട്ടു ചരിത്രം സൃഷ്ടിക്കുകപോലുമുണ്ടായി.

നിങ്ങൾക്കു മഹത്വം കിട്ടുമ്പോൾ നിങ്ങളുടെ ഭാര്യയ്ക്കും മക്കൾക്കും മഹത്വദാഹമുണ്ടാകുക സ്വാഭാവികം. ഭാര്യയുടെ വക ഒരു വനിതാപംക്തി ആരംഭിക്കുക. രൂത്ത്, എസ്ഥേർ, എലിസബേത്ത്, മറിയം തുടങ്ങി ബൈബിളിലുള്ള സ്ത്രീകളിൽ ആരെയെങ്കിലും പറ്റി ഒരു ലേഖനം വിവരമുള്ളവരേക്കൊണ്ട് എഴുതിച്ചു നിങ്ങളുടെ ഭാര്യയുടെ പേരും ഫോട്ടോയും വച്ച് പ്രസിദ്ധീകരിക്കുക. നിങ്ങളുടെ കുട്ടികളിൽ ആർക്കെങ്കിലും വല്ല സമ്മാനമോ മറ്റോ കിട്ടിയാൽ അതും വാർത്തയാക്കുക. അങ്ങനെ നിങ്ങളുടേയും കുടുംബാംഗങ്ങളുടേയും ഫോട്ടോകൾ നിങ്ങളുടെ പത്രത്തിൽ നിറഞ്ഞു തുളുമ്പി നിൽക്കണം. 'ഞങ്ങൾ എത്ര മഹത്വമുള്ളവരെന്നു കാണുവീൻ' എന്നതായിരിക്കണം നിങ്ങളുടെ പരമമായ ലക്ഷ്യം.

അമേരിക്ക, ഗൾഫ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ആരെങ്കിലും നാട്ടിൽ എത്തിയെന്നറിഞ്ഞാൽ ചെന്നു കാണണം. ഒരു അഭിമുഖം സംഘടിപ്പിക്കാൻ ശ്രമിക്കണം. സാധിച്ചില്ലെങ്കിൽ ഒരു സപ്ലിമെന്റ് ഒപ്പിക്കണം. കുറഞ്ഞ പക്ഷം ഒരു ലേഖനമെങ്കിലും എഴുതി വാങ്ങി ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കണം. ഈ മാന്യ ദേഹത്തെ പത്രത്തിന്റെ എന്തെങ്കിലും തരത്തിലുള്ള എഡിറ്ററോ വിദേശ പ്രതിനിധിയെങ്കിലുമോ ആക്കണം. എന്തെങ്കിലും കിട്ടാതിരിക്കില്ല. (എള്ളുകൊറിച്ചാൽ എള്ളോളം.) വിദേശത്തെ ഫോൺ നമ്പർ വാങ്ങാൻ മറക്കരുത്. പിന്നീട് ആഴ്ചയിൽ ഒരിക്കലെങ്കിലും വിളിക്കണം. 'ഗുണ'മുണ്ടാകും, തീർച്ച.

ഇനി പരസ്യങ്ങളുടെ കാര്യം: പരസ്യത്തിലാണു പത്രത്തിന്റെ നിലനിൽപ്പ്. അതുകൊണ്ടു പരമാവധി പരസ്യങ്ങൾ പത്രത്തിൽ ഉൾപ്പെടുത്തുക. അതിന് ചില കുറുക്കു വഴികളൊക്കെയുണ്ട്. പരസ്യം ലഭിക്കാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കണം. ഈ ലിസ്റ്റിലുള്ളവർക്കു പത്രം സ്ഥിരമായി അയയ്ക്കണം. നിങ്ങളുടെ പത്രം ഏറെ പ്രചാരമുള്ള പത്രമാണെന്നുള്ള തോന്നലുണ്ടാക്കാൻ ഇതു സഹായകമാകും. ചെറുകിട പത്രങ്ങൾക്കു പരസ്യം കൊടുക്കാൻ മിക്കവരും തയ്യാറാകില്ല. എങ്കിലും പരസ്യം കിട്ടുക എന്നതു നിങ്ങളുടെ ആവശ്യമാണ്. ഒരു പരസ്യനിരക്ക് പത്രത്തിൽ പ്രസിദ്ധീകരിക്കണം. ഫുൾ പേജ് - 10,000 രൂപ. ആര പേജ് - 5,000 രൂപ. കാൽ പേജ് - 3,000 രൂപ. ബാക്ക് പേജ് - 25% അധികം. ആദ്യ പേജ് - 50% അധികം. ഇങ്ങനെവേണം നിരക്കുകൾ. പക്ഷേ ഒരു പ്രശ്നം: വായനക്കാർ ഏറെയില്ലാത്ത പത്രത്തിന് ഇത്ര വലിയ തുകയ്ക്കു പരസ്യം നൽകാൻ മിക്കവരും തയ്യാറാകില്ല. അതു കൊണ്ടു വായനക്കാരുടെ എണ്ണം പെരുപ്പിച്ചു കാണിക്കണം. വെറും 2500 കോപ്പികൾ അടിച്ചിരുന്ന കാലത്തു മോഷണായി തന്റെ പത്രത്തിന് അഞ്ചു ലക്ഷം വായനക്കാർ ഉണ്ടെന്നാണു പ്രചരിപ്പിച്ചത്. ഇതു മാതൃകയാക്കാം.

ഇനി പരസ്യം പിടിക്കുന്ന വിദ്യ: പ്രമുഖ പെന്തക്കോസ്ത് പത്രങ്ങൾ പരിശോധിക്കുക. അവയിൽ പരസ്യം നൽകിയിരിക്കുന്നവരെ ഫോണിൽ വിളിക്കുക. സാധിക്കുമെങ്കിൽ നേരിൽ കാണുക. നിങ്ങൾക്കും പരസ്യം തരണമെന്നു ശഠിക്കുക. ചിലരെങ്കിലും വഴങ്ങും. മറ്റൊരു തന്ത്രവും പ്രയോഗിക്കാവുന്നതാണ്: മറ്റു പത്രങ്ങളിൽ കാണുന്ന പരസ്യം അനുവാദം കൂടാതെതന്നെ പ്രസിദ്ധീകരിക്കുക. അതു കഴിഞ്ഞ് പത്രത്തിന്റെ കോപ്പി സഹിതം ബില്ല് അയയ്ക്കുക. ഒരാഴ്ച കഴിയുമ്പോൾ ഫോണിൽ വിളിച്ച് ബില്ലിന്റെ കാര്യം ഓർമ്മിപ്പിക്കുക. പണം കിട്ടുന്നതുവരെ വിളിച്ചു കൊണ്ടിരിക്കുക. സാധിക്കുമെങ്കിൽ നേരിട്ടു ചെല്ലുക. മിക്കവരും സഹികെട്ടു പണം തരും.

ക്രൂസേഡോ മറ്റു വിശേഷ യോഗങ്ങളോ നടക്കാൻ പോകുന്നതായി അറിഞ്ഞാൽ ഒന്നാം പേജിൽ തന്നെ വാർത്ത കൊടുക്കുക. അതു കഴിഞ്ഞ് അതിന്റെ പ്രമുഖ ഭാരവാഹിയെ നേരിൽ കാണുക. മേൽപ്പടി ഭാരവാഹിയെ വാനോളം പുകഴ്ത്തി അടുത്ത ലക്കത്തിൽ വാർത്ത കൊടുക്കുക. പരസ്യം ഉറപ്പ്.

പ്രമുഖ കൺവൻഷനുകളിലെല്ലാം സ്റ്റാൾ ഇട്ടു വരിസംഖ്യ പിരിക്കണം. കൺവൻഷൻ തീരാറാകുമ്പോൾ ഒരു സപ്ലിമെന്റും ഇറക്കണം. നേതാക്കൻമാർ പ്രസംഗിക്കുന്ന ചിത്രങ്ങൾ സഹിതം വേണം സപ്ലിമെന്റിറക്കാൻ. ആ പ്രദേശത്തുള്ള സ്ഥാപനങ്ങളിൽ നിന്നു പരസ്യം പിടിച്ചാൽ സപ്ലിമെന്റിറക്കാനുള്ള പണം കിട്ടും. കൂടാതെ, സഭാനേതാവിൽ നിന്നും കൈമടക്കു കിട്ടിയേക്കാം.

പത്രത്തിൽ വിമർശനം പരമാവധി ഒഴിവാക്കുക. വിമർശിക്കണമെന്നു നിർബ്ബന്ധമാണെങ്കിൽ റ്റി.എസ്. ബാലനേപ്പോലുള്ളവരെ വിമർശിക്കുക. അതു പുണ്യകർമ്മമായി നേതാക്കൻമാരും ഭൂരിപക്ഷം സാധാരണക്കാരും കണക്കാക്കും. സമുദായക്കാരെ അല്പം വിമർശിക്കുന്നതു പെന്തക്കോസ്തുകാരുടെ കൈയ്യടി നേടാൻ സഹായകമാകും. പക്ഷേ പെന്തക്കോസ്തിനെയോ വിശേഷിച്ചു പെന്തക്കോസ്ത് നേതാക്കൻമാരേയോ വിമർശിക്കരുത്. ഇങ്ങനെ നോക്കീം കണ്ടുമൊക്കെ പത്രമിറക്കിയാൽ നിങ്ങൾ വളരും, വലിയവനാകും, വളർന്നുവളർന്ന് തല ആകാശത്തു മുട്ടും.

# ഡിഫെൻഡർ - 2010 ജൂൺ 1

ജൂണിൽ മഴക്കാലം ആരംഭിച്ചാൽ അടുത്ത അഞ്ചു മാസക്കാലം കൺവൻഷനുകളും മറ്റും നടത്താനാവില്ല. പ്രസംഗത്തൊഴിലാളികൾക്ക് പണിയൊന്നുമില്ലെന്നു ചുരുക്കം. എങ്കിലും ഈ അവധിക്കാലം തക്കത്തിൽ വിനിയോഗിച്ചാൽ നാലു പുത്തനുണ്ടാക്കാം. അതിനുള്ള വഴിയാണ് ഇവിടെ വിശദീകരിക്കുന്നത്.

ജൂൺ മുതൽ ഒക്ടോബർ വരെയുള്ള അഞ്ചു മാസക്കാലത്താണ് പെന്തക്കോസ്തിലെ പ്രസംഗത്തൊഴിലാളികൾക്ക് കേരളത്തിൽ പണിയില്ലാത്തത്. ഈ സമയത്ത് വിദേശ പര്യടനമോ അതിനു സാധിക്കാത്തവർക്ക് അഖിലേന്ത്യാ പര്യടനമോ നടത്തി പണം തട്ടാം. കൺവൻഷൻ സീസണിൽ കിട്ടിയതിലും അധികം പണം സമ്പാദിക്കാം. അമേരിക്കൻ യാത്രയാണ് ഏറ്റവും ആദായകരം. അതുകൊണ്ട് ആദ്യം അമേരിക്കൻ പര്യടനത്തേക്കുറിച്ചു പറയാം.

ഒരിക്കലെങ്കിലും അമേരിക്കയിൽ പോയിട്ടുള്ളവർക്ക് ഈ ലേഖനം കൊണ്ടു പ്രയോജനമില്ല. ആകയാൽ നാളിതുവരെ അമേരിക്കയിൽ പോയിട്ടില്ലാത്തവർക്കു സഹായകമാകുന്ന വിവരങ്ങളാണ് എഴുതുന്നത്.

അമേരിക്കയിലുള്ള ആരെയെങ്കിലും ചാക്കിട്ട് ഒരു സ്പോൺസർ ലറ്റർ സംഘടിപ്പിക്കുകയാണ് ആദ്യപടി. ലറ്റർ കിട്ടിക്കഴിഞ്ഞാൽ ആവശ്യമായ രേഖകൾ സഹിതം അമേരിക്കൻ കോൺസുലേറ്റിൽ ചെന്നു വിസ സംഘടിപ്പിക്കണം. പക്ഷേ ഇവിടെ ഒരു പ്രശ്നമുണ്ട്: അമേരിക്കൻ വിസ കിട്ടാൻ വലിയ ബുദ്ധിമുട്ടാണ്. ഒരു കാരണവും പറയാതെ അവർ വിസ നിഷേധിച്ചു കളയും. സാത്താന്റെ പോരാട്ടം എന്നല്ലാതെ എന്തു പറയാൻ! അതുകൊണ്ട് ഉപവസിച്ചു പ്രാർത്ഥിക്കുകയും അത്യുഗ്രമായി ശാസിക്കുകയും ചെയ്തശേഷം വേണം വിസയ്ക്കായി പോകാൻ. ഒത്താൽ ഒത്തു.

വിസ കിട്ടിക്കഴിഞ്ഞാൽ രക്ഷപ്പെട്ടു. നാടൻ ഭാഷയിൽ പറഞ്ഞാൽ നല്ലകാലം തെളിഞ്ഞു. അമേരിക്കൻ യാത്രയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തുക. ഓവർക്കോട്ടും കണ്ഠകൗപീനങ്ങളും കരുതണം. ഈ കുന്ത്രാണ്ടം കഴുത്തിൽ കെട്ടാൻ പഠിക്കണം. അമേരിക്കയിലുള്ളവരുടെ അഡ്രസ്സും ഫോൺ നമ്പറും ശേഖരിക്കണം.

ആദ്യമായി അമേരിക്കയിൽ എത്തുന്നവർക്കു സാമാന്യം നല്ല സ്വീകരണം ലഭിക്കും. പക്ഷേ പിന്നീടുള്ള യാത്രകളിൽ ഇതായിരിക്കില്ല അനുഭവം. ആദ്യ യാത്രയിൽ തന്നെ അമേരിക്ക മുഴുവൻ ചുറ്റിയടിക്കുന്നവരുണ്ട്. എന്നാൽ ഇതു ശരിയായ രീതിയല്ല. ഏതെങ്കിലും ഒരു പ്രധാന പട്ടണത്തിൽ ലാന്റ് ചെയ്യുക. ആ പട്ടണം വിട്ട് എങ്ങും പോകരുത്. വിസയുടെ കാലാവധി തീരുന്നതുവരെ ആ പട്ടണത്തിൽ കഴിയുക. അടുത്ത യാത്ര ദൂരെയുള്ള മറ്റൊരു പട്ടണത്തിലേക്കാവണം. ഇത്തരത്തിൽ യാത്ര ചെയ്യാൻ കഴിയുന്ന പത്തു പ്രധാന പട്ടണങ്ങളെങ്കിലും അമേരിക്കയിലുണ്ട്. വർഷത്തിൽ ഒരു അമേരിക്കൻ യാത്ര എന്ന ക്രമത്തിൽ കണക്കാക്കിയാൽ പത്തു വർഷം കൊണ്ടു മാത്രമേ അമേരിക്ക കവറു ചെയ്യാൻ പറ്റൂ.

ഇങ്ങനെ ചെയ്യുന്നതു കൊണ്ട് എന്താണു പ്രയോജനം എന്നു ചോദിച്ചേക്കാം. പ്രയോജനമേയുള്ളൂ എന്നതാണു സത്യം. ആദ്യ യാത്രയിൽത്തന്നെ എല്ലാ പട്ടണങ്ങളിലും പോയാൽ അടുത്ത വർഷം എവിടെപ്പോകും? പഴയപടി എല്ലാ പട്ടണങ്ങളിലും പോകും എന്നാണു മറുപടിയെങ്കിൽ നിങ്ങൾക്ക് അമേരിക്കൻ സൈക്കോളജി അറിഞ്ഞുകൂടാ എന്നു വ്യക്തം. കഴിഞ്ഞ വർഷം വന്ന കക്ഷി ഈ വർഷവും വന്നു എന്നറിഞ്ഞാൽ തിരിഞ്ഞു നോക്കാൻ ആളുണ്ടാകില്ല. വ്യക്തികളോ സഭകളോ സ്വീകരിക്കില്ല. വണ്ടിക്കൂലി പോലും കിട്ടിയില്ലെന്നും വരാം. ഓട്ടപ്രദിക്ഷണം നടത്തുന്നതുകൊണ്ട് മറ്റൊരു പ്രായോഗിക പ്രശ്നവുമുണ്ട്. ഓരോ സ്ഥലത്തും രണ്ടോ മൂന്നോ ആഴ്ചയിൽ കൂടുതൽ താമസിക്കാൻ സമയം കിട്ടില്ല. മിക്ക സഭകളിലും ഒന്നോ രണ്ടോ മാസത്തേക്കുള്ള പ്രോഗ്രാം മുൻകൂട്ടി തീരുമാനിച്ചിട്ടുണ്ടാകും. അതുകൊണ്ട് നിങ്ങൾക്കു സമയം തരാൻ പറ്റിയില്ലെന്നു വരാം. പക്ഷേ പ്രോഗ്രാം ചോദിച്ച് നിങ്ങൾ വിളിച്ചതുകൊണ്ട് നിങ്ങൾ വന്ന വിവരം വേണ്ടപ്പെട്ടവർ അറിയുകയും ചെയ്യും. അടുത്ത വർഷവും നിങ്ങൾ വിളിക്കും. 'ഇയാളെന്താ ഇതുവരെ

പോയില്ലേ' എന്നാകും പിന്നീടുള്ള ചോദ്യം. ചുരുക്കത്തിൽ നിങ്ങളെ ആർക്കും വേണ്ടാതാകും. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ ഓട്ടപ്രദിക്ഷണം ഒഴിവാക്കിയാൽ മതി.

ഏതു പട്ടണത്തിലാണു കലാപരിപാടി അവതരിപ്പിക്കുന്നതെന്നു മുൻകൂട്ടി തീരുമാനിച്ച് ഉറപ്പിച്ച ശേഷം വേണം യാത്ര തിരിക്കാൻ. ചെന്നിറങ്ങുമ്പോൾ നിങ്ങളെ സ്വീകരിക്കാൻ ആളുണ്ടാകുകയും വേണം. ഇത്രയും സാധിച്ചാൽ ആദ്യഘട്ടം വിജയിച്ചു. ഇനി അടുത്ത പടി.

പ്രധാന അമേരിക്കൻ പട്ടണങ്ങളിൽ 25-50 മലയാളി പെന്തക്കോസ്ത് സഭകൾ കാണും. ആ സഭകളിലെ പാസ്റ്റർമാർ, മറ്റു പ്രധാന ഭാരവാഹികൾ തുടങ്ങിയവരുടെ പേരും ഫോൺ നമ്പറും മറ്റു വിവരങ്ങളും ശേഖരിക്കുക. അവരിൽ ചിലർ നിങ്ങളുടെ നാടുമായി ബന്ധമുള്ളവരാകാം. അല്ലെങ്കിൽ നിങ്ങൾക്കറിയാവുന്ന ദേശത്തുള്ളവരാകാം. ചിലരുടെ കുടുംബാംഗങ്ങളുമായി നിങ്ങൾക്കു ബന്ധമോ പരിചയമോ കാണും. മിക്കവരുമായും ഈ വിധത്തിലുള്ള എന്തെങ്കിലുമൊക്കെ ബന്ധം സ്ഥാപിച്ചെടുക്കാൻ കഴിയും. അതെന്തൊക്കെ എന്നു മുൻകൂട്ടി മനസ്സിലാക്കിയിട്ടുവേണം കലാപരിപാടി തുടങ്ങാൻ.

ഉദാഹരണത്തിന് ഒരു സഭയിലെ പാസ്റ്റർ നിങ്ങളുടെ ദേശക്കാരനാണ്. അയാളുടെ കുടുംബാംഗങ്ങളിൽ ചിലരേയും നിങ്ങൾക്കറിയാം. ഈ പാസ്റ്റർ ഏതു സമയത്താണു വീട്ടിലുണ്ടാകുക എന്ന് അന്വേഷിച്ചറിഞ്ഞു വിളിക്കുക. സ്വയം പരിചയപ്പെടുത്തുക. നാടിന്റെ ബന്ധം പറഞ്ഞു വേണം തുടങ്ങാൻ. നാട്ടിലുള്ള ബന്ധുക്കളുമായും നിങ്ങൾ നല്ല ബന്ധത്തിലാണെന്നു പറയണം. അങ്ങനെ സംസാരിച്ചു ബന്ധം സ്ഥാപിക്കണം. സഭയിൽ ഒരു പ്രോഗ്രാം ലഭിക്കുന്നതു വരെ ഈ സംഭാഷണം തുടരണം. ഇങ്ങനെ മറ്റുള്ളവരുമായും ബന്ധം സ്ഥാപിച്ചെടുക്കുക.

പ്രോഗ്രാം ലഭിച്ച സഭയിൽ പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കുക: നിങ്ങൾ രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കർത്താവിനുവേണ്ടി അധ്വാനിക്കുന്നവനാണെന്ന തോന്നൽ വരുത്തിത്തീർക്കണം. സാഹചര്യവും സന്ദർഭവും അനുസരിച്ചു കള്ളം പറഞ്ഞാൽ മതി. സ്വന്തം മിനിസ്ട്രി, അതായതു സംഘടന, ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങളേക്കുറിച്ചു വർണ്ണിക്കണം. ഈ സംഘടന ഉള്ളതുകൊണ്ടാണ് ഇന്ത്യ ഇങ്ങനെ നിലനിന്നുപോകുന്നത് എന്ന തോന്നലുണ്ടാക്കണം. സംഘടനയുടെ നേതൃത്വത്തിൽ അനാഥശാല ഉണ്ടെന്നു പറയാം. പക്ഷേ എവിടെയാണ് അനാഥശാല എന്നു ചോദിച്ചാൽ കേരളത്തിലെ വിലാസം പറയരുത്. തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഉള്ളതോ ഇല്ലാത്തതോ ആയ ഒരു ഗ്രാമത്തിന്റെ പേരു പറയുക. നിങ്ങൾ പറയുന്നതു ശരിയാണോ എന്നു പരിശോധിക്കാൻ ആരും അവിടേക്കു വരത്തില്ല. അനാഥശാല മാത്രമല്ല ബൈബിൾ കോളേജ്, സ്ക്കൂൾ, വൃദ്ധമന്ദിരം തുടങ്ങി കേൾക്കുന്നവരുടെ കരളലിയിക്കുന്ന എന്തും പറയാം.

യോഗം കഴിഞ്ഞാൽ ഈ സഭയിലുള്ളവരുമായി പരിചയപ്പെടുക. ചില വിരുതൻമാർ സംസാരിക്കാൻ പോലും നിൽക്കാതെ സ്ഥലം വിടും. അവരെ പ്രത്യേകം നോട്ടു ചെയ്യുക. പരിചയപ്പെട്ടവരുടേയും ചാടിപ്പോയവരുടേയും ഫോൺ നമ്പർ സംഘടിപ്പിക്കുക. തുടർന്നുള്ള ദിവസങ്ങളിൽ അവരെ വിളിക്കുക. പലവട്ടം വിളിക്കുമ്പോൾ ചിലരെങ്കിലും വീട്ടിലേക്കു ക്ഷണിക്കും. ക്ഷണം കിട്ടുന്ന വീടുകളിലെല്ലാം പോകുക. ശാപ്പാടും 50-100 ഡോളറും കിട്ടും. നാക്കു ഫലപ്രദമായി ഉപയോഗിച്ചാൽ ദീർഘ കാലം നിലനിൽക്കുന്ന ഒരു ബന്ധം ഉണ്ടാക്കിയെടുക്കാനും കഴിയും. ഇങ്ങനെ വിസയുടെ കാലാവധി കഴിയുന്നതുവരെ ആ പട്ടണത്തിൽ കഴിയുക. ഏറ്റവും കുറഞ്ഞത് അഞ്ചുലക്ഷം രൂപ കിട്ടിയിരിക്കും. നിങ്ങൾ കഴിവുള്ളവനാണെങ്കിൽ പത്തോ ഇരുപതോ ലക്ഷം സമ്പാദിക്കാം.

ആത്മീയ തെണ്ടികൾക്ക് ഏറ്റവും ആകർഷകമായ രാജ്യം അമേരിക്ക തന്നെ. പക്ഷേ വിസ കിട്ടാൻ ബുദ്ധിമുട്ടാണ്. ഒരിക്കൽ വിസ കിട്ടിയാൽ പിന്നീട് ബുദ്ധിമുട്ടുണ്ടാകാനിടയില്ല. അമേരക്കൻ വിസയ്ക്കായി പലവട്ടം ശ്രമിച്ചു പരാജയപ്പെട്ടവരുണ്ടെന്ന വസ്തുത മറക്കരുത്. നാലഞ്ചു വട്ടം വിസ നിരസിക്കപ്പെട്ടവർക്കു പിന്നീടു വിസ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യും.

യു.കെ., ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലും ഇപ്പോൾ മലയാളി പെന്തക്കോസ്ത് സഭകളുണ്ട്. അതുകൊണ്ട് ഈ രാജ്യങ്ങളിലേക്കും ഒരു പര്യടനം നടത്താവുന്നതാണ്. പക്ഷേ സഭകളുടേയും വിശ്വാസികളുടേയും എണ്ണം കുറവായതുകൊണ്ട് ഒരു ലാർജ് സ്ക്കെയിൽ കൊയ്ത്ത് തരപ്പെടുകയില്ല.

പിന്നെയുള്ളതു ഗൾഫാണ്. വലിയ ബുദ്ധിമുട്ടു കൂടാതെ വിസ ലഭിക്കും എന്നതാണ് ഒരു പ്രധാന മേൻമ. വണ്ടിക്കൂലി ഇനത്തിൽ വലിയ ചെലവില്ല. ചെന്നിറങ്ങുമ്പോൾ സ്വീകരിച്ചു കൊണ്ടുപോകാൻ ആളുവേണം. ഒന്നോ രണ്ടോ വട്ടം പോയി വന്നവർക്ക് സ്വീകരിക്കാൻ ആളില്ലെങ്കിലും കുഴപ്പമില്ല. മുൻയാത്രയിൽ പരിചയപ്പെട്ട ആരുടെയെങ്കിലും വീട്ടിലോ ഏതെങ്കിലും മെസ്സിലോ ചെന്നു കയറാം. ബെഡ് സ്പേസ് ലഭിക്കുന്ന സ്ഥലങ്ങൾ അറിവുള്ളവർക്ക് അവിടെ എത്താനും കഴിയും. വിസയുടെ കാലാവധി തീരുന്നതുവരെ ഊർജ്ജിതമായി തെണ്ടുക. ഒരുലക്ഷം രൂപയെങ്കിലും സംഘടിപ്പിക്കാൻ പറ്റും. ചിലപ്പോൾ പത്തോ ഇരുപതോ ലക്ഷം ഒപ്പിക്കാൻ കഴിഞ്ഞേക്കാം. ഒന്നോ രണ്ടോ വർഷം കൊണ്ട് ഗൾഫ് രാജ്യങ്ങൾ കവർ ചെയ്യാം. അതു കഴിഞ്ഞാൽ രണ്ടാം വട്ട പര്യടനം ആരംഭിക്കുക.

വിവിധ കാരണങ്ങളാൽ ഇതൊന്നും സാധിക്കാത്തവരുണ്ടാകാം. അങ്ങനെയുള്ളവർ ഒരു അഖിലേന്ത്യാ ടൂർ നടത്തുക. പാസ്പോർട്ട്, വിസ തുടങ്ങിയവയൊന്നും വേണ്ട. വണ്ടിക്കൂലിയിനത്തിലും ചെലവു കുറവ്. ഡൽഹി, ബോംബെ എന്നീ നഗരങ്ങളിൽ നൂറു കണക്കിനു മലയാളി സഭകളുണ്ട്. കൂടാതെ, ചെറു പട്ടണങ്ങളിലും കറങ്ങണം. അമേരിക്കയിലും ഗൾഫിലും മറ്റും ചെന്നാൽ കിട്ടുന്നതുപോലെ വലിയ തുകകളൊന്നും കിട്ടുകയില്ല. എങ്കിലും പലതുള്ളി പെരുവെള്ളം. എള്ളു കൊറിച്ചാൽ എള്ളോളം.

വടക്കേ ഇന്ത്യയിൽ യാത്ര ചെയ്യാൻ ഹിന്ദി അറിഞ്ഞിരിക്കണം. ഇംഗ്ലീഷ് അറിഞ്ഞിരുന്നാലും നിന്നു പിടിക്കാം. ഇതൊന്നും അറിഞ്ഞു കൂടാത്തവർ ചിലപ്പോൾ ബുദ്ധിമുട്ടിയെന്നു വരാം. അങ്ങനെയുള്ളവർ എളിയ തോതിൽ കേരള പര്യടനം നടത്തുക. ഓരോ പര്യടനവും ഒന്നോ രണ്ടോ ആഴ്ച നീളമുള്ളതായാൽ മതി. സഭകൾ, പണക്കാരുടെ വീടുകൾ തുടങ്ങിയവ ലക്ഷ്യമിട്ടാകണം സന്ദർശനം. ജീവിച്ചു പോകാനുള്ള വഹ കിട്ടും.

ഞായറാഴ്ചകളിൽ സഭകൾ സന്ദർശിക്കാനാണു പരിപാടിയെങ്കിൽ ഒരു വിദ്യ പറഞ്ഞു തരാം. ഏതു സഭയാണു സന്ദർശിക്കുന്നതെന്നു മുൻകൂട്ടി നിശ്ചയിക്കുക. ആ സഭയിലെ പാസ്റ്റർക്ക് ഒരു കത്തയയ്ക്കുകയാണ് അടുത്ത നടപടി. വ്യാഴാഴ്ച ദിവസം മാത്രമേ കത്തു പോസ്റ്റ് ചെയ്യാവൂ. പക്ഷേ അതിന് ഒരാഴ്ച മുൻപുള്ള തീയതി കത്തിൽ വയ്ക്കണം. കത്തിന്റെ ഉള്ളടക്കം ഇതാ: “നിങ്ങളുടെ സഭ സന്ദർശിക്കണമെന്ന് ദൈവാത്മാവു പറഞ്ഞു. അതുകൊണ്ട് ഈ ഞായറാഴ്ച സഭായോഗത്തിന് ഞാൻ എത്തുന്നതാണ്. എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ ഈ കത്തു കിട്ടിയാലുടൻ മറുപടി അയയ്ക്കണം. അങ്ങനെയുള്ള മറുപടി ലഭിക്കുന്നില്ലെങ്കിൽ ഞാൻ സഭായോഗത്തിന് എത്തുന്നതാണ്.” വ്യാഴാഴ്ച പോസ്റ്റ് ചെയ്ത കത്ത് വെള്ളിയാഴ്ചയോ ശനിയാഴ്ചയോ മാത്രമേ പാസ്റ്റർക്കു കിട്ടൂ. അതുകൊണ്ടു മറുപടി അയയ്ക്കാൻ സമയം കിട്ടില്ല. അഥവാ വെള്ളിയാഴ്ച ലഭിച്ച കത്തിനു പാസ്റ്റർ അന്നുതന്നെ മറുപടി അയയ്ക്കുകയും ശനിയാഴ്ച നിങ്ങൾക്കു കിട്ടുകയും ചെയ്താലും പ്രശ്നമില്ല. കാരണം, മറുപടി കിട്ടിയില്ല എന്ന് അതിമനോഹരമായി കള്ളം പറയാമല്ലോ. മറുപടി അയച്ചതു വെള്ളിയാഴ്ചയാകയാൽ നിങ്ങൾ പറയുന്നതു സത്യമാണെന്നു പാസ്റ്റർ വിശ്വസിച്ചുപോകും.

മേല്പടി സഭയിൽ നിങ്ങൾ സഭായോഗത്തിനെത്തണം. വളരെ നേരത്തെ എത്തിയാൽ പാസ്റ്ററുമായി സംസാരിക്കേണ്ടതായി വരും. അങ്ങനെ സംഭവിച്ചാൽ ചിലപ്പോൾ പ്രോഗ്രാം ലഭിക്കാതാകും. അതുകൊണ്ട് പത്തു മണി കഴിഞ്ഞ് അഞ്ചോ പത്തോ മിനിട്ടു കഴിഞ്ഞെത്തുക. അതിനോടകം സഭായോഗം ആരംഭിച്ചിരിക്കും. സഭാഹാളിൽ കയറിയാൽ നേരെ ചെന്ന് പാസ്റ്ററോടൊപ്പം ഇരിക്കുക. കത്തയച്ച പാസ്റ്ററാണ് എത്തിയിരിക്കുന്നതെന്നു പാസ്റ്ററെ അറിയിക്കുക. കൂടുതലൊന്നും സംസാരിക്കാതെ കണ്ണടച്ചിരുന്ന് അത്യുഗ്രമായി പ്രാർത്ഥിക്കുക. പ്രസംഗിക്കാൻ അല്പം സമയം കിട്ടും. അതു ഫലപ്രദമായി വിനിയോഗിക്കുക. ശാപ്പാടും കൈമടക്കും ഉറപ്പ്.

കേരള പര്യടനം നടത്തുന്നതിനു നേരവും കാലവും നോക്കേണ്ടതില്ല. പക്ഷേ വടക്കേ ഇന്ത്യൻ പര്യടനം കാലാവസ്ഥ നോക്കി നടത്തിയാൽ നന്ന്. കൊടിയ ചൂടുള്ള ജൂൺ-ജൂലൈ മാസങ്ങളും അസഹനീയമായ തണുപ്പുള്ള ജനുവരി-ഫെബ്രുവരി മാസങ്ങളും ഒഴിവാക്കുക. വിദേശ പര്യടനത്തിനുമുണ്ട് കാലാവസ്ഥാ പ്രശ്നം. സന്ദർശിക്കുന്ന രാജ്യത്തെ കാലാവസ്ഥ മുൻകൂട്ടി അറിഞ്ഞുവച്ചശേഷം സന്ദർശനം നടത്തുക.

ഇത്തരം പര്യടനങ്ങളിൽ നിങ്ങൾ പ്രസംഗിക്കേണ്ടതായി വരും. അതുകൊണ്ട് അഞ്ചോ പത്തോ പ്രസംഗങ്ങൾ കാണാപ്പാഠം പഠിച്ചു വയ്ക്കുക. പ്രസംഗത്തട്ടിപ്പ് എങ്ങനെ നടത്തണമെന്നു മുൻലക്കങ്ങളിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. ദാവീദ്, ഏലിയാവ്, മോശ തുടങ്ങിയ സ്ഥിരം വിഷയങ്ങൾ വിട്ട് അധികമാരും പ്രസംഗിക്കാത്ത വിഷയങ്ങളെടുത്താൽ ഏറെ ഫലം ചെയ്യും. പ്രസംഗം നന്നായാലുള്ള ഗുണം പറയേണ്ടതില്ല. പക്ഷേ പ്രസംഗം മാത്രം പോരാ എന്നറിയുക.

പ്രവചനം നടത്താൻ കഴിയുമെങ്കിൽ ഏറെ നല്ലത്. എങ്ങനെയാണു കള്ളപ്രവചനം നടത്തുക എന്ന് മുൻലക്കങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. അതു വീണ്ടും ഒരിക്കൽക്കൂടി വായിക്കുക. ബുദ്ധിപൂർവ്വം പ്രവചിച്ചാൽ നിങ്ങളുടെ പേഴ്സ് നിറയുമെന്നു തീർച്ച. പക്ഷേ രോഗശാന്തിക്ക് ഇത്തരം യാത്രകളിൽ വലിയ സ്കോപ്പില്ല. കാരണം, രോഗശാന്തിയുടെ പേരിൽ തട്ടിപ്പു നടത്താൻ സാമാന്യം നല്ല ജനക്കൂട്ടം വേണം. ചെറിയ ഗ്രൂപ്പുകളിൽ പ്രസംഗിക്കുമ്പോൾ രോഗശാന്തി നടത്താനാവില്ല. രോഗശാന്തി ഉണ്ടായില്ല എന്ന വസ്തുത ജനം തിരിച്ചറിയും എന്നതുതന്നെ കാരണം. എങ്കിലും നിങ്ങൾ അറിയപ്പെടുന്ന പ്രസംഗകനാണെങ്കിൽ നിങ്ങളുടെ പ്രസംഗം കേൾക്കാൻ കൂടുതൽ ആളുകളെത്തും. ആൾക്കൂട്ടമുണ്ടെങ്കിൽ രോഗശാന്തി നടത്തുകയും ചെയ്യാം.

പര്യടനം നടത്തുന്നതു സ്വദേശത്തായാലും വിദേശത്തായാലും ഒരു കാര്യം മറക്കരുത്: പെന്തക്കോസ്തുകാരിൽ നല്ലൊരു പങ്ക് ശുദ്ധ കഴുതകളാണ്. അവരെ ദൈവനാമം പറഞ്ഞു കബളിപ്പിക്കാൻ സാമാന്യ ബുദ്ധിയുള്ള ആർക്കും കഴിയും.

# ഡിഫെൻഡർ - 2010 ജൂൺ 16

വിവിധതരം 'മിനിസ്ട്രി'കൾ നടത്തി വലിയവനാകുന്നതെങ്ങനെ എന്ന് ഈ ലക്കത്തിൽ പറയാം. അനാഥശാല, വൃദ്ധസദനം, ബൈബിൾ കോളേജ്, ഗോസ്പൽ ടീം തുടങ്ങി എന്തുതരം മിനിസ്ട്രിയുമാകാം. സഭകൾ സ്ഥാപിക്കുന്നതിനും തടസ്സമില്ല. മിനിസ്ട്രി എന്തായാലും അതിന് ഒരു സംഘടന ഉണ്ടാക്കണം.

സംഘടനകളെ പൊതുവായി സൊസൈറ്റി, ട്രസ്റ്റ് എന്നിങ്ങനെ രണ്ടായി തിരിക്കാം. സൊസൈറ്റികൾ ആണ്ടുംതോറും തെരഞ്ഞെടുപ്പു നടത്തണം. അഥവാ മൂന്നു വർഷത്തിൽ ഒരിക്കലോ അഞ്ചു വർഷത്തിൽ ഒരിക്കലോ ആണു തെരഞ്ഞെടുപ്പു നടത്തുന്നതെങ്കിലും ആണ്ടുതോറും ഭാരവാഹികളുടെ ലിസ്റ്റ് ജില്ലാ രജിസ്ട്രാർക്കു കൊടുക്കണം. ട്രസ്റ്റുകളിൽ തെരഞ്ഞെടുപ്പ് നിർബ്ബന്ധമല്ല. മറ്റു കാര്യങ്ങളിൽ സൊസൈറ്റികളും ട്രസ്റ്റുകളും ഏറെക്കുറെ ഒന്നുപോലെയാണ്.

സൊസൈറ്റികൾ രണ്ടു തരത്തിലുണ്ട്. പഴയ തിരുക്കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ജില്ല കളിൽ 1955ലെ തിരുക്കൊച്ചി സൊസൈറ്റീസ് ആക്ടാണ് (Travancore Cochin Literary, Scientific and Charitable Societies Registration Act, 1955) ഇപ്പോഴും നിലവിലുള്ളത്. കേരളത്തിലെ മറ്റു ജില്ലകളിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും Societies Registration Act, 1860 ആണ് ഉപയോഗിക്കുന്നത്. ഫലത്തിൽ രണ്ടും ഒന്നുതന്നെ. ഐ.പി.സി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയവ 1860ലെ ആക്ട് അനുസരിച്ചു രജിസ്റ്റർ ചെയ്തതാണ്. പക്ഷേ ശാരോൻ, രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ തുടങ്ങിയവ 1955ലെ ആക്ട് പ്രകാരമാണു രജിസ്റ്റർ ചെയ്തത്.

ചാരിറ്റബിൾ സൊസൈറ്റികൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിലാണു രജിസ്റ്റർ ചെയ്യേണ്ടത്. സാധാരണയായി ബുധനാഴ്ചകളിലാണു സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുക. 100 രൂപയാണു രജിസ്ട്രേഷൻ ഫീസ്. വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, മെമ്മോറാണ്ടം, ബൈലോ എന്നിവയുമായി ചെന്നാൽ സൊസൈറ്റി രജിസ്റ്റർ ചെയ്യാം. കുറഞ്ഞത് ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കണം. പ്രായപൂർത്തിയായ സ്ത്രീയോ പുരുഷനോ അംഗമാകാം. അംഗങ്ങൾ തമ്മിലുള്ള ബന്ധം പ്രശ്നമല്ല. നിലവിലുള്ള സൊസൈറ്റികളുടെ പേരുകൾ ഉപയോഗിക്കാനാവില്ല എന്നൊരു ധാരണയുണ്ട്. പക്ഷേ അതു ശരിയല്ല. കാരണം, ഇന്ത്യയിലെമ്പാ ടുമായി ആയിരക്കണക്കിനു സൊസൈറ്റികളും ട്രസ്റ്റുകളുമുണ്ട്. ഇവയുടെ എല്ലാം പേരുകൾ ഉള്ള ഡയറക്ടി ഉണ്ടാക്കിയിട്ടുമില്ല. അതുകൊണ്ട് ഏതൊക്കെ പേരുകളിലുള്ള സംഘടനകൾ നിലവിലുണ്ട് എന്നറിയാൻ മാർഗ്ഗമൊന്നുമില്ല. എങ്കിലും അറിയപ്പെടുന്ന ഏതെങ്കിലും സംഘടനയുടെ പേരുമായി ചെന്നാൽ രജിസ്ട്രേ ഷൻ നടന്നില്ലെന്നു വരാം എന്നു മാത്രം.

ട്രസ്റ്റുകൾ രജിസ്റ്റർ ചെയ്യുന്നതു സബ് രജിസ്ട്രാർ ഓഫീസുകളിലാണ്. മാത്രമല്ല മുദ്രപ്പത്രത്തിലാണ് ഡീഡ് എഴുതേണ്ടത്. സാധാരണയായി 1000 രൂപയുടെ മുദ്രപ്പത്രമാണ് ഉപയോഗിക്കുക. എങ്കിലും ട്രസ്റ്റിന്റെ നൂക്ലിയസിന്റെ മൂല്യമനുസരിച്ച് മുദ്രപ്പത്ര വിലയിൽ മാറ്റമുണ്ടാകും. 1000 രൂപ നൂക്ലിയസ്സായി കാണിച്ചുകൊണ്ട് ട്രസ്റ്റ് ഉണ്ടാക്കിയാൽ 120 രൂപ രജിസ്ട്രേഷൻ ഫീസ് ആകും. കൂടാതെ, ആധാരമെഴുത്തുകാരന്റെ ഫീസും നൽകണം.

ട്രസ്റ്റായാലും സൊസൈറ്റിയായാലും അറിവുള്ളവരെക്കൊണ്ട് രേഖകൾ എഴുതിക്കണം. തെറ്റായ വിധത്തിൽ ഉണ്ടാക്കിയ ബൈലോ ആദായനികുതി വകുപ്പ് അംഗീകരിക്കുകയില്ല. സംഘടന രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനകം ആദായനികുതി വകുപ്പിന് 10 (എ.) ഫോമിൽ അപേക്ഷ നൽകണം. ആദായനികുതി വകുപ്പിന്റെ 12(എ) വകുപ്പു പ്രകാരമുള്ള നികുതിയിളവിനുള്ള അപേക്ഷയാണിത്. ഒരു ചാർട്ടേഡ് അക്കൗണ്ട ന്റിനെ കണ്ടാൽ കാര്യം ബുദ്ധിമുട്ടു കൂടാതെ നടക്കും. സംഘടന രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനകം അപേക്ഷ നൽകിയില്ലെങ്കിൽ പിന്നീട് അപേക്ഷ സ്വീകരിക്കുകയില്ല. നികുതി ഇളവു ലഭിച്ചില്ലെങ്കിൽ വരുമാനത്തിന്റെ മൂന്നിൽ ഒന്ന് (ഏകദേശ കണക്കാണിത്) നികുതി നൽകേണ്ടതായി വരും.

നികുതിയിളവു നൽകുന്നതിനുള്ള അധികാരം കമ്മീഷണർക്കാണ്. ചില മാനദണ്ഡങ്ങൾക്കനുസൃത മായാണ് നികുതിയിളവു നൽകുന്നത്.

1. ജാതിമതവ്യത്യാസമില്ലാതെ ഏവരേയും ഗുണഭോക്താക്കളായി ഉൾപ്പെടുത്തണം.
2. വരുമാനത്തിന്റെ 85% ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം.
3. പ്രവർത്തനം ഇന്ത്യയിൽ മാത്രമായിരിക്കണം.
4. സംഘടന പിരിച്ചു വിടാൻ പാടില്ല.
5. സംഘടനയുടെ വസ്തുവകകൾ അംഗങ്ങൾക്കു വീതിച്ചു നൽകാൻ പാടില്ല.
6. ആദായനികുതി നിയമത്തിൽ പറയുന്ന എല്ലാ ചട്ടങ്ങളും പാലിക്കുമെന്നു പ്രഖ്യാപിക്കണം.
7. കമ്മീഷണറുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഭേദഗതികൾ വരുത്തരുത്.

ഇങ്ങനെ കുറെ ചട്ടങ്ങളുണ്ട്. ഇവയെല്ലാം ഭരണഘടനയിൽ വ്യക്തമായി എഴുതിയിരിക്കണം. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ആദായനികുതി വകുപ്പിന്റെ രജിസ്ട്രേഷൻ കിട്ടുകയില്ല. അങ്ങനെ വന്നാൽ നികുതി കൊടുക്കേണ്ടതായി വരും.

പെന്തക്കോസ്തിലെ ഭൂരിപക്ഷം സംഘടനകളും 12(എ) വകുപ്പനുസരിച്ചുള്ള നികുതിയിളവിനായി അപേക്ഷപോലും കൊടുത്തിട്ടുണ്ടാകില്ല എന്നതാണു സത്യം. സംഘടന രജിസ്റ്റർ ചെയ്ത് ഒരു വർഷ ത്തിനകം അപേക്ഷ നൽകിയില്ലെങ്കിൽ പിന്നീട് അപേക്ഷ നൽകാനുമാവില്ല. അപ്പോൾ ഈ സംഘടനകൾ നികുതി കൊടുക്കുന്നുണ്ടോ? നികുതിയോ? എന്തു നികുതി? ഇവയ്ക്കൊന്നും കണക്കുപോലുമില്ലല്ലോ. പക്ഷേ ഒരു കാര്യം തീർച്ച. ഒരു ദിവസം നിങ്ങൾ പിടിയിലാകും. വർഷം തോറും കണക്കു കൊടുക്കുക, നികുതി കൊടുക്കുക തുടങ്ങിയവ ചെയ്യാതിരുന്നതിനു ശിക്ഷയും ലഭിക്കും. സംഘടന പ്രവർത്തിച്ചിരുന്നില്ല, വരുമാനം ഇല്ലായിരുന്നു എന്നൊന്നും പറഞ്ഞു രക്ഷപ്പെടാനാവില്ല. സംഘടന പ്രവർത്തിച്ചാലും ഇല്ലെങ്കിലും കണക്കു കൊടുക്കണം. വരുമാനമുണ്ടെങ്കിൽ നികുതിയും കൊടുക്കണം. ഇതിനൊന്നും പറ്റില്ലെങ്കിൽ സംഘടന സമാനസ്വഭാവമുള്ള മറ്റൊരു സംഘടനയിൽ ലയിപ്പിക്കുകയോ സർക്കാരിനു വിട്ടു നൽകുകയോ ചെയ്യുകയാണു പോംവഴി.

ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവയൊന്നും ദൈവീക പദ്ധതിയിലില്ല. ഇവയൊക്കെ മനുഷിക നിയമങ്ങൾ അനുസരിച്ചു മനുഷ്യനുണ്ടാക്കിയവയാണ്. ഇവയ്ക്കു ദൈവീക പരിവേഷം നൽകുന്നതു വചന വിരുദ്ധമാണ്. റ്റി.പി.എം എന്ന സംഘടനയാണു ദൈവസഭ എന്ന നിലയ്ക്കാണ് അവരുടെ പഠിപ്പിക്കൽ. ഐ.പി.സി എന്നതു ദൈവം അടിസ്ഥാനമിട്ട സംഘടനയാണെന്നു നിരവധി വിവര ദോഷികൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്തുവരുന്നു. സംഘടന എന്ന നിലക്ക് ഐ.പി.സി, ശാരോൻ, എ.ജി തുടങ്ങിയവ എസ്.എൻ.ഡി.പിയും എൻ.എസ്സ്.എസ്സും യോഗക്ഷേമസഭയും പോലെ മാത്രമേയുള്ളൂ. തങ്ങളുടെ സംഘടനയെ വളർത്തിയതു ദൈവമാണെന്നു പറയുന്നവർ ദൈവത്തെ പരിഹസിക്കയാണു ചെയ്യുന്നത്. കാരണം, ദൈവം ഒരു സംഘടനയേയും വളർത്തുകയോ തളർത്തുകയോ ചെയ്യുന്നില്ല.

ദൈവാത്മാവു പറഞ്ഞതനുസരിച്ചാണു സംഘടന ഉണ്ടാക്കിയതെന്നു വീമ്പിളക്കുന്നവരുണ്ട്. സംഘടനയുടെ പേര് ദൈവം വെളിപ്പാടായി തന്നെന്നു പറയുന്നവരുമുണ്ട്. ഇതെല്ലാം ശുദ്ധ ഭോഷ്ക്കാണ്. ആത്മീയ കാര്യങ്ങൾക്കു സംഘടന ആവശ്യമില്ല. പക്ഷേ സർക്കാരുമായുള്ള ഇടപാടുകൾക്കു സംഘടനകൾ ആവശ്യമായി വന്നേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സംഘടന ഉണ്ടാക്കാവുന്നതാണ്. എന്നാൽ ഈ സംഘടനയ്ക്കു ദൈവീക പരിവേഷം കൊടുക്കുന്നതാണു പ്രശ്നമാകുന്നത്.

സംഘടനകളെ നല്ല നിലയിലും ഉപയോഗിക്കാം. അതുപോലെ തട്ടിപ്പിനു മറയാക്കുകയും ചെയ്യാം. ഐ.പി.സി., ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സംഘടനകൾ ദൈവീകമല്ലെങ്കിലും തട്ടിപ്പു പ്രസ്ഥാനങ്ങളാണെന്നു പറയാനാവില്ല. പക്ഷേ ചില തട്ടിപ്പുകാർ ഈ സംഘടനകളെ ചിലപ്പോൾ ദുരുപ യോഗം ചെയ്യാറുണ്ട്. എന്നാൽ അതല്ല മറ്റു ചില സംഘടനകളുടെ സ്ഥിതി. തട്ടിപ്പു മാത്രം ലക്ഷ്യമായാണ് ഇവ ഉണ്ടാക്കുന്നത്. എല്ലാ അധികാരങ്ങളും തങ്ങളുടെ കൈയ്യിൽ എന്നെന്നും നിലനിൽക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുത്താകും ഇവ ഉണ്ടാക്കിയിട്ടുള്ളത്. പറഞ്ഞു വരുമ്പോൾ സംഘടനയാണ്, മിനിസ്ട്രി യാണ്, ചാരിറ്റിയുമാണ്. പക്ഷേ എല്ലാ അധികാരവും ഒന്നോ രണ്ടോ ആളുകളുടെ കൈയ്യിൽ. എത്ര രൂപ കിട്ടി, ആ പണം എന്തിനൊക്കെ ചെലവാക്കി, മിച്ചം എന്തുണ്ട് എന്നൊന്നും ആരും അറിയുകയില്ല, ആരോടും പറയുകയുമില്ല. ഇത്തരം സംഘടനകളെയാണ് ദൈവമക്കൾ സൂക്ഷിക്കേണ്ടത്.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം:

റവ.ഡോ. ഇട്ടിക്കണ്ടപ്പൻ ഒരു സംഘടന രജിസ്റ്റർ ചെയ്യുന്നു. പ്രസിഡന്റ് ഈ റവ തന്നെ. വൈസ് പ്രസിഡന്റ് ഇയാളുടെ അപ്പൻ. സെക്രട്ടറി മകൻ. ജോയിന്റ് സെക്രട്ടറി മകന്റെ ഭാര്യ. ഖജാൻജി റവയുടെ സഹധർമ്മിണി. മറ്റു രണ്ട് അംഗങ്ങൾ റവയുടെ സുഹൃത്തുക്കൾ, നിർഗ്ഗുണപരബ്രഹ്മങ്ങൾ. അങ്ങനെ സംഘടന പൊടിപൂരമായി നടക്കുന്നു. സ്വദേശത്തുനിന്നും വിദേശത്തുനിന്നും പണം പിരിക്കുന്നുണ്ട്. റവയുടെ നേതൃത്വത്തിൽ കുറെ സഭകളുണ്ട്. പാസ്റ്റർമാർക്ക് മാസം തോറും ആയിരം രൂപ കൊടുക്കും. കണക്കിൽ അത് 5000 ആകും. വല്ല സായിപ്പോ പണക്കാരായ മറ്റു വി.ഐ.പികളോ വരുമ്പോൾ റവ ഒരു സ്പെഷ്യൽ യോഗം വിളിക്കും. റവയുടെ എല്ലാ സഭകളിലേയും വിശ്വാസികൾ യോഗത്തിനെത്തും. കൂടാതെ, മറ്റു പെന്തക്കോസ്ത് സഭകളിൽ നിന്നും ആളുകളെ ക്ഷണിച്ചു വരുത്തും. വരുന്ന പാസ്റ്റർമാർക്കെല്ലാം കൈമടക്കു കൊടുക്കും. അതുകൊണ്ടു റവ വിളിച്ചാൽ പാസ്റ്റർമാരെത്തും. വി.ഐ.പി ഈ ജനക്കൂട്ടത്തെ കണ്ടു വണ്ടറടിക്കും. മടങ്ങിപ്പോകുമ്പോൾ നല്ലൊരു തുക സംഭാവന നൽകുകയും ചെയ്യും. കിട്ടിയതിന്റെ അഞ്ചോ പത്തോ ശതമാനം മാത്രമേ യോഗം നടത്താൻ ചെലവാകൂ.

സഭ കൂടാതെ റവയുടെ വഹയായി സെമിനാരിയുമുണ്ട്. ബൈബിൾ സ്ക്കൂൾ അറു പഴഞ്ചൻ. ബൈബിൾ കോളേജിന് ഗമ പോരാ. അതുകൊണ്ട് ഇപ്പോൾ സെമി നാറികൾ മാത്രമേയുള്ളൂ. റവയുടെ സെമിനാരിയിൽ സി.റ്റി.എച്ച്, ജി.റ്റി.എച്ച്., ബി.റ്റി.എച്ച്., എം.ഡിവ്., എം.റ്റി.എച്ച്., എന്നീ കോഴ്സുകളുണ്ട്. പക്ഷേ പത്താം ക്ലാസ്സു പാസ്സായ ആരും പഠിക്കാൻ എത്തുന്നില്ലെന്നതു രഹസ്യം. ഇംഗ്ലീഷ് മീഡിയത്തിലും മലയാളം മീഡിയത്തിലും ക്ലാസ്സുണ്ടെന്നാണു പ്രചരണം. പക്ഷേ മലയാളം തന്നെ കഷ്ടി.

ആണ്ടുതോറും അതിഗംഭീരമായി ബിരുദദാനം നടത്തും. കോട്ടും സൂട്ടും കണ്ഠകൗപീനവും മറ്റുമായി നിരക്ഷര കുക്ഷികൾ ബിരുദം വാങ്ങാൻ അടിവച്ചടിവച്ചു നീങ്ങുന്ന കാഴ്ച വീഡിയോയിൽ പകർത്തും.

എല്ലാ ബിരുദദാനച്ചടങ്ങിലും രണ്ടോ മൂന്നോ ദിവ്യൻമാരെ ഡോക്ടറേറ്റ് നൽകി ആദരിക്കും. (അന്നു മുതൽ ഈ ചങ്ങാതിമാരും ഡോ ആയി മാറും.) ബിരുദദാനച്ചടങ്ങിന്റെ വാർത്തയും ചിത്രങ്ങളും സകല പെന്തക്കോസ്ത് പത്രങ്ങൾക്കും അയച്ചുകൊടുക്കും.

ജീവകാരുണ്യ രംഗത്തും റവ കൈവച്ചിട്ടുണ്ട്. അനാഥശാലയാണു പ്രധാനം. പല സ്ഥലങ്ങളിൽ നിന്നായി ഇരുപതോളം കുട്ടികളെ കൊണ്ടുവന്നിട്ടുണ്ട്. എല്ലാവർക്കും മാതാപിതാക്കളുണ്ട്. കഷ്ടിച്ചു ജീവിക്കാനുള്ള വകയുമുണ്ട്. എങ്കിലും വീടിനടുത്തു നല്ല സ്കൂളില്ല. അതു കൊണ്ട് റവയുടെ അനാഥശാലയിൽ നിന്നു സ്കൂളിൽ പോകുന്നു. അവധിക്കാലമായാൽ കുട്ടികൾ വീട്ടിൽ പോകും. പക്ഷേ റവയുടെ കണക്കു പുസ്തകത്തിൽ ഇവരെല്ലാം തികച്ചും അനാഥർ. പോകാൻ വീടില്ലാത്തതുകൊണ്ട് എല്ലായ്പ്പോഴും അനാഥശാലയിൽ താമസിക്കുന്നു. ദീനാനുകമ്പയുടെ ആൾരൂപമായ റവ ഈ സാധുക്കളെ സംരക്ഷിക്കുന്നു. ഇവരുടെ ചിത്രങ്ങൾ ബ്രോഷറിലും വെബ്സൈറ്റിലും കൊടുത്തു പണം പിരിക്കുന്നു.

ചുമ്മാഡോയ്ക്ക് ഒരു സ്കൂളുമുണ്ട്. സി.ബി.എസ്.സി സിലബസ്സിലാണു സംഭവം നടക്കുന്നത്. അംഗീകാരമില്ല, ഉണ്ടാകണമെന്നു നിർബ്ബന്ധവുമില്ല. അത്യുഗ്രൻ ഫീസ് പിരിച്ചാണു സംഗതി നടത്തുന്നത്. എങ്കിലും ചാരിറ്റിയുടെ ലേബലിലാണു കാര്യങ്ങൾ പോകുന്നത്. സംഗതി മിഷൻ സ്കൂളായതുകൊണ്ട് ഓരോ കുട്ടിയുടേയും തലയെണ്ണി സായിപ്പു കാശുകൊടുക്കുന്നുണ്ട്. ഈ കാശ് കൃത്യമായി എണ്ണി വാങ്ങലാണ് റവയുടെ മിഷൻ.

ആണ്ടുതോറും നടത്തുന്ന ജനറൽ കൺവൻഷൻ നാടിന്റെ ഉത്സവമാണ്. ഒന്നോ രണ്ടോ സായിപ്പൻമാർ തീർച്ചയായും ഉണ്ടാകും. നാടൻ സായിപ്പൻമാർ എക്സ്ട്രാ. പകലും രാത്രിയും യോഗങ്ങളുണ്ടാകും. അവസാന ദിവസം എല്ലാവർക്കും ഭക്ഷണം കൊടുക്കും. പാസ്റ്റർമാർക്കു വണ്ടിക്കൂലി ഉറപ്പ്. ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നു വണ്ടി വാടകയ്ക്കെടുത്തു യോഗത്തിനു വരുന്നവർക്കു വണ്ടിവാടകയും ലഭിക്കും. അതുകൊണ്ട് റവയുടെ ജനറൽ കൺവൻഷനു നല്ല ആൾക്കൂട്ടമുണ്ടാകും. എല്ലാ പത്രങ്ങൾക്കും സപ്ലിമെന്റ് കൊടുക്കും അതുകൊണ്ട് പെന്തക്കോസ്ത് പത്രങ്ങളെല്ലാം നല്ല പ്രാധാന്യത്തോടെ കൺവൻഷന്റെ വാർത്ത കൊടുക്കും.

കൺവൻഷനോടനുബന്ധിച്ച് തയ്യൽ മെഷീൻ വിതരണം, വിവാഹസഹായ വിതരണം തുടങ്ങിയ പരിപാടികളുമുണ്ടാകും. ചിലർക്കൊക്കെ ചികിത്സാസഹായവും നൽകും. സംഭവങ്ങളെല്ലാം വീഡിയോയിൽ പിടിക്കും. ഫോട്ടോയുമെടുക്കും.

മെയ് മാസത്തിൽ റവ അമേരിക്കയിലേക്കു പറക്കും. ഒക്ടോബർ അവസാന ആഴ്ചയിൽ തിരിച്ചെത്തും. അമേരിക്കയിൽ റവയ്ക്കു കുറെ സ്ഥിരം താവളങ്ങളുണ്ട്. കൂടാതെ, പ്രോഗ്രാം കിട്ടുന്നിടത്തെല്ലാം പോകും. ആരെ കണ്ടാലും സ്വന്തം കാർഡ് കൊടുക്കും. അവരുടെ കാർഡ് വാങ്ങുകയും ചെയ്യും. അന്നു രാത്രി തന്നെ അവരെ വിളിക്കും. പിന്നീടു സ്ഥിരമായി വിളിക്കും. നൂറു ഡോളറെങ്കിലും വാങ്ങിയെടുക്കും. റവയെ നോക്കി ഒന്നു ചിരിച്ചുപോയാൽ നൂറു ഡോളർ നഷ്ടം എന്നതാണു സ്ഥിതി.

റവയുടെ മിനിസ്ട്രിയുടെയെല്ലാം ഫോട്ടോകൾ, വീഡിയോകൾ തുടങ്ങിയവ കാട്ടിയാണു പിരിവ്. വാർത്തകൾ അടിച്ചു വന്ന പത്രങ്ങളും തെളിവായി ഹാജരാക്കും. ആരും വിശ്വസിച്ചു പോകുന്നത്ര വാചാലമായാണ് റവ സംസാരിക്കുക. മാത്രമല്ല തനിക്ക് ഒരു ചില്ലിക്കാശുപോലും വേണ്ടെന്നും എല്ലാം മിനിസ്ട്രിയുടെ പേരിൽ തന്നാൽ മതിയെന്നും പറയുമ്പോൾ റവയുടെ സത്യസന്ധതയെ ഏവരും പുകഴ്ത്തും. “റവയാണു മിനിട്രി” എന്ന സത്യം അവർക്കറിഞ്ഞുകൂടല്ലോ.

എല്ലാവരും ഇങ്ങനെയാണെന്ന് ഈ പറഞ്ഞതിനർത്ഥമില്ല. എങ്കിലും ഭൂരിപക്ഷവും ഇങ്ങനെയൊക്കെത്തന്നെ. ദൈവമക്കൾ സൂക്ഷിക്കുക.

## ഡിഫെൻഡർ - 2010 ജൂലൈ 1

ട്രസ്റ്റുകളും സൊസൈറ്റികളും മറ്റും ഉണ്ടാക്കി വലിയവനാകുന്നതെങ്ങനെ എന്നു കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വിശദീകരിച്ചിരുന്നല്ലോ. ഇത്തരം സംഘടനകൾ, പത്രങ്ങൾ, മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെ മറ്റുള്ളവരെ വലിയവനാക്കുകയും അങ്ങനെ സ്വയം വലിയവനാകുകയും ചെയ്യുന്ന വിദ്യ ഈ ലക്കത്തിൽ വിശദീകരിക്കാം.

മറ്റുള്ളവരെ വലിയവനാക്കിക്കൊണ്ടു സ്വയം വലിയവനാകുക എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത് എന്നു ചോദിച്ചേക്കാം. ചില ഉദാഹരണങ്ങളിലൂടെ ഇതു വിശദീകരിക്കാം.

ഈ സഹസ്രാബ്ദം ആരംഭിച്ച സമയത്ത്, അതായത് പത്തു കൊല്ലം മുൻപ്, ലോകമെമ്പാടുമുള്ള നിരവധി ആളുകൾക്ക് കത്തിലൂടെയോ ഈമെയിലിലൂടെയോ ഒരു അറിയിപ്പു കിട്ടി. ഇംഗ്ലണ്ടിലോ അമേരിക്കയിലോ ഉള്ള ഒരു അത്യുഗ്രൻ (എന്നു തോന്നിക്കുന്ന) സ്ഥാപനത്തിന്റെ വഹയാണു കത്ത്. കഴിഞ്ഞ സഹസ്രാബ്ദത്തിൽ ലോകത്തിന് ഏറ്റവും വലിയ സംഭാവന നൽകുകയോ ലോകത്തെ ഏറ്റവും അധികം സ്വാധീനിക്കയോ ചെയ്ത വ്യക്തികളെ കണ്ടെത്താനായി ഈ സ്ഥാപനം കമ്പ്യൂട്ടറിനോട് ആവശ്യപ്പെട്ടു.

അങ്ങനെ കണ്ടെത്തിയവരിൽ ഒരാളാണു നിങ്ങൾ. അതു കൊണ്ട് നിങ്ങളെ മില്ലെനിയം സ്റ്റാർ (അല്ലെങ്കിൽ മില്ലെനിയം എന്നതിനോട് മറ്റെന്തെങ്കിലും വാക്കു ചേർത്തത്) ആയി തെരഞ്ഞെടുത്തിരിക്കുന്നു. കമ്പ്യൂട്ടർ തെരഞ്ഞെടുത്ത എല്ലാവരുടേയും ബയോഡേറ്റാ ഫോട്ടോ സഹിതം ഉടൻ പ്രസിദ്ധീകരിക്കുകയാണ്. നിങ്ങളുടെ വിവരങ്ങളും ഫോട്ടോയും ഉടൻ അയച്ചു തരിക. നിങ്ങളുടെ ബയോഡേറ്റ അച്ചടിച്ച പുസ്തകം ആവശ്യമുണ്ടെങ്കിൽ വിവരം അറിയിക്കുക. 350 ഡോളറാണ് പുസ്തകത്തിന്റെ വില. എങ്കിലും നിങ്ങൾ അവാർഡ് ലഭിച്ച വ്യക്തിയായതുകൊണ്ട് സൗജന്യ വിലയായ 250 ഡോളറിനു ലഭിക്കും. പോസ്റ്റേജ് 150 ഡോളർ. ആകെ 400 ഡോളർ. പണവും ബയോഡേറ്റയും ഫോട്ടോയും ഉടൻ അയച്ചുതരിക. ഇനി ഇത്തരമൊരു അവാർഡ് 3001ൽ മാത്രമേ നൽകുകയുള്ളൂ.

ഈ സഹസ്രാബ്ദത്തിലെ സ്റ്റാറായി കമ്പ്യൂട്ടർ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. എന്ത തിശയമേ...... ഇത്രത്തോളം ആകാൻ ഞാൻ എന്തുള്ളൂ... സ്തോത്രം, ഹാലേലൂയ്യാ. കത്തിന്റെ ഫോട്ടോ കോപ്പി സഹിതം നിങ്ങൾ ഈ വാർത്ത സകല പത്രങ്ങൾക്കും അയച്ചു കൊടുക്കും. നിങ്ങളുടെ ഫോട്ടോ സഹിതം ഈ വാർത്ത പത്രങ്ങളിൽ വരും. ചില അനുമോദന സമ്മേളനങ്ങളൊക്കെ നടന്നെന്നു വരും. നടന്നില്ലെങ്കിൽ സ്വന്തം പണം മുടക്കി നിങ്ങൾ നടത്തണം.

നിങ്ങൾ ബയോഡേറ്റയും ഫോട്ടോയും പണവും അയച്ചു കൊടുക്കും. എന്നിട്ടു പുസ്തകം വരുന്നതും കാത്തിരിക്കും. പക്ഷേ പുസ്തകം ഒരുനാളും വരുകയില്ല. എന്നാൽ ഇക്കൂട്ടത്തിൽ ചില മാന്യൻമാരുണ്ട്. അവർ പുസ്തകം അച്ചടിക്കുകയും നിങ്ങൾക്ക് അയച്ചു തരികയും ചെയ്യും. നിങ്ങൾ ഉൾപ്പെടെ, പണം കൊടുത്ത സകല വിഡ്ഢികളുടേയും ഫോട്ടോ ബയോഡേറ്റ സഹിതം പുസ്തകത്തിലുണ്ടാകും. നിങ്ങൾ പണം അയച്ചു കൊടുത്തില്ലെങ്കിലോ? നിങ്ങളുടെ പേരുപോലും പുസ്തകത്തിൽ കാണില്ല. ആ വിവരം നിങ്ങൾ അറിയുകയുമില്ലല്ലോ. പുസ്തകത്തിന്റെ അച്ചടിക്കൂലി എട്ടോ പത്തോ ഡോളർ മാത്രമേ വരൂ. പോസ്റ്റേജും ഏറെ ക്കുറെ അത്രയുമാകും. ചുരുക്കത്തിൽ, പോസ്റ്റേജടക്കം 25 ഡോളർ ചെലവു വരുന്ന പുസ്തകമാണ് 400 ഡോളർ ചെലവാക്കി നിങ്ങൾ വാങ്ങിയത്. എന്നാലും നഷ്ടമില്ല, ഈ ചുമ്മാ അവാർഡിന്റെ കഥ പറഞ്ഞും തെളിവിനായി പുസ്തകം കാണിച്ചും നിങ്ങൾക്കു ഞെളിയാം.

സഹസ്രാബ്ദം എന്നത് ആയിരം വർഷത്തിൽ ഒരിക്കലേ ഉള്ളൂ. അതുകൊണ്ട് ചിലർ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയവർക്കാണ് അവാർഡ് കൊടുക്കുന്നത്. ചിലർ അങ്ങേയറ്റം താഴും. അവർ 'മാൻ ഓഫ് ദി ഇയർ' അവാർഡാകും കൊടുക്കുക. പക്ഷേ ലോകമെമ്പാടുമായി ഇത്തരം ആയിരക്കണക്കിന് അവാർഡ് ജേതാക്കൾ കാണുമെന്നു മാത്രം.

ഒരിക്കൽ അവാർഡ് ലഭിച്ചവർക്ക് മറ്റു നിരവധി അവാർഡുകൾ കിട്ടുമെന്നതാണ് രസകരമായ മറ്റൊരു സംഗതി. അവാർഡ് ഏതായാലും അതു കൈയ്യിൽ കിട്ടാൻ കുറച്ചധികം പണം നിങ്ങൾ മുടക്കേണ്ടതായി വരും. ഇത്തരം അവാർഡുകളേപ്പറ്റി കൂടുതൽ അറിയാൻ ആഗ്രഹമുള്ളവർ ഗൂഗിളിൽ "'fake awards" എന്നു ടൈപ്പ്ചെയ്തു സേർച്ച് ചെയ്യുക.

ഈ പറഞ്ഞതൊക്കെ അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും കാര്യങ്ങളല്ലേ. അതുകൊണ്ട് നമുക്കെന്തു പ്രയോജനം? പറയാം: ഇത്തരം അവാർഡുകൾ വാങ്ങി നിങ്ങൾക്കു വലിയവനായി ഞെളിഞ്ഞു നടക്കാം. ഹാലേലൂയ്യാ ഡയറക്ടറിയിൽ ഫോട്ടോ സഹിതം ബയോഡേറ്റ കൊടുക്കുമ്പോൾ ഇത്തരം അവാർഡുകൾ കിട്ടിയ 'കദന' കഥകളും ഉൾപ്പെടുത്താം.

ഇനി രണ്ടാമത്തെ പ്രയോജനം: നിങ്ങൾക്കും ഇത്തരം ഒരു ബിസിനസ്സ് വിജയകരമായി നടത്താൻ കഴിയും. അതിലൂടെ പണം വാരിക്കൂട്ടാം.

ഈ ലേഖനത്തിന്റെ പ്രാരംഭത്തിൽ പറഞ്ഞതുപോലെ ഒരു ട്രസ്റ്റോ സൊസൈറ്റിയോ സ്ഥാപനമോ നിങ്ങൾക്കുണ്ടെങ്കിൽ ഇത്തരം തട്ടിപ്പു നടത്താൻ എളുപ്പമാണ്. അങ്ങനെയൊന്നും ഇല്ലെങ്കിൽ വെറുതെ ഒരു പേരിട്ട് പ്രവർത്തനം തുടങ്ങിയാൽ മതി. പക്ഷേ പേര് ഗംഭീരമായിരിക്കണം. ജീസസ് ഫൗണ്ടേഷൻ, യോവേൽ ഇൻസ്റ്റിറ്റ്യൂട്ട്, ഗോസ്പൽ നെറ്റ്‌വർക്ക് ഇന്റർനാഷണൽ എന്നിങ്ങനെയൊക്കെ പേരിടാം.

നല്ല ഒരു പേരു കണ്ടു പിടിച്ചു കഴിഞ്ഞാൽ ബിസിനസ്സ് ആരംഭിക്കാം. ഏതൊക്കെ രംഗത്താണു ബിസിനസ്സ് നടത്താൻ ഉദ്ദേശിക്കുന്നതെന്നു പ്രാരംഭത്തിൽത്തന്നെ തീരുമാനിക്കണം. അവാർഡ് ദാനം നല്ല ബിസിനസ്സാണ്. ഡോക്ട്രേറ്റ് വ്യവസായവും മോശമല്ല. ജീവചരിത്ര പ്രസിദ്ധീകരണവും നടത്താം. നിങ്ങൾക്കു പ്രയോജനമാകട്ടെ എന്നു കരുതി ഈ മൂന്നു തട്ടിപ്പുകളേക്കുറിച്ചും വിശദീകരിക്കയാണ്.

**അവാർഡ് ദാനം**

നിരവധി ആളുകൾ വിജയകരമായി പരീക്ഷിച്ച പരിപാടിയാണിത്. അവാർഡ് കിട്ടുന്നവനും കൊടുക്കുന്നവനും സന്തോഷമുണ്ടാകുന്നു.

നിങ്ങൾ നൽകാൻ ഉദ്ദേശിക്കുന്ന അവാർഡിന് ഉശിരൻ ഒരു പേരു കണ്ടു പിടിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. ക്രൈസ്തവ രത്നം, ഭക്തശ്ശിരോമണി, സുവിശേഷമാണിക്യം, അജപാലനനിപുണൻ, ദേവശാസ്ത്ര പാരംഗതൻ എന്നൊക്കെ ആകാം. പേരിന്റെ അർത്ഥം ആർക്കും പിടികിട്ടാതിരുന്നാൽ ഏറെ നല്ലത്.

അവാർഡ് വാങ്ങാനുള്ള ആളുകളെ കണ്ടെത്തുകയാണ് അടുത്ത പടി. വേണ്ടതിലധികം പണം കൈവശമുള്ള ഏതെങ്കിലും പൊങ്ങപ്പോഴനെ ലക്ഷ്യമിടുക. ശ്രീമാൻ പോഴനെ നിങ്ങൾ സമീപിക്കുന്നു. ഈ മാന്യ ദേഹത്തിന്റെ സംഭാവനകളെ മാനിച്ച് 'ക്രൈസ്തവശ്ശിരോമണി' എന്നൊരു അവാർഡ് നൽകാൻ നിങ്ങൾ തീരുമാനിച്ചതായി അറിയിക്കുക. സംഭാവന എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നത് ഈ വിഡ്ഢി നിങ്ങൾക്കു നൽകാൻ പോകുന്ന പണമാണ്. ക്രൈസ്തവശ്ശിരോമണി എന്നത് യഥാർത്ഥത്തിൽ മണ്ടശ്ശിരോമണി എന്നതിന്റെ പര്യായവുമാണ്.

പോഴനുമായി സംസാരിച്ച് കച്ചവടം ഉറപ്പിക്കണം. 25,000 രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് അവാർഡായി നൽകുന്നത്. അതിനായി പോഴൻ ഒരുലക്ഷം രൂപ നിങ്ങൾക്കു തരണം. ഫലകവും പ്രശസ്തി പത്രവും നിങ്ങൾ ഉണ്ടാക്കുമെങ്കിലും അവാർഡ് തുക ഉൾക്കൊള്ളുന്ന കവറിൽ വെള്ളക്കടലാസ്സ് മാത്രമേ നൽകൂ. സമ്മേളനം വിളിച്ചുകൂട്ടിയാകും അവാർഡ് ദാനം. എല്ലാറ്റിനും കൂടി ഇരുപതിനായിരമോ മുപ്പതി നായിരമോ ചെലവു വരും. അവാർഡ് കൊടുത്തു കഴിയുമ്പോൾ നല്ലൊരു തുക മിച്ചമായി നിങ്ങളുടെ കൈവശമുണ്ടാകും.

ഇത്തരം അവാർഡുകൾ അല്പംകൂടി ചുണയുള്ളതാക്കാൻ ഒരു വിദ്യയുണ്ട്. പോഴന് അവാർഡ് കൊടുക്കുന്ന കൂട്ടത്തിൽ മറ്റൊരാൾക്കുകൂടി അവാർഡ് കൊടുക്കുക. ആ വ്യക്തി ഏതെങ്കിലും രംഗത്തു പ്രശസ്തനായിരിക്കണം. രാഷ്ട്രീയ നേതാവോ എഴുത്തുകാരനോ ഒക്കെ ആയാൽ നന്ന്. സെക്യുലർ പത്ര ങ്ങളിൽ പ്രാധാന്യത്തോടെ വാർത്ത വരാൻ ഇതു സഹായകമാകും. കൂടാതെ, അവാർഡ് ദാനച്ചടങ്ങും കൊഴുക്കും. പക്ഷേ ഒരു പ്രശ്നമുണ്ട്. മേല്പടി ഉന്നതന് അവാർഡായി കാലിക്കവറോ വെള്ളക്കടലാസോ നൽകാനാവില്ല. പ്രഖ്യാപിച്ച അവാർഡ് തുക മുഴുവനും കൊടുക്കണം. അതുകൊണ്ട് പോഴനോടു തുക കൂട്ടിപ്പറയണം. ഒരു ലക്ഷം എന്നതിനു പകരം രണ്ടു ലക്ഷമെന്നു പറയണം. പോഴനല്ലേ, സമ്മതിക്കും. അവാർഡ് വിതരണം ചെയ്യാൻ വല്ല മന്ത്രിയെയോ തിരുമേനിയെയോ വിളിക്കുക.

ഇത്തരം അവാർഡ് കൊടുക്കുമ്പോൾ മോനായിയേപ്പോലെ ആക്രാന്തം കാണിക്കരുത്. മോനായി ആദ്യമൊക്കെ രണ്ടോ മൂന്നോ പേർക്ക് അവാർഡ് കൊടുത്തു നിർവൃതി അടയുകയായിരുന്നു ചെയ്തിരുന്നത്. പക്ഷേ പിന്നീട് ആർത്തി പെരുകി. അങ്ങനെ ഒറ്റയടിക്കു കൊടുക്കുന്ന അവാർഡുകളുടെ എണ്ണം പത്തും ഇരുപതും ഒക്കെയായി. അവാർഡ് വിതരണത്തിനു ഗവർണ്ണർ വരുമെന്നുവരെ പ്രഖ്യാപിച്ചു വിഡ്ഢിവേഷം കെട്ടി. മോനായി പറഞ്ഞതു വിശ്വസിച്ച് ഒരു അവാർഡ് ജേതാവ് വ്യാജ വാർത്ത കൊടുക്കുകവരെ ചെയ്തു. അവാർഡ് ദാനം നടക്കുന്നതിന് ഏതാനും ദിവസം മുൻപു പത്രമടിച്ചു. പത്രമിറങ്ങുന്നതിനു മുൻപ് അവാർഡ് ദാനം നടന്നിരിക്കും. അതുകൊണ്ട് ഗവർണ്ണർ അവാർഡ് വിതരണം ചെയ്തു എന്നു വാർത്ത അടിച്ചു. പക്ഷേ ഗവർണ്ണർ വന്നില്ല. ഏതായാലും ഈ കക്ഷിക്കു നാണമില്ലാത്തതു കൊണ്ട് നാണക്കേടുണ്ടായില്ല.

അവാർഡ് ദാനത്തിലൂടെ വലിയവനാകുന്നതെങ്ങനെ എന്ന് മനസ്സിലായിക്കാണുമല്ലോ. അവാർഡ് ലഭിക്കാൻ ആഗ്രഹിച്ചു നടക്കുന്നവരെ കണ്ടെത്തി അവാർഡ് കൊടുക്കുക. അവാർഡ് തുകയുടെ നാലോ അഞ്ചോ ഇരട്ടി വാങ്ങിയശേഷം അവാർഡായി കാലിക്കവറും പ്രശസ്തി പത്രവും ഫലകവും നൽകുക. ഇതൊരു സ്ഥിരം തൊഴിലാക്കിയാൽ നിങ്ങളുടെ ജീവിതം ധന്യമായി.

**ഡോക്ടറേറ്റ് വ്യവസായം**

വിദ്യാഭ്യാസ സ്ഥാപനം എന്നു തോന്നിക്കുന്ന ഒരു പേരു കണ്ടുപിടിച്ചശേഷം വേണം ഡോക്ടറേറ്റ് വ്യവസായം തുടങ്ങാൻ. അറിയപ്പെടുന്നതോ അത്ര അറിയപ്പെടാത്തതോ ആയ ആൾക്കാർക്കെല്ലാം ഡോക്ടറേറ്റ് പ്രഖ്യാപിച്ചുകൊണ്ടു കത്തയയ്ക്കുകയാണ് ആദ്യപടി. "നിങ്ങൾക്ക് ഞങ്ങൾ ഒരു ഡോക്ടറേറ്റ് നൽകാൻ തീരുമാനിച്ചിരിക്കുന്നു. താല്പര്യമുണ്ടെങ്കിൽ നിങ്ങളുടെ ബയോഡേറ്റ, മൂന്നു ഫോട്ടോ, ഫീസ് എന്നിവ സഹിതം ഉടൻ മറുപടി അയയ്ക്കുക." ഫീസ് എത്ര വാങ്ങണമെന്നു നിങ്ങൾ തന്നെ തീരുമാനിക്കുക. 1,000 രൂപ മുതൽ മുകളിലേക്ക് എത്ര വേണമെങ്കിലും പോകാം. ആളും തരവും കണ്ടു വാങ്ങുകയാണു ബുദ്ധി. എ.പി.എൽ, ബി.പി.എൽ., എന്നിങ്ങനെ രണ്ടുതരം റേഷൻ കാർഡുള്ളതുപോലെ 5000 രൂപയിൽ താഴെ തരാൻ കെല്പുള്ളവർ, അതിനു മുകളിൽ തരാൻ കഴിയുന്നവർ എന്നിങ്ങനെ ഒരു വിഭജനമാകാം. പണവും മറ്റും കൈയ്യിൽ കിട്ടിക്കഴിഞ്ഞാൽ ഉടൻ ഡോക്ടറേറ്റ് അയച്ചു കൊടുക്കുക. ചിലർക്ക് ബിരുദ ദാനച്ചടങ്ങു വേണമെന്നു നിർബ്ബന്ധമുണ്ടാകും. അങ്ങനെയുള്ളവരോട് അതിനു വേണ്ടി വരുന്ന പണത്തിന്റെ ഇരട്ടിയെങ്കിലും വാങ്ങി ചടങ്ങു സംഘടിപ്പിക്കുക. ഈ ചടങ്ങിൽ വച്ചു ഡോക്ടറേറ്റ് നൽകുക. പക്ഷേ ഒരു കാര്യം ശ്രദ്ധിക്കുക: ഡോക്ടറേറ്റ് ലഭിക്കുന്ന വ്യക്തി മനുഷ്യൻ തന്നെയാണെന്ന് ഉറപ്പാക്കിയശേഷം മാത്രം ഡോക്ടറേറ്റ് അയച്ചു കൊടുക്കുക. ഈ കാര്യം ശ്രദ്ധിച്ചില്ലെങ്കിൽ റ്റി.എസ്.ബാലന്റെ പട്ടിക്കും പൂച്ചയ്ക്കും ആർ.എസ്.സുരേഷ് ഡോക്ടറേറ്റ് കൊടുത്തു പുലിവാലു പിടിച്ചതുപോലെയുള്ള സംഭവങ്ങളുണ്ടാകും.

**ജീവചരിത്ര പ്രസിദ്ധീകരണം.**

മറ്റുള്ളവരുടെ ലഘു ജീവചരിത്രങ്ങൾ പ്രസിദ്ധീകരിച്ചും നിങ്ങൾക്കു പണമുണ്ടാക്കാൻ കഴിയും. അതിനു നിങ്ങൾ ജീവചരിത്രവുമായി ബന്ധമുള്ള ഒരു പേരു കണ്ടു പിടിക്കുക. "ഇന്റർനാഷണൽ ബയോഗ്രഫി

ഓഫ് എമിനന്റ് മെൻ” എന്നൊക്കെ പറയുന്നതുപോലെ ഒരു പേരു മതി. ഈ സാങ്കല്പിക സ്ഥാപനത്തിന്റെ പേരിൽ ലോകമെമ്പാടുമുള്ളവർക്ക് കത്തോ ഈമെയിലോ അയയ്ക്കുക. അവരെ എമിനന്റ് മാൻ ആയി തിരഞ്ഞെടുത്തെന്നും ബയോഡേറ്റ അയച്ചു തരണമെന്നും പുസ്തകത്തിന്റെ വില തരണമെന്നും മറ്റും കത്തിലുണ്ടാകണം. പണം തരുന്നവരുടെ ബയോഡേറ്റ മാത്രം ഉൾപ്പെടുത്തി പുസ്തകമുണ്ടാക്കി അയയ്ക്കുക.

## ഡിഫെൻഡർ - 2010 ജൂലൈ 16

മൂന്നു പതിറ്റാണ്ടു മുൻപു വരെ പെന്തക്കോസ്ത് കൺവൻഷനുകളിൽ ഗായകസംഘം എന്നൊന്നില്ലായിരുന്നു. വിശ്വാസികളും പാസ്റ്റർമാരും മറ്റും തമ്പേറിന്റെ അകമ്പടിയോടെ പാടുന്ന രീതിയാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് അതല്ല സ്ഥിതി. കൺവൻഷൻ എത്ര ചെറുതായാലും ഗായകസംഘം ഉണ്ടായിരിക്കണം. സംഘത്തിലുള്ളവർ രക്ഷിക്കപ്പെട്ടവരായിരിക്കണമെന്നില്ല. മറ്റു മതക്കാർ ആകുന്നതിനും തടസ്സമില്ല.

ഗായകസംഘങ്ങൾ കൺവൻഷനുകളുടെ അവിഭാജ്യ ഘടകമായതോടെ ഗായകസംഘങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായി. ഒരു കീബോർഡ് ഉള്ള ആർക്കും ഗായകസംഘം ഉണ്ടാക്കാമെന്നതാണ് ഇന്നത്തെ സ്ഥിതി. കീബോർഡ് വാടകയ്ക്കെടുത്താലും മതി. പാട്ടു പാടാൻ രണ്ടോ മൂന്നോ ആളുകളുണ്ടെങ്കിൽ ഓകേ. ഒരു സ്ത്രീശബ്ദം കൂടി ലഭിച്ചാൽ എല്ലാം തികഞ്ഞു.

പാടിപ്പതിഞ്ഞ പാട്ടുകൾ മാത്രം പാടുന്നവരാണ് ഒരു കൂട്ടർ. ഇത്തരക്കാരുടെ ഗാനമേള ഒരളവോളമെങ്കിലും സഹിക്കാം. പക്ഷേ പുതിയ പാട്ടെന്ന പേരിൽ അവതരിപ്പിക്കപ്പെടുന്ന സാധനങ്ങൾ അസഹനീയമാണെന്നു പറയാതെ വയ്യ.

നിങ്ങൾക്കും ഒരു ഗായകസംഘമുണ്ടാക്കാം. അടുത്ത കൺവൻഷൻ സീസണിൽ കൈ നിറയെ പണം വാരാം. അതിനുള്ള വഴി പറഞ്ഞുതരാം.

ഒരു കീബോർഡ് സംഘടിപ്പിക്കുകയാണ് ആദ്യം വേണ്ടത്. പണമുണ്ടെങ്കിൽ ഒരെണ്ണം വാങ്ങുക. അതിനു ബുദ്ധിമുട്ടുണ്ടെങ്കിൽ വാടകയ്ക്കെടുക്കുക. നിങ്ങൾക്കു പാടാൻ കഴിയുമെങ്കിൽ നല്ലത്. ഇല്ലെങ്കിലും പ്രശ്നമില്ല. രണ്ടോ മൂന്നോ ഗായകരെ ജോലിക്കെടുക്കണം. ഒരു പ്രോഗ്രാമിന് എത്ര രൂപ ഗായകർക്കു നൽകും എന്നു നിശ്ചയിക്കണം. ഒരു ഗായികയെക്കൂടി കിട്ടിയാൽ നന്ന്. ഈ ഗായകർ രക്ഷിക്കപ്പെട്ടവരായിരിക്കണമെന്നില്ല. മറ്റെന്തെങ്കിലും സംഗീതോപകരണം കൂടി ഉണ്ടെങ്കിൽ കൊള്ളാം. ഇല്ലെങ്കിൽ എല്ലാം കീബോർഡു കൊണ്ട് ഒപ്പിക്കാം. ഇനി റിഹേഴ്സൽ തുടങ്ങാം.

പഴയ പാട്ടുകൾ ജനങ്ങൾക്ക് ഇഷ്ടമാണ്. അതുകൊണ്ട് പഴയ പാട്ടുകൾ പരിശീലിക്കുന്നതു നല്ലതാണ്. പക്ഷേ പുതിയപാട്ടേ പാടൂ എന്നു നിർബ്ബന്ധമാണെങ്കിൽ ആയിക്കൊള്ളൂ. പുതിയ പാട്ട് എവിടെനിന്നു കിട്ടും? പറയാം.

പുതിയ പാട്ടുകളെ പ്രധാനമായി രണ്ടായി തിരിക്കാം. പഴയ പാട്ടുകളുടെ ട്യൂൺ സുന്ദരമായി മോഷ്ടിച്ച് അല്പം ഭേദഗതികളൊക്കെ വരുത്തി പുതിയ പാട്ടായി അവതരിപ്പിക്കുക. ഇങ്ങനെ ഉണ്ടാക്കുന്ന പാട്ടുകൾ ചിലപ്പോൾ ജനപ്രിയമായെന്നു വരാം. അവയുടെ ട്യൂണാണ് ഈ സ്വീകാര്യതയ്ക്കു കാരണം. പാട്ടും ട്യൂണും എല്ലാം പുതുതായി ഉണ്ടാക്കുന്നവരുമുണ്ട്. സംഗതി ഏതായാലും നിങ്ങൾക്കുതന്നെ പാട്ടുണ്ടാക്കാം.

പെന്തക്കോസ്ത് ഗാനങ്ങളിൽ സ്ഥിരമായി പ്രത്യക്ഷപ്പെടുന്ന വാക്കുകളുടെ ഒരു ലിസ്റ്റുണ്ടാക്കുക. അൻപതോ നൂറോ വാക്കുകൾ മതി. ഈ വാക്കുകൾ തിരിച്ചും മറിച്ചും ഇട്ടാൽ പാട്ടായി. ഇതാ ഒരു സാമ്പിൾ:
എന്നേശുവേ നീ അല്ലാതാരും
എനിക്കു സഹായമായില്ലല്ലോ....
നീ സഹായിച്ചില്ലെങ്കിൽ ഞാൻ
ശരിക്കും കറങ്ങിപ്പോകുമല്ലോ....
ഈ നാലു വരിക്ക് ട്യൂൺ കൊടുത്തു നോക്കൂ. ഒന്നാംതരം പല്ലവിയായി. ഇനി ചരണങ്ങളിലേക്കു കടക്കാം.
ഏലിയാവിനെ പോറ്റിയവനല്ലേ
കാക്കയെ അച്ചവൻ നീയല്ലേ
വിധവയെ ഒരുക്കിയതും നീതന്നെ
നാഥാ നീ എന്നെ മറന്നേക്കല്ലേ....
അർത്ഥം അങ്ങനെ നിറഞ്ഞു തുളുമ്പി നിൽക്കുകയാണ്. ഇതിനും ട്യൂണിടുക. അതു കഴിഞ്ഞ് അടുത്ത നാലു വരി ചമയ്ക്കാം.
എൻവീട്ടിൽ ആഹാരം കുറയല്ലേ
രോഗങ്ങളൊന്നും വരുത്തരുതേ
സകല സമൃദ്ധിയും തന്നിടേണേ
എല്ലാം കലക്കനാക്കിത്തരണേ...

എന്താ പോരെന്നുണ്ടോ? അടുത്ത കൺവൻഷൻ സീസണിലെ ഹിറ്റ് സാധനമാണിത്. നിധി പോലെ കാത്തു സൂക്ഷിക്കുക. ട്യൂണിട്ട് അലറുക.

ഇങ്ങനെ കുറെ പാട്ടുകൾ എഴുതി ഉണ്ടാക്കി പഠിക്കുക. വാക്കുകൾക്ക് അർത്ഥമുണ്ടോ, ഉപദേശപ്പിശകുണ്ടോ എന്നൊന്നും നോക്കേണ്ടതില്ല. ഉപകരണങ്ങളുടെ ബഹളത്തിനിടയ്ക്ക് വാക്കുകൾ വ്യക്തമാകാത്ത വിധം പാടിയാൽ മതി. ഇടയ്ക്കൊക്കെ യേശു, രക്ഷകൻ, ഇടയൻ, തിരുവചനം എന്നൊക്കെ ഉണ്ടായാൽ മതി. സംഗതി അത്യുഗ്രനാണെന്ന് ആരും സമ്മതിച്ചു പോകും.

നിങ്ങളുടെ ഗായക സംഘത്തിന് ഒരു പേരുവേണം. പാട്ടു മോശമായാലും പേരു കലക്കണം. തൽക്കാലം 'വിരുതൻ കോറസ്' എന്നൊരു പേരു സങ്കല്പിച്ചു മുൻപോട്ടു പോകാം.

കൺവൻഷൻ സീസണാണ് നിങ്ങളുടെ കൊയ്ത്തു കാലം. അതുകൊണ്ട് സീസണു മുമ്പായി നല്ല പരസ്യം കൊടുത്ത് ജനശ്രദ്ധ നേടണം. പെന്തക്കോസ്ത് പത്രങ്ങളിൽ പരസ്യം, അഭിമുഖം, സപ്ലിമെന്റ് തുടങ്ങിയവ കൊടുക്കണം. കൺവൻഷനോ ക്രൂസേഡോ നടത്താൻ ഇടയുള്ളവരെ മുൻകൂട്ടി കണ്ട് പരിചയപ്പെടണം. നല്ല ഒരു ബ്രോഷർ തയ്യാറാക്കുന്നതും ഗുണം ചെയ്യും. സ്വന്തമായി ഗായകസംഘമില്ലാത്ത പ്രസംഗകരെ കണ്ടു ചാക്കിടുന്നതും പ്രയോജനകരമാണ്. ഒരു പ്രോഗ്രാം പിടിച്ചു തന്നാൽ ആയിരം രൂപ എന്നിങ്ങനെ റേറ്റ് നിശ്ചയിച്ചാൽ പ്രസംഗകനും സന്തോഷമാകും.

ഒരു കൺവൻഷൻ എന്നതു കുറഞ്ഞപക്ഷം മൂന്നു ദിവസമെങ്കിലും ഉണ്ടാകും. ഒരാഴ്ച വരെ നീളുന്ന കൺവൻഷനുകളുമുണ്ട്. കൺവൻഷൻ തുടങ്ങുന്ന ദിവസം കാലേകൂട്ടി സ്ഥലത്തെത്തുക. കൺവൻഷൻ തീരുന്നതിന്റെ പിറ്റേന്നു മാത്രമേ മടങ്ങാവൂ. അതുവരെയുള്ള സകല ചെലവും കൺവൻഷൻ നടത്തുന്നവരുടെ വഹ. ഇറച്ചി, മീൻ തുടങ്ങിയവ സഹിതം ഉശിരൻ ശാപ്പാടു കിട്ടും. പറഞ്ഞുറപ്പിച്ച തുക കണക്കു പറഞ്ഞു വാങ്ങുകയും വേണം. ദൈവസ്നേഹമെന്നൊക്കെ പറഞ്ഞ് തുക കുറയ്ക്കാൻ ശ്രമിക്കുന്നവരുണ്ട്. അവരുടെ കെണിയിൽ വീഴരുത്. മാത്രമല്ല നിങ്ങൾക്കു ദൈവസ്നേഹമല്ല ദ്രവ്യസ്നേഹം മാത്രമാണല്ലോ ഉള്ളത്.

കൺവൻഷനു പാട്ടു പാടുന്നതിനുമുണ്ട് ചില ചട്ടവട്ടങ്ങളൊക്കെ. വെറുതെ അങ്ങു പാടിയാൽ പോരാ. ഓരോ പാട്ടിലും ഓരോ മുഖവുര വേണം. അവ ഓരോന്നും മുൻകൂട്ടി എഴുതി കാണാപ്പാഠം പഠിച്ചു വയ്ക്കണം. ഉദാഹരണത്തിന് മുകളിൽ പറഞ്ഞ പാട്ടാണ് പാടാൻ പോകുന്നതെങ്കിൽ അതിനുള്ള മുഖവുര ഇങ്ങനെയാകാം:

ദൈവാമഖളേ, ശ്രദ്ധിക്കുക. ഝീവിതത്തിന്റെ ഥോണി ഥുഴഞ്ഞുഥുഴഞ്ഞു നിങ്ങൽ ഥളരുകയാണോ? ആരും സഖായത്തിനില്ലെന്നു ഖേഴുകയാണോ? ഭയപ്പെടേണ്ട, ഫ്രമിച്ചുനേക്കേണ്ട. ഞാൻ നിന്റെ ഥൈവമാകുന്നു എന്ന് അറുളിച്ചെയ്തവൻ, ആമേൻ, ഗ്ലോറി, ഇഥാ നിങ്ങളോടു ഖൂടെയുണ്ട്. ഏലിയാവിന്റെ ഥൈവം, വിധവയുടെ ഥൈവം ഇതാ നിങ്ങളോടുകൂടി......

ഇങ്ങനെ മുഖവുരയും പാട്ടുമായി മുന്നേറുന്നതിനിടയിൽ കൺവൻഷൻ തുടങ്ങാനുള്ള സമയമാകും. ഇനിയാണു കലാശക്കൊട്ട്. എല്ലാവരേയും എഴുന്നേൽപ്പിച്ചു നിർത്തി പാട്ടു പാടിക്കണം. അവർത്തിച്ചു പാടി ആത്മാവിലാകാൻ പറ്റിയ പാട്ടു വേണം പാടാൻ. അങ്ങനെ എല്ലാവരേയും ആത്മാവിലാക്കി പാട്ടു നിർത്തുക. അടുത്ത കൊല്ലവും നിങ്ങളെത്തന്നെ വിളിക്കും. കൂടാതെ മറ്റു ചില ബുക്കിംഗ് അന്നുതന്നെ ലഭിക്കും.

ഗായകസംഘം പുരോഗമിക്കുന്ന മുറയ്ക്ക് ഉപകരണങ്ങളുടെ എണ്ണം കൂട്ടണം. ഒരു വാൻ സംഘടിപ്പിക്കാൻ കഴിഞ്ഞാൽ ഏറെ നന്ന്. മൈക്ക് സെറ്റും ജനറേറ്ററും മറ്റും സ്വന്തമായുണ്ടാക്കിയാൽ അതിനുള്ള വാടകകൂടി വാങ്ങാം. ഇതിനിടയിൽ ഗായികമാരുടെ എണ്ണം കൂട്ടണം. അതു കൊണ്ട് രണ്ടുണ്ടു ഗുണം: അങ്കവും കാണാം, താളിയുമൊടിക്കാം. പോലീസ് പിടിക്കാതെ സൂക്ഷിക്കണമെന്നുമാത്രം. എല്ലാ ഗായകർക്കും യൂണിഫോം കൊടുക്കണം. ടീമിലുള്ള എല്ലാവരും നിങ്ങളെ സാർ എന്നു വിളിക്കണമെന്നു ചട്ടമുണ്ടാക്കണം. പാട്ടോടൊപ്പം ഡാൻസും കൂടി ആയാൽ ശരിക്കും വിരുതൻ കോറസ്സാക്കും. ഡാൻസു കാണാൻ ആളുകൾ വന്നുകൂടും. നിങ്ങളുടെ ഗായക സംഘത്തിന്റെ ഡാൻസ് ആത്മാവിലുള്ള നൃത്തമാണെന്നു സ്റ്റണ്ട് ഇറക്കുകകൂടി ചെയ്താൽ ചതിയോടൊപ്പം വഞ്ചനയുമാകും. ഇതൊക്കെ വിശ്വസിക്കാൻ ആളുണ്ടാകും. ഏറെ താമസിയാതെ നിങ്ങൾ കോടീശ്വരനുമാകും.

നാട്ടിൽ പേരെടുത്തു കഴിഞ്ഞാൽ അല്പം വിദേശയാത്രയുമാകാം. ആദ്യമൊക്കെ ഗൾഫിൽ പര്യടനം നടത്തുക. ഗൾഫി ലുള്ള സാധുക്കളെ കബളിപ്പിക്കാൻ എളുപ്പമാണ്. നിങ്ങളുടെ ആവശ്യങ്ങൾ എണ്ണിയെണ്ണി പറയുക. ദൈവനാമത്തെ പ്രതി നിരവധി ആളുകൾ സഹായിക്കും. അമേരിക്കൻ വിസ കിട്ടാൻ ബുദ്ധിമുട്ടാണ്. കിട്ടിയാൽ അമേരിക്കയിലും കറങ്ങണം.

നവംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിലാണു കേരളത്തിൽ കൺവൻഷനുകൾ നടക്കുന്നത്. അതുകൊണ്ട് ഈ സമയത്ത് മറ്റെങ്ങും പോകരുത്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലം വിദേശ പര്യടനത്തിന് ഉപയോഗിക്കാം. ഒക്ടോബറാകുമ്പോൾ മടങ്ങിയെത്തണം. എങ്കിൽ മാത്രമേ നവംബർ മുതലുള്ള കൺവൻഷനു ബുക്കിംഗ് സ്വീകരിക്കാൻ കഴിയൂ.

നിങ്ങൾ പാടുന്ന പാട്ടുകൾ സി.ഡിയിലാക്കിയാൽ അവ വിറ്റു കാശുണ്ടാക്കാം. പാട്ടു പാടുന്നതി നിടയ്ക്ക് ഒന്നോ രണ്ടോ വട്ടം അനൗൺസ് ചെയ്താൽ മതി. "സഹോദരങ്ങളേ, നിങ്ങൾ കേട്ടു കൊണ്ടി രിക്കുന്ന ഈ ഗാനശകലങ്ങളുടെ ഓഡിയോ സി.ഡികൾ ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക. വില നൂറു രൂഭാ മാത്രം" എന്നു പറയുകയേ വേണ്ടൂ. സി.ഡികൾ വിറ്റു പോകും. പൊതുജനം കഴുതയാണെ ന്നതുതന്നെ കാരണം.

പ്രിയ സഹോദരങ്ങളേ, എല്ലാ ഗായകസംഘവും ഇങ്ങനെയാണെന്നു കരുതരുത്. ദൈവനാമ മഹത്വം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരുണ്ട്. പക്ഷേ അങ്ങനെയുള്ളവരുടെ സംഖ്യ അനുദിനം കുറഞ്ഞു വരുകയാണ്. കള്ളനാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കുന്നു. ഈ സ്ഥിതി തുടർന്നാൽ പെന്തക്കോ സ്ത് കുട്ടിച്ചോറാകും.

## ഡിഫെൻഡർ - 2010 ആഗസ്റ്റ് 1

നിങ്ങൾക്കും വലിയവനാകാം എന്ന ഈ ലേഖനപരമ്പര ആരംഭിച്ചിട്ട് ഇപ്പോൾ എട്ടു മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇതിനോടകം 15 ലേഖനങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തു. ഡിസംബർ 16ന് പുറത്തി റങ്ങിയ ലക്കത്തിലാണ് ആദ്യ ലേഖനം പ്രസിദ്ധീകരിച്ചത്. സാക്ഷ്യം, പ്രസംഗം, രോഗശാന്തി, ആത്മവിവശത, പ്രവചനം, ഉപവാസം, പത്രം, വിദേശപര്യടനം, സംഘടന, അവാർഡ് ദാനം, ഗായകസംഘം എന്നിവയിലൂടെ എങ്ങനെ വലിയവനാകാം എന്നു വിവരിച്ചു കഴിഞ്ഞു. ആത്മീയ ലോകത്തെ പ്രധാന തട്ടിപ്പുകളെല്ലാം വിശദീകരിച്ചു കഴിഞ്ഞതിനാൽ ഈ ലേഖന പരമ്പര ഇനി നീട്ടേണ്ടതില്ല. എങ്കിലും ഉപസംഹാരം എന്ന നിലയ്ക്കു ചില കാര്യങ്ങൾ കൂടി പറയേണ്ടതുണ്ട്.

ഹൃദയവേദനയോടെയാണ് ഞാൻ (റ്റി.എസ്.ബാലൻ) ഈ ലേഖന പരമ്പര എഴുതിയത്. ദൈവ നാമത്തിൽ നടക്കുന്ന തട്ടിപ്പുകൾ കണ്ടും കേട്ടും മനസ്സു മടുത്തു. ഇതിനെതിരെ ആരും പ്രതികരിക്കുന്നില്ല എന്ന ദു:ഖസത്യവും ഞാൻ കണ്ടു. പ്രശ്നത്തിന്റെ ഗൗരവം ദൈവമക്കളെ ബോദ്ധ്യപ്പെടുത്താനാണ് ഇത്രയും എഴുതിയത്.

സാക്ഷ്യം എന്ന വിഷയമാണ് ആദ്യ ലേഖനത്തിൽ പരാമർശിച്ചത്. സുവിശേഷീകരണത്തിൽ അനുഭവസാക്ഷ്യങ്ങൾക്കുള്ള സ്ഥാനം നിസ്തുലമാണ്. പക്ഷേ നല്ല നിലയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഈ രംഗത്ത് വ്യാജൻമാർ കടന്നു കയറി സാധുക്കളെ വഞ്ചിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. പുതുപ്പള്ളിയച്ചനും ലാലച്ചനും നസീല ബീവിയും മറ്റും നടത്തിയ ജനവഞ്ചന തന്നെ നല്ല ഉദാഹരണം. സാക്ഷ്യമെന്ന പേരിൽ കേൾക്കുന്നതെല്ലാം കണ്ണടച്ചു വിശ്വസിക്കരുത് എന്നു ദൈവമക്കളെ ബോദ്ധ്യപ്പെ ടുത്താൻ ഈ ലേഖനം ഉപകരിച്ചു എന്നു വായനക്കാരുടെ പ്രതികരണത്തിൽ നിന്നു മനസ്സിലായി.

ജനുവരി 1, 16, ഫെബ്രുവരി 1 എന്നീ ലക്കങ്ങളിൽ പ്രസംഗത്തേക്കുറിച്ചാണ് വിവരിച്ചത്. പ്രസംഗ ത്തിലൂടെയാണ് സുവിശേഷം ആദ്യകാലം മുതൽ പ്രചരിച്ചത്. പ്രസംഗത്തിന്റെ ഭോഷത്വത്താൽ ജനത്തെ രക്ഷയിലേക്കു നടത്താൻ ദൈവം പദ്ധതിയൊരുക്കി എന്നതാണു സത്യം. സത്യ സുവിശേഷം പ്രസംഗിക്ക പ്പെട്ടാൽ ജനം വിടുവിക്കപ്പെടും എന്നു മനസ്സിലാക്കിയ സാത്താൻ വ്യാജ പ്രസംഗകരെക്കൊണ്ടു പെന്ത ക്കോസ്ത് സഭകളെ നിറച്ചു. അങ്ങനെയാണ് കെ.സി.ജോണും കെ.എ.ഏബ്രഹാമും സുരേഷ് ബാബുവും എം.എ.വർഗീസും മറ്റും പ്രസംഗകരായത്. ഇവർ പ്രസംഗിക്കുന്നതാണു സുവിശേഷം എന്നു ജനം തെറ്റിദ്ധരിച്ചു. സത്യ സുവിശേഷം പ്രസംഗിച്ചിരുന്നവർ പോലും ഇവരെ അനുകരിച്ചു. അങ്ങനെ മറ്റൊരു സുവിശേഷം പെന്തക്കോസ്തിൽ വേരുറപ്പിച്ചു. ഈ വിപത്തിനെതിരെയാണ് മൂന്നു ലക്കം നീളുന്ന ലേഖനമെ ഴുതിയത്. ജനവഞ്ചന നടത്താൻ വ്യാജൻമാർ ഉപയോഗിക്കുന്ന തന്ത്രങ്ങൾ തുറന്നുകാട്ടാൻ ഈ ലേഖനങ്ങൾ സഹായകമായി.

സുവിശേഷം പ്രസംഗിക്കുന്നതിനു പകരം ശാസ്ത്രം പ്രസംഗിച്ചു ഷൈൻ ചെയ്യുന്നവർക്കെതിരെയും എഴുതേണ്ടതായിവന്നു. പ്രസംഗിച്ചു വരുന്ന വിഷയവുമായി ബന്ധപ്പെട്ട് ചിലപ്പോൾ ശാസ്ത്രമോ ചരിത്രമോ പറയേണ്ടതായി വരും. അതു തെറ്റാണെന്നു പറയാനുമാവില്ല. പക്ഷേ അതല്ല ചിലർ ചെയ്യുന്നത്. തോമസ് മാമ്മന്റെ പ്രസംഗം ഉദാഹരണമായെടുക്കാം. ശാസ്ത്രസംബന്ധമായ ചില പുസ്തകങ്ങൾ വായിച്ചു പഠിച്ച ശേഷം ദൈവവചനമെന്ന പേരിൽ ശാസ്ത്രം പ്രസംഗിക്കുന്നു. ഇതാണു ദൈവവചനം എന്നു സാധുക്കൾ തെറ്റിദ്ധരിക്കുന്നു. പ്രസംഗകന്റെ പാണ്ഡിത്യത്തിൽ അത്ഭുതപ്പെടുന്നു. പക്ഷേ ദൈവവചനത്തിനുള്ള ശക്തി ശാസ്ത്രത്തിനില്ല. ജ്ഞാനത്തിന്റെ വശീകരണ വാക്കുകൾ ആരെയും രക്ഷിക്കുകയുമില്ല. അതുകൊണ്ട് ഇത്തരം വ്യാജ പണ്ഡിതർക്കെതിരെ എഴുതേണ്ടതായിവന്നു.

രോഗശാന്തി എന്ന വിഷയത്തെക്കുറിച്ചാണ് തുടർന്നുള്ള രണ്ടു ലക്കങ്ങൾ എഴുതിയത്. ഒന്നാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന എല്ലാ കൃപാവരങ്ങളും ഇരുപത്തൊന്നാം നൂറ്റാണ്ടിലും നിലനിൽക്കുന്നു. പക്ഷേ കൃപാവരങ്ങളുടെ, വിശേഷിച്ചും രോഗശാന്തി, പ്രവചനം തുടങ്ങിയവയുടെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ

ഏറെയാണ്. ആത്മവിവശത എന്ന പേരിൽ നടക്കുന്ന വീഴ്ത്തൽ ശുശ്രൂഷയും തട്ടിപ്പാണ്. ഈ തട്ടിപ്പുകൾ എങ്ങനെ നടത്തുന്നു എന്നു മാർച്ച്-ഏപ്രിൽ ലക്കങ്ങളിൽ വിശദീകരിച്ചു. അത്ഭുത രോഗശാന്തി എന്ന പേരിൽ നടക്കുന്ന കലാപരിപാടികൾ ശുദ്ധ തട്ടിപ്പാണെന്നു തെളിയിക്കാൻ ഈ ലേഖന പരമ്പരയ്ക്കു കഴിഞ്ഞു എന്നു മാത്രമല്ല അല്പം ചങ്കൂറ്റമുള്ള ആർക്കും ഇത്തരം രോഗശാന്തി ശുശ്രൂഷകൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുകയും ചെയ്തു.

ഉപവാസത്തിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകളേക്കുറിച്ചാണ് മെയ് ആദ്യ ലക്കത്തിൽ പറഞ്ഞത്. ദൈവസന്നിധിയിൽ സ്വയം താഴ്ത്താനായി ഉപവസിക്കുന്നതു നല്ലതാണെങ്കിലും ഇക്കാലത്തു നടക്കുന്ന ഉപവാസങ്ങളിൽ ഭൂരിപക്ഷവും ഇത്തരത്തിലുള്ളതല്ല. ഉപവാസമെന്നു പറയാറുണ്ടെങ്കിലും ആരും ഉപവസിക്കുന്നില്ല എന്നതാണ് ഏറ്റവും രസകരമായ കാര്യം.

മെയ് 16 ലക്കത്തിൽ വ്യാജ പത്രപ്രവർത്തനത്തിലൂടെ സമ്പന്നരാകുന്നതെങ്ങനെ എന്നു വ്യക്തമാക്കി. ഏതു കൂട്ടക്ഷര വൈരിക്കും പത്രം നടത്താം എന്നതാണ് പെന്തക്കോസ്തിലെ സ്ഥിതി. മാസത്തിൽ ഒരിക്കൽ ഇറക്കുന്ന ഒരു പത്രം കൈവശമുണ്ടെങ്കിൽ പരസ്യം പിടിച്ചും സപ്ലിമെന്റിറക്കിയും നേതാക്കൻമാർക്കു സ്തുതി പാടിയും ജീവിക്കാം.

ജൂൺ ആദ്യ ലക്കം വിദേശപര്യടനത്തേക്കുറിച്ചാണു വിശദീകരിച്ചത്. വിദേശത്തുള്ള ദൈവമക്കളെ കബളിപ്പിച്ചു പണക്കാരാകാൻ വ്യാജ പാസ്റ്റർമാർ നടത്തുന്ന തന്ത്രങ്ങളേക്കുറിച്ചു വിവരിച്ചത് പല വ്യാജൻമാർക്കും വിനയായി എന്ന് അറിയാൻ കഴിഞ്ഞു.

സൊസൈറ്റികളും ട്രസ്റ്റുകളും മറ്റും ഉണ്ടാക്കി പണം തട്ടുന്നതെങ്ങനെ എന്നായിരുന്നു ജൂൺ 16 ലക്കത്തിൽ വിശദീകരിച്ചത്. മിനിസ്ട്രി എന്ന പേരിൽ നടത്തപ്പെടുന്ന ഭൂരിപക്ഷം സംഘടനകളും ഈ തരത്തിലുള്ള തട്ടിപ്പുകളാണ് നടത്തുന്നത്. ഇത്തരം കടലാസ്സ് സംഘടനകൾക്കു പണം കൊടുക്കുന്ന പരിപാടി ദൈവമക്കൾ ഒഴിവാക്കണം.

അവാർഡ് നൽകി പണമുണ്ടാക്കുന്ന പരിപാടി പെന്തക്കോസ്തിൽ മാത്രമേ കാണൂ. മോനായിയെപ്പോലുള്ളവർ ഒറ്റയടിക്ക് രണ്ടു ഡസൻ അവാർഡുകൾ വരെ വാരി വിതറി ചരിത്രം സൃഷ്ടിക്കുകയുണ്ടായി. ഇത്തരം അവാർഡുകൾ നൽകി പണമുണ്ടാക്കുന്നതെങ്ങനെ എന്ന് ജൂലൈ ആദ്യ ലക്കത്തിൽ വ്യക്തമാക്കി. അവാർഡുകൾ കൊടുക്കുന്നവരും വാങ്ങുന്നവരും ഡിഫെൻഡറിന്റെ ശത്രുക്കളാകാൻ ഇതു വഴിവച്ചു.

ഡോക്ടറേറ്റ് വിറ്റ് പണമുണ്ടാക്കുന്നതെങ്ങനെ എന്നും ജൂലൈ 1 ലക്കത്തിൽ വിശദീകരിച്ചു. പെന്തക്കോസ്തിലെ ഡോകളിൽ ഭൂരിപക്ഷവും ഇത്തരം ചുമ്മാ ഡോകളാണ് എന്ന വസ്തുത ഡിഫെൻഡർ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിട്ടും കെ.സി.ജോണിനെപ്പോലുള്ളവർ ചുമ്മാഡോയുമായി നടക്കാൻ ലജ്ജിക്കുന്നില്ല.

ഗായകസംഘം ഉണ്ടാക്കി പണക്കാരനാകുന്നതെങ്ങനെ എന്ന വിഷയമാണ് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വിശദീകരിച്ചത്. എന്തെങ്കിലും വോയിസ് എന്നോ കോറസ് എന്നോ പേരിട്ട് ഒരു ടീം തട്ടിക്കൂട്ടിയാൽ കുശാലായി. ഇത്തരം ഗായക സംഘങ്ങൾ നടത്തുന്ന തട്ടിപ്പ് ദൈവമക്കൾ തിരിച്ചറിയണം.

പെന്തക്കോസ്തിൽ നടമാടുന്ന തട്ടിപ്പുകളിൽ പ്രധാനപ്പെട്ടവ മാത്രമേ വിവരിക്കാൻ കഴിഞ്ഞുള്ളൂ. ചെറുതും വലുതുമായ മറ്റു നിരവധി തട്ടിപ്പുകളും പെന്തക്കോസ്തിൽ നടക്കുന്നുണ്ട്. അവ ഒന്നൊന്നായി വിവരിക്കാൻ തുനിഞ്ഞാൽ നിരവധി പേജുകൾ അതിനായി നീക്കി വയ്ക്കേണ്ടതായി വരും. പക്ഷേ ആത്മീയ തട്ടിപ്പുകളേക്കുറിച്ച് ഒരു ഏകദേശ രൂപം കിട്ടാൻ ഇത്രയും മതിയാകും. അതുകൊണ്ട് ഈ ലേഖന പരമ്പര ഈ ലക്കത്തോടെ അവസാനിപ്പിക്കുകയാണ്.

ഈ ലേഖനങ്ങൾ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കണം എന്നു നിരവധി വായനക്കാർ എന്നോട് ആവശ്യപ്പെടുകയുണ്ടായി. പക്ഷേ അതിനുള്ള പണം ഇപ്പോൾ എന്റെ കൈവശമില്ല. അതുകൊണ്ട് തത്ക്കാലം ഇതു പുസ്തകമാക്കുന്നില്ല. ഭാവിയിൽ ഇതു പുസ്തകമായി പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നതാണ്. പക്ഷേ ഈ ലേഖന പരമ്പര എ.4 വലിപ്പത്തിൽ പി.ഡി.എഫ് ഫോമിലാക്കിയിട്ടുണ്ട്. (അതാണ് നിങ്ങൾ ഇപ്പോൾ വായിച്ചുകൊണ്ടിരിക്കുന്നത്). ഡിഫെൻഡറിന്റെ വെബ് സൈറ്റിൽ Books by T.S. Balan എന്ന ലിങ്കിൽ ഇതു ലഭിക്കും. ഈ ഫയൽ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാം.

ദൈവവേലയുടെ മറവിൽ നടക്കുന്ന തട്ടിപ്പുകളെ തുറന്നു കാട്ടുന്നതിനുവേണ്ടിയാണ് ഞാൻ ഈ ലേഖന പരമ്പര എഴുതിയത്. എന്റെ ശ്രമം ഒരളവോളമെങ്കിലും വിജയിച്ചു എന്നു കാണുന്നതിൽ സന്തോഷമുണ്ട്. ദൈവത്തെയും ദൈവവേലയെയും സ്നേഹിക്കുന്നവർക്ക് വ്യാജൻമാരെ തിരിച്ചറിയുന്നതിന് ഈ ലേഖനപരമ്പര സഹായകമായി.

ദൈവദാസൻമാരെ ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. പക്ഷേ ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന വ്യാജൻമാരെ സഹിക്കാനും വഹിക്കാനും ഞാൻ തയ്യാറല്ല. ഇത്തരത്തിലുള്ള ഒരുവനോടു പൗലോസ് പറഞ്ഞതു പോലെ മാത്രമേ എനിക്കും പറയാൻ കഴിയൂ: “സകല കപടവും സകല ധൂർത്തും നിറഞ്ഞവനേ, പിശാചിന്റെ മകനേ, സർവ്വ നീതിയുടെയും ശത്രുവേ, കർത്താവിന്റെ

നേർവഴികളെ മറിച്ചുകളയുന്നത് നീ മതിയാക്കുകയില്ലയോ?" ഇങ്ങനെയൊന്നും ദൈവദാസൻമാർ സംസാരിക്കാൻ പാടില്ല എന്നു വാദിക്കുന്നവരുണ്ടാകാം. പക്ഷേ ബൈബിളാണ് എന്റെ അളവുകോൽ.

കള്ളനോട്ടുള്ളതുകൊണ്ട് നല്ലനോട്ട് ഇല്ല എന്നു വരുന്നില്ല. നല്ല നോട്ട് ഉള്ളതുകൊണ്ടാണ് കള്ളനോട്ടു ചെലവാകുന്നത്. പെന്തക്കോസ്തിൽ നൂറു കണക്കിനു വ്യാജൻമാരുണ്ട്. പക്ഷേ ദൈവഹിതപ്രകാരം ദൈവവേല ചെയ്യുന്ന ദൈവദാസൻമാരുമുണ്ട്. യഥാർത്ഥ ദൈവദാസൻമാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതോടൊപ്പം വ്യാജൻമാരെ അകറ്റിനിർത്താനും നമുക്കു കഴിയണം. അതിന് ഈ ലേഖനം സഹായകമാകുന്നു എന്നറിയുന്നതിൽ സന്തോഷം.


## സി.ഡി. കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

ലൈബ്രറി സി.ഡികൾ:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542
Email: tsbalan@yahoo.com Phone: 9656432921